34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 12, 2026 Vol. XXXIV No. 02



BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY FINANCIAL STRATEGIES, LLC

Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds



www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.

SECURE TAX SERVICES
DBA Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone: 630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing

LIFE MEMBER MILLION DOLLAR ADVOCATES FORUM The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients
Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 2026–ലെ ആദ്യവിക്ഷേപണം പരാജയം
9 ഫോമായുടെ പങ്കാളിത്തം അത്ഭുതകരം
15 ഡബ്ല്യുഎംസി ഹൂസ്റ്റൺ സംഗമം വർണ്ണാഭമായി
18 'അമ്മയോടൊപ്പം' ചരിത്രവിജയമായി
23 75 പിന്നിട്ട ഒരു ദാമ്പത്യകാവ്യം




ഫോമാ കേരളാ കൺവൻഷൻ ജലവിഭവ വകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു. ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര തുടങ്ങിയവർ സമീപം.

# രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ ജയിലിലായി

പത്തനംതിട്ട: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ അറസ്റ്റിലായി. കോട്ടയം സ്വദേശിനിയുടെ പീഡനപരാതിയിലാണ് എംഎൽഎയെ അപ്രതീക്ഷിതമായി പ്രത്യേക അന്വേഷണസംഘം അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തത്. നേരത്തെയുണ്ടായ രണ്ട് പീഡനക്കേസുകളിൽ കോടതി മുഖേന ജാമ്യം നേടി പ്രവർത്തനമേഖലയിൽ വീണ്ടും സജീവമായ രാഹുലിനെ സ്വന്തം മണ്ഡലമായ പാലക്കാട്ടു നിന്നാണ് ഞായറാഴ്ച പുലർച്ചെ പോലീസ് കസ്റ്റഡിയിലെടുത്തത്. അറസ്റ്റിലായ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ പത്തനംതിട്ട ജില്ലാ മജിസ്ട്രേട്ടിനു മുന്നിൽ ഹാജരാക്കി. മജിസ്ട്രേട്ട് കോടതി 14 ദിവസത്തേക്ക് രാഹുലിനെ റിമാൻഡ് ചെയ്യുകയും ചെയ്തു. ജാമ്യാപേക്ഷ നല്കിയിരുന്നെങ്കിലും അത് പരിഗണിക്കുന്നത് നീട്ടിവെച്ചിരിക്കുകയാണ്.



അതീവ രഹസ്യമായി നീങ്ങിയ പ്രത്യേക അന്വേഷണസംഘം പാലക്കാട്ടെ കെപിഎം റീജൻസി ഹോട്ടലിൽ നിന്ന് പുലർച്ചെ 12.30–ഓടെയാണ് രാഹുൽ മാങ്കൂട്ടത്തിലിനെ പിടികൂടിയത്. ഇ-മെയിൽ വഴി ലഭിച്ച പുതിയ ബലാത്സംഗ പരാതിയിലാണ് അറസ്റ്റ്. പത്തനംതിട്ട എആർ ക്യാമ്പിലെത്തിച്ച് അറസ്റ്റ് രേഖപ്പെടുത്തി ചോദ്യം ചെയ്യലിനുശേഷം പത്തനംതിട്ട മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കുകയായിരുന്നു. പുതിയ പരാതിയോടെ നിലവിൽ രാഹുലിനെതിരെ മൂന്നു കേസുകൾ ഉണ്ട്. ആദ്യകേസിൽ ഹൈക്കോടതി രാഹുലിന്റെ അറസ്റ്റ് തടഞ്ഞിരുന്നു. രണ്ടാം കേസിൽ വിചാരണക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു. ഇതിനിടെയാണ് രാഹുലിനെതിരെ മൂന്നാം പരാതി ലഭിച്ചത്. മുഖ്യമന്ത്രിക്കു ലഭിച്ച പരാതി ക്രൈംബ്രാഞ്ചിനു കൈമാറുകയായിരുന്നു.

പഴുതടച്ച പോലീസ് നീക്കത്തിലാണ് പാലക്കാട്ടെ സ്വകാര്യ ഹോട്ടലിൽ നിന്നും രാഹുലിനെ പിടികൂടിയത്. ഹോട്ടലിൽ എത്തിയ പോലീസ് ആദ്യം റിസപ്ഷനിലുള്ളവരുടെ ഫോണുകൾ പിടിച്ചെടുത്തു. പിന്നാലെ മുറിയിൽ മറ്റാരുമില്ലെന്ന് ഉറപ്പാക്കി 12.15–ഓടെ പോലീസ് മുറിയിലെത്തി 12.30–ന് കസ്റ്റഡി നടപടി പൂർത്തിയാക്കി പുലർച്ചയോടെ പത്തനംതിട്ട എ.ആർ ക്യാമ്പിലെത്തിക്കുകയായിരുന്നു. എഐജി ജി, പൂങ്കുഴിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം രാഹുലിനെ ചോദ്യം ചെയ്തു.

രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ ഒരു സ്ഥിരം (ശേഷം 34–ാം പേജിൽ)

## മോനിപ്പള്ളിയിൽ കാറും കെഎസ്ആർടിസി ബസും കൂട്ടിയിടിച്ച് മൂന്ന് പേർക്ക് ദാരുണാന്ത്യം

കോട്ടയം: മോനിപ്പള്ളിക്ക് സമീപം എംസി റോഡിൽ ഉണ്ടായ വാഹനാപകടത്തിൽ മൂന്ന് പേർക്ക് ദാരുണാന്ത്യം. മോനിപ്പള്ളിക്കും കൂത്താട്ടുകുളത്തിനുമിടയിൽ ആറ്റിക്കലിൽ വെച്ചായിരുന്നു അപകടം. കാറും കെഎസ്ആർടിസി ബസും കൂട്ടിയിടിക്കുകയായിരുന്നു. കാറിലുണ്ടായിരുന്ന മൂന്ന് പേരും സംഭവസ്ഥലത്ത്‌വെച്ചുതന്നെ മരിച്ചു. അപകടത്തിൽ മൂന്നു പേർക്ക് ഗുരുതരമായി പരുക്കേറ്റിട്ടുണ്ട്. രാവിലെ 11 മണിയോടെയായിരുന്നു അപകടം. ഏറ്റുമാനൂർ നീണ്ടൂർ ഓണംതുരുത്ത് കുറുപ്പൻ പറമ്പിൽ സുരേഷ് കുമാർ ആണ് മരിച്ചത്. കൂടെ ഉണ്ടായിരുന്ന സ്ത്രീയും കുട്ടിയും മരിച്ചു. ഇവരുടെ പേര് വിവരങ്ങൾ ലഭ്യമല്ല. മരിച്ചവർ മൂവാറ്റുപുഴ ഭാഗത്തുനിന്ന് ഏറ്റുമാനൂരിലേക്ക് വരികയായിരുന്നു. കോട്ടയം-കൂത്താട്ടുകുളം റൂട്ടിൽ സർവീസ് നടത്തുന്ന കെഎസ്ആർടിസി ഓർഡിനറി ബസാണ് കാറുമായി കൂട്ടിയിടിച്ചത്. കൂത്താട്ടുകുളത്ത്‌നിന്ന് അഗ്നിരക്ഷാസേന എത്തി കാർ വെട്ടിപൊളിച്ചാണ് യാത്രക്കാരെ പുറത്തെടുത്തത്.

# സ്വർണ്ണക്കൊള്ളയിൽ തന്ത്രി അറസ്റ്റിൽ

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ അറസ്റ്റിലായ തന്ത്രി കണ്ഠരര് രാജീവരും മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയും തമ്മിൽ സാമ്പത്തിക ഇടപാടുകൾ നടന്നെന്ന് അന്വേഷണസംഘം കണ്ടെത്തിയതായി സൂചന. ഇതോടെ തന്ത്രിയുടെ ഇടപാടുകളിലൂന്നി പ്രത്യേകസംഘം അന്വേഷണം തുടങ്ങി. ശബരിമലയിൽ നിന്ന് സ്വർണം അപഹരിക്കാൻ പോറ്റിയെ സഹായിച്ചതിന്റെ പ്രതിഫലമാണോ തന്ത്രി കൈപ്പറ്റിയതെന്നാണ് പരിശോധിക്കുന്നത്.

തന്ത്രിയുടെ ചെങ്ങന്നൂർ മുണ്ടൻകാവിലെ വീടായ താഴമൺ മഠത്തിൽ ജനുവരി 10–ന് ശനിയാഴ്ച എസ്ഐടി പരിശോധന നടത്തി. ബാങ്ക് നിക്ഷേപങ്ങൾ, ഇടപാടുകൾ, സ്വർണമുൾപ്പെടെയുള്ള നിക്ഷേപങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ സംഘം ശേഖരിച്ചു. സ്വർണം പൂശിയ കട്ടിളപ്പാളിയും ദ്വാരപാലകശില്പങ്ങളും ക്ഷേത്രത്തിൽനിന്ന് കൊണ്ടുപോയ 2019–നുശേഷമുള്ള പണമിടപാടാണ് പരിശോധിക്കുന്നത്. ശബരിമലയ്ക്കു പുറത്തുള്ള ഒട്ടേറെ ഇടപാടുകളിൽ മന്ത്രി കണ്ഠരര് രാജീവർക്കൊപ്പം പോറ്റിയുമുണ്ടായിരുന്നു. പല ക്ഷേത്രങ്ങളിലും തന്ത്രി എത്തിയത് ഉണ്ണികൃഷ്ണൻ പോറ്റിയുടെ ശിപാർശയിലാണെന്നും അന്വേഷണസംഘം കണ്ടെത്തിയിട്ടുണ്ട്.



10–ന് ഉച്ചയ്ക്കുശേഷം 2.50–ഓടെയാണ് തന്ത്രിയുടെ വീട്ടിൽ എസ്ഐടി പരിശോധന തുടങ്ങിയത്. വൈകുന്നേരം നാലരയോടെ എസ്ഐടിയുടെ നിർദേശപ്രകാരം അപ്രൈസറെ പോലീസ് എത്തിച്ചു. സ്വർണ ഉരുപ്പടികളുടെ പരിശോധനയ്ക്കാണ് ഇയാളെ എത്തിച്ചതെന്നാണു സൂചന. രാത്രി 11–ഓടെ പരിശോധന പൂർത്തിയാക്കി. ശബരിമലയിലെ പഴയ കൊടിമരത്തിലുണ്ടായിരുന്ന വാജിവാഹനം സൂക്ഷിച്ചിട്ടുണ്ടെന്നും അത് ദേവസ്വം ബോർഡിനു തിരികെനൽകാൻ തയ്യാറാണെന്നുമുള്ള തന്ത്രിയുടെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽക്കൂടിയായിരുന്നു പരിശോധന. 10–ന് ജയിലിൽ വെച്ച് കണ്ഠരര് രാജീവർക്കു ദേഹാസ്വാസ്ഥ്യമുണ്ടാകുകയും ജനറൽ ആശുപത്രിയിലെ (ശേഷം 34–ാം പേജിൽ)

# ഐഎസ്ആർഒയുടെ 2026-ലെ ആദ്യവിക്ഷേപണം പരാജയം

ശ്രീഹരിക്കോട്ട: 2026-ലെ ഐഎസ്ആർഒയുടെ ആദ്യ ബഹിരാകാശ ദൗത്യം പരാജയം. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്നും കുതിച്ചുയർന്ന പിഎസ്എൽവി സി-62 (PSLV-C62) ഉപഗ്രഹങ്ങളെ നിശ്ചിത ഭ്രമണപഥത്തിൽ എത്തിക്കുന്നതിൽ പരാജയപ്പെട്ടുവെന്നാണ് റിപ്പോർട്ടുകൾ. ഡിആർഡിഒയുടെ തന്ത്രപ്രധാന ഉപഗ്രഹമായ 'അന്വേഷ' ($EOS-N_1$) ഉൾപ്പെടെ 16 ഉപഗ്രഹങ്ങളും ദൗത്യത്തിൽ നഷ്ടമായെന്നാണ് സൂചന. വിശ്വസ്ത വിക്ഷേപണ വാഹനമായിരുന്ന പിഎസ്എൽവിയുടെ ചരിത്രത്തിലെ രണ്ടാമത്തെ പരാജയമാണിത്.

രാവിലെ 10.17-ന് ഒന്നാം വിക്ഷേപണത്തറയിൽനിന്ന് വാഹനം വിജയകരമായി കുതിച്ചുയർന്നുവെങ്കിലും അവസാന ഘട്ടത്തിൽ കാര്യങ്ങൾ കൈവിട്ടുപോവുകയായിരുന്നു. ഉപഗ്രഹങ്ങൾ വേർപെടേണ്ട സമയത്ത് (Satellite Separation) സിഗ്നലുകൾ ലഭിക്കാതായതോടെ മിഷൻ കൺട്രോൾ റൂമിൽ നിശബ്ദത പടർന്നു. തുടർന്ന് നടത്തിയ പരിശോധനകൾക്കൊടുവിലാണ് ദൗത്യം പരാജയപ്പെട്ടുവെന്ന തരത്തിലുള്ള സ്ഥിരീകരണം ഉണ്ടായത്. പരാജയത്തിന്റെ സാങ്കേതിക കാരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഐഎസ്ആർഒ പുറത്തുവിട്ടിട്ടില്ല.




ഇന്ത്യയുടെ പ്രതിരോധ ആവശ്യങ്ങൾക്ക് നിർണ്ണായകമാകുമായിരുന്ന ഡിആർഡിഒയുടെ 'അന്വേഷ' ($EOS-N_1$) എന്ന 400 കിലോഗ്രാം ഭാരമുള്ള ഉപഗ്രഹമാണ് ഈ ദൗത്യത്തിലുണ്ടായിരുന്നത്. 505 കിലോമീറ്റർ ഉയരത്തിൽ സ്ഥാപിച്ച് അതിർത്തിയിലെയും മറ്റും കൃത്യമായ വിവരങ്ങൾ ഹൈപ്പർ സ്പെക്ട്രൽ ഇമേജിംഗിലൂടെ നൽകേണ്ട ഉപഗ്രഹമായിരുന്നു ഇത്.

കൂടാതെ, ഇന്ത്യൻ ബഹിരാകാശ സ്റ്റാർട്ടപ്പ് മേഖല ഉറ്റുനോക്കിയിരുന്ന ചെന്നൈ ആസ്ഥാനമായുള്ള ഓർബിറ്റ് എയ്ഡ് എയ്റോസ്പേസിന്റെ 'ആയുൽസാറ്റ്' (AyulSAT) ഇതിലുണ്ടായിരുന്നു. ബഹിരാകാശത്ത്വെച്ച് ഉപഗ്രഹങ്ങളിൽ ഇന്ധനം നിറയ്ക്കുന്ന 'പെട്രോൾ പമ്പ്' (In-orbit refuelling) സാങ്കേതികവിദ്യ പരീക്ഷിക്കുന്ന ഇന്ത്യയുടെ ആദ്യ ദൗത്യമായിരുന്നു ഇത്.

ന്യൂസ്പേസ് ഇന്ത്യാ ലിമിറ്റഡിന്റെ (NSIL) ഒമ്പതാമത്തെ വാണിജ്യ ദൗത്യം കൂടിയായിരുന്നു ഇത്. സ്പെയിനിൽ നിന്നുള്ള കിഡ് (KID) ക്യാപ്സ്യൂൾ, യുകെയും തായ്‌ലൻഡും സംയുക്തമായി നിർമ്മിച്ച തിയോസ്-2 (Theos-2) എന്നിവയുൾപ്പെടെ 14 വിദേശ ഉപഗ്രഹങ്ങളും ദൗത്യത്തിന്റെ ഭാഗമായിരുന്നു.

പിഎസ്എൽവിയുടെ 64-ാമത്തെ വിക്ഷേപണമായിരുന്നു നടന്നത്. രണ്ട് സ്ട്രാപ്പോൺ മോട്ടോറുകൾ മാത്രം ഉപയോഗിക്കുന്ന പിഎസ്എൽവി-ഡിഎൽ (PSLV-DL) പതിപ്പാണ് വിക്ഷേപണത്തിന് ഉപയോഗിച്ചത്. പിഎസ്എൽവിയുടെ ചരിത്രത്തിലെ രണ്ടാമത്തെ പരാജയമാണിതെന്നാണ് പ്രാഥമിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

# ജോസ് മണക്കാട്ട് 5-ാമത് ലോക കേരള സഭ അമേരിക്കൻ പ്രതിനിധി



തിരുവനന്തപുരം: ലോക കേരള സഭയുടെ 5-ാമത് സമ്മേളനം ജനുവരി 29, 30, 31 തീയതികളിലായി തിരുവനന്തപുരത്ത് ചേരുന്നു. 125-ഓളം രാജ്യങ്ങളിൽ നിന്നായി പ്രവാസി മലയാളി പ്രതിനിധികൾ ലോക കേരള സഭയുടെ ഭാഗമാകുന്നു എന്നതാണ് അഞ്ചാം സമ്മേളനത്തിന്റെ പ്രത്യേകത.

കേരള സർക്കാരും നോർക്ക വകുപ്പും ചേർന്ന് സംഘടിപ്പിക്കുന്ന അഞ്ചാം ലോക കേരള സഭയിലേക്ക് അമേരിക്കൻ പ്രവാസി സമൂഹത്തെ പ്രതിനിധീകരിച്ച് ജോസ് മണക്കാട്ടിനെ പ്രത്യേക ക്ഷണിതാവായി പങ്കെടുപ്പിക്കുന്നു. ജനുവരി 29-ന് വൈകുന്നേരം 6 മണിക്ക് സംഘടിപ്പിക്കുന്ന പൊതുസമ്മേളനത്തോടു കൂടിയാണ് പരിപാടിക്ക് തുടക്കം കുറിക്കുന്നത്. ജനുവരി 30-ന് രാവിലെ നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതോടെയാണ് സമ്മേളനം ആരംഭിക്കുന്നത്.

# കാഞ്ഞിരപ്പള്ളിയിലെ ദുരൂഹമരണം കൊലപാതകം

കാഞ്ഞിരപ്പള്ളി: വീടിനുള്ളിൽ വീട്ടമ്മയെ കൊലപ്പെടുത്തിയ നിലയിലും യുവാവിനെ തൂങ്ങിമരിച്ച നിലയിലും കണ്ടെത്തി. ഇടുക്കി കല്ലാർ ഭാഗം സ്വദേശിനി തുരുത്തിയിൽ ഷേർളി മാത്യു (ഷെറിൻ, 45) ആണ് മരിച്ചത്. ജനുവരി 11-ന് ഞായറാഴ്ച രാത്രി ഒൻപതോടെ കാഞ്ഞിരപ്പള്ളി കൂവപ്പള്ളി കുളപ്പുറത്തുള്ള വീട്ടിലാണ് സംഭവം.

വീട്ടമ്മയെ ഫോണിൽ ലഭിക്കാതെ വന്നതോടെ നടത്തിയ അന്വേഷണത്തിലാണ് ഇവരെ കിടപ്പുമുറിയിലെ കട്ടിലിനോട് ചേർന്ന് കഴുത്തറുത്ത നിലയിലും യുവാവിനെ സ്റ്റെയർകേസിൽ തൂങ്ങി മരിച്ച നിലയിലും കണ്ടെത്തിയത്.

കോട്ടയം താഴത്തങ്ങാടി ആലുംമൂട് സ്വദേശി ജോബ് സക്കറിയ ആണ് ജീവനൊടുക്കിയതെന്നു തിരിച്ചറിഞ്ഞു.

പോലീസ് സംഭവസ്ഥലത്തെത്തിയപ്പോഴാണ് ഞെട്ടിക്കുന്ന വിവരം പുറത്തറിയുന്നത്. വീടിനുള്ളിൽ രക്തത്തിൽ കുളിച്ച നിലയിലായിരുന്നു ഷേർലിയുടെ മൃതദേഹം.

ആറു മാസം മുൻപാണ് ഷേർളി ഇവിടെ വീട് വാങ്ങി താമസം ആരംഭിച്ചത്.

കാഞ്ഞിരപ്പള്ളി പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. വീട് പോലീസ് സീൽ ചെയ്തു. സയന്റിഫിക് വിദഗ്ധർ എത്തി പരിശോധന നടത്തി വരുന്നു.

# മാധവ് ഗാഡ്ഗിൽ അന്തരിച്ചു



പൂന: പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ (83) അന്തരിച്ചു. ജനുവരി ഏഴിന് ബുധനാഴ്ച രാത്രിയിൽ പൂനയിലെ ആശുപത്രിയിലായിരുന്നു അന്ത്യം. സംസ്കാരം നടത്തി. വാർധക്യസഹജമായ അസുഖത്തെത്തുടർന്ന് ചികിത്സയിലായിരുന്നു. ഇന്ത്യയുടെ പാരിസ്ഥിതിക ഗവേഷണ-സംരക്ഷണ നയം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച വ്യക്തിയായിരുന്നു അദ്ദേഹം.

പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി (ഡബ്ല്യുജിഇഇപി) റിപ്പോർട്ടിലൂടെയാണ് അദ്ദേഹം ശ്രദ്ധേയനായത്. ഗാഡ്ഗിൽ കമ്മീഷൻ എന്നറിയപ്പെട്ട വിദഗ്ധ സമിതിയുടെ അദ്ധ്യക്ഷനായിരുന്നു അദ്ദേഹം. 2010-ൽ സമിതിയുടെ ചെയർമാനായി നിയമിക്കപ്പെട്ടു. പശ്ചിമഘട്ടത്തിന്റെ 70 ശതമാനവും പരിസ്ഥിതി ലോലമായി പ്രഖ്യാപിക്കണമെന്നു ശിപാർശ ചെയ്യുന്ന റിപ്പോർട്ട് അദ്ദേഹം സർക്കാരിനു കൈമാറി. റിപ്പോർട്ട് വലിയ കോലാഹലങ്ങൾക്കു വഴിവെച്ചുവെങ്കിലും ഇന്ത്യയിലെ പരിസ്ഥിതി ചർച്ചകളിലെ നാഴികക്കല്ലായി ഇതു മാറി. സാമ്പത്തികശാസ്ത്രജ്ഞനും ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറുമായിരുന്ന ധനഞ്ജയ രാമചന്ദ്ര ഗാഡ്ഗിലിന്റെയും പ്രമീളയുടെയും മകനായി 1942 മേയ് 24-നു പൂനയിലാണ് ജനനം. ഭാര്യ: പരേതയായ കാലാവസ്ഥാ ശാസ്ത്രജ്ഞ ഡോ. സുലോചന ഗാഡ്ഗിൽ. മക്കൾ: ഗൗരി, സിദ്ധാർഥ്.

പ്രധാനമന്ത്രിയുടെ ശാസ്ത്ര ഉപദേശക സമിതി, ദേശീയ ഉപദേശക സമിതി, ദേശീയ കടുവ സംരക്ഷണ അഥോറിറ്റി എന്നിവയുൾപ്പെടെ നിരവധി ഉന്നതതല ദേശീയ, അന്തർദേശീയ സമിതികളിൽ അംഗമായിരുന്നു. 'ദിസ് ഫിഷർഡ് ലാൻഡ്', 'ഇക്കോളജി ആൻഡ് ഇക്വിറ്റി' എന്നിവ ഉൾപ്പെടെ നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. 250-ലധികം ശാസ്ത്രപ്രബന്ധങ്ങളുടെ കർത്താവാണ്.

# ഭൂട്ടാൻ വാഹനക്കടത്ത്: കേരളത്തിൽ ആദ്യകേസ്

കൊച്ചി: വാഹനക്കടത്തുമായി ബന്ധപ്പെട്ട് കേരളത്തിൽ ആദ്യ കേസ് രജിസ്റ്റർ ചെയ്തു. കൊച്ചി സ്വദേശി മുഹമ്മദ് യഹ്യ നല്കിയ പരാതിയിൽ കൊച്ചി സെൻട്രൽ പോലീസാണ് കേസെടുത്തിരിക്കുന്നത്. ഭൂട്ടാനിൽ നിന്ന് അനധികൃതമായി കടത്തിക്കൊണ്ടുവന്ന വാഹനം ഇന്ത്യൻ എംബസിയിൽ ഉപയോഗിച്ചിരുന്നതെന്നു വിശ്വസിപ്പിച്ച് 14 ലക്ഷം രൂപയ്ക്കു വിറ്റു എന്നു കാട്ടിയാണ് പരാതി. ഡൽഹി ലാജ്പത് നഗറിൽ താമസിക്കുന്ന രോഹിത് ബേദി എന്ന വാഹന ഇടപാടുകാരനെതിരെയാണ് കേസ്. ഐപിസി 406, 420 വകുപ്പുകൾ പ്രകാരം വിശ്വാസവഞ്ചനയ്ക്കാണ് കേസ്.

വിറ്റത് ഇന്ത്യൻ എംബസി ഉപയോഗിച്ചതെന്ന് പറഞ്ഞ് കസ്റ്റംസിന്റെ കൊച്ചി ഓഫീസ് ഭൂട്ടാൻ വാഹനക്കടത്തുമായി ബന്ധപ്പെട്ട് നടപടികൾ തുടങ്ങിയശേഷം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും (ഇഡി) അന്വേഷണം തുടങ്ങിയിരുന്നു. പിന്നാലെയാണ് കേരളാ പോലീസിന്റെ അന്വേഷണവും. 2024 ജൂൺ-ജൂലൈ മാസങ്ങളിലാണ് സംഭവം.

ഇന്ത്യൻ എംബസിയിൽ ഉപയോഗിച്ചിരുന്ന ടൊയോട്ട ലാൻഡ് ക്രൂസർ കാർ വിൽക്കാനുണ്ടെന്നും 14 ലക്ഷം രൂപയാണ് വിലയെന്നും രോഹിത് ബേദി തന്നെ വിശ്വസിപ്പിച്ചെന്ന് മുഹമ്മദ് യഹ്യയുടെ പരാതിയിൽ രജിസ്റ്റർ ചെയ്ത എഫ്ഐആറിൽ പറയുന്നു.

റീ-രജിസ്റ്റർ ചെയ്തത് 200, പിടിച്ചെടുത്തത് 40, ഭൂട്ടാനിൽ നിന്ന് നിയമവിരുദ്ധമായി അതിർത്തി കടത്തി ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത 200 വാഹനങ്ങൾ കേരളത്തിലെത്തിയിട്ടുണ്ടെന്നായിരുന്നു കസ്റ്റംസ് വ്യക്തമാക്കിയത്. ഇത് സ്വന്തമാക്കിയവരിൽ ചലച്ചിത്ര താരങ്ങളും ബിസിനസ് പ്രമുഖരും അടക്കമുള്ളവരുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 02
January 12, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara


DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ശരീരത്തിന് ആരോഗ്യം എന്നതുപോലെ തന്നെയാണ് മനസിനു ജ്ഞാനം.
ലാറോക്ക് ഫോക്കോൾഡ്

അടച്ചിട്ട മുറികളിലല്ല പാരിസ്ഥിതിക ചർച്ചകൾ നടക്കേണ്ടത്.
മാധവ് ഗാഡ്ഗിൽ


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• WORLD WIDE COVERAGE
• PRESCRIPTION DRUG BENEFIT
• FREE GYM MEMBERSHIP
• DENTAL, VISION & HEARING
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


DOULOS BIBLICAL SEMINARY VECHOOCHIRA, RANNI
DOULOS INT. MINISTRIES, INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
zoom
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PR. DR. V. P. JOSE
PRINCIPAL
PR. DR. JOHN. K. MATHEW
VICE. PRINCIPAL
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS IN CHRISTIAN MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# തെരുവുനായ പ്രശ്നം കനത്ത വെല്ലുവിളി

തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ പരാജയപ്പെട്ടതിന്റെ ചിത്രമാണ് സുപ്രീം കോടതിയിൽ തെളിഞ്ഞത്. നിർദേശങ്ങളും നടപടികളും ഫലം കാണാതെ വന്നതോടെയാണ് ആളുകളെ കടിക്കാതിരിക്കാൻ നായ്ക്കൾക്കു കൗൺസിലിങ് നൽകുക മാത്രമാണ് ഇനി പോംവഴിയെന്നു സുപ്രീം കോടതിക്കു പരിഹസിക്കേണ്ടിവന്നത്. നിയമങ്ങൾ നടപ്പിലാക്കുന്നതിൽ അധികൃതർ പരാജയമാണെന്നു ജസ്റ്റിസ് വിക്രംനാഥ് അദ്ധ്യക്ഷനായ മൂന്നംഗ ബെഞ്ചിനു വിമർശിക്കേണ്ടിവന്നു.

തെരുവുനായ ആക്രമണത്തെത്തുടർന്ന് പേവിഷബാധയേറ്റു മരിച്ചവരുടെയടക്കം കണക്കുകൾ ഉയരുന്നതിന്റെയും അതിനൊപ്പം പെരുകുന്ന ആശങ്കയുമാണ് ഇന്ന് ഇന്ത്യയാകെയുള്ളത്. ഇനി എത്രപേർക്കു കടിയേറ്റാൽ സംവിധാനങ്ങൾ ഉണരുമെന്നത് പൊതുചോദ്യമാകുന്നു. പ്രായോഗിക ബുദ്ധിമുട്ടുകൾ നിരവധിയുണ്ടെങ്കിലും പരിഹാരമില്ലാത്ത പ്രശ്നമായി ഇതിനെ കാണാൻ തുടങ്ങിയാൽ അഭിമുഖീകരിക്കേണ്ടിവരിക കനത്ത വെല്ലുവിളിയാകും. തെരുവുനായ്ക്കളെ ഷെൽറ്ററിൽ അടയ്ക്കണമെന്നു സുപ്രീം കോടതി കഴിഞ്ഞ നവംബറിൽ സംസ്ഥാനങ്ങൾക്കു നിർദേശം നൽകിയിരുന്നു. ഇതിനെതിരെ ഉയർത്തിയ വാദങ്ങൾ സുപ്രീം കോടതി പരിശോധിക്കുകയുണ്ടായി. ശത്രുതാ മനോഭാവത്തോടെ നായ്ക്കളെ സമീപിക്കരുതെന്നും 'പിടികൂടുക, വന്ധ്യംകരിക്കുക, വാക്സിൻ കുത്തിവെക്കുക, വിട്ടയയ്ക്കുക (സി.എസ്.വി.ആർ) എന്ന രീതിയാണ് വേണ്ടതെന്നു നായസ്നേഹികൾക്കു വേണ്ടി ഹാജരായ കപിൽ സിബൽ വാദിക്കുകയുണ്ടായി. ഇന്ത്യയിൽ ഒന്നര ക്കോടിയിലേറെ തെരുവുനായ്ക്കൾ ആളുകൾക്കു ഭീഷണിയായി അലഞ്ഞുതിരിഞ്ഞു നടക്കുന്നതായാണ് കണക്ക്. സുപ്രീം കോടതി നിർദേശിച്ചതുപോലെ ഇവയെ പിടിച്ചു ഷെൽറ്ററിൽ അടയ്ക്കുന്നതും മൃഗസ്നേഹികൾ പറയുന്നതുപോലെ വന്ധ്യംകരണവും എത്രമാത്രം പ്രായോഗികമാണ്? കോടതിയിൽ അവതരിപ്പിച്ച കണക്കുകൾ പ്രകാരം 200 നായ്ക്കളെ വീതം സംരക്ഷിക്കാൻ 77,347 ഷെൽറ്ററുകൾ വേണ്ടിവരും. ഒരു നായയ്ക്ക് ഭക്ഷണത്തിനു കണക്കാക്കിയത് 40 രൂപയാണ്. ഇത്തരത്തിൽ പ്രതിദിനം 61.81 കോടി രൂപയോളം വേണ്ടിവരും. തെരുവുനായ്ക്കൾ ഇന്ത്യയിൽ സൃഷ്ടിച്ചിരിക്കുന്നത് കനത്ത വെല്ലുവിളിയാണെന്നു ഈയൊരു കണക്കുകൾ പറയുന്നു.


തെരുവുനായ്ക്കളുടെ ശല്യം ഏറുന്ന പശ്ചാത്തലത്തിൽ എന്തുചെയ്യാനാകുമെന്ന ചോദ്യവുമായി കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളും. നായ്ക്കളുമായി ബന്ധപ്പെട്ട ഈയിടെ സുപ്രീംകോടതിയിൽനിന്നും പരാമർശം കൂടി വന്ന പശ്ചാത്തലത്തിൽ നിലവിലുള്ള നിയമങ്ങൾ ഉപയോഗപ്പെടുത്തി തെരുവുനായ്ക്കളെ നിയന്ത്രിക്കാനുള്ള പദ്ധതികൾ തേടുകയാണ് തദ്ദേശ സ്ഥാപനങ്ങളും. പുതുതായി ഭരണച്ചുമതലയേറ്റ തദ്ദേശ സ്ഥാപന അദ്ധ്യക്ഷർക്കു മുമ്പിൽ പ്രധാന വെല്ലുവിളിയായി ഉയരുന്നതും തെരുവുനായ വിഷയം തന്നെയാണ്. കഴിഞ്ഞ അഞ്ചുവർഷം ഭരണസമിതികൾക്കു പ്രധാന വെല്ലുവിളിയായി ഇതേ വിഷയം ഉണ്ടായിരുന്നു. എന്നാൽ കാര്യമായ ഒരു നടപടിയും സ്വീകരിക്കാനായില്ല. തെരുവുനായ്ക്കളെ പിടികൂടുന്നതിനായി പരിശീലനം ഉൾപ്പെടെ നൽകി ആളുകളെ നിയോഗിച്ചുവെങ്കിലും ഇവയുടെ വന്ധ്യംകരണം, പുനരധിവാസം നടപടികൾ തടസപ്പെട്ടു. തെരുവുനായ്ക്കൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവെപ്പ് ലഭ്യമാക്കിയത് ചുരുക്കം ചില തദ്ദേശ സ്ഥാപനങ്ങളിലാണ്. നായ്ക്കളെ പിടികൂടിയെങ്കിൽ മാത്രമേ ഇവയ്ക്കു കുത്തിവയ്പ് നൽകാനാകൂവെന്നതിനാൽ പല ഗ്രാമപഞ്ചായത്തുകളും പദ്ധതിയിൽനിന്നു പിൻമാറി.

തെരുവുനായ്ക്കളുടെ ശല്യം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ടു നിലവിലുള്ള നിയമത്തിൽ ഇവയെ കൊല്ലാൻ വ്യവസ്ഥയില്ല. എന്നാൽ ഇവയുടെ വർധന തടയുന്നതിനും പേവിഷബാധ ഒഴിവാക്കാനുമുള്ള നിർദേശങ്ങളാണുള്ളത്. തെരുവുനായ്ക്കളുടെ വർധന തടയാനുള്ള പ്രധാന പദ്ധതിയാണ് എബിസി (ആനിമൽ ബർത്ത് കൺട്രോൾ). ഇതനുസരിച്ച് നായ്ക്കളെ പിടികൂടി വന്ധ്യംകരിക്കുകയാണ് ചെയ്യേണ്ടത്. പിന്നീടുള്ളത് തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകുകയെന്നതാണ്.

കേരളത്തിലെ അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) കേന്ദ്രങ്ങളുടെയും ഷെൽറ്ററുകളുടെയും കുറവ് അമിക്കസ് ക്യൂറി ഗൗരവ് അഗർവാൾ നൽകിയ റിപ്പോർട്ടിൽ പ്രത്യേകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നിലവിലുള്ള എ.ബി.സി കേന്ദ്രങ്ങൾപോലും പൂർണതോതിലല്ല പ്രവർത്തിക്കുന്നത്. പദ്ധതിക്കായി കഴിഞ്ഞ ജില്ലാ പഞ്ചായത്ത് ഒരു കോടി രൂപയോളം നീക്കിവെച്ചിരുന്നു. രണ്ടു നിലകളിലായി 2800 ചതുരശ്ര അടിയുള്ള കെട്ടിടം പണിയാനാണ് പദ്ധതിയിട്ടത്. കെട്ടിടം, അനുബന്ധ സംവിധാനങ്ങൾ, ചുറ്റുമതിൽ, ഷെൽറ്റർ എന്നിവ വിഭാവനം ചെയ്തു. തെരുവുനായ്ക്കളുമായി ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്ഥാപനങ്ങളും പദ്ധതിയുമായി സഹകരിക്കാൻ സന്നദ്ധമാണെങ്കിലും പണം മുടക്കണമെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ട്. ഇത്തരത്തിലുള്ള അനുമതി ലഭ്യമാകാതെ വന്നതോടെ എബിസി കേന്ദ്രം നിർമാണം തടസപ്പെട്ടിരിക്കുകയാണ്.

# പരിസ്ഥിതിയുടെ കാവൽക്കാരൻ

പശ്ചിമഘട്ട സംരക്ഷണത്തിന്റെയും പ്രാദേശിക ജനകീയ പങ്കാളിത്തത്തോടെയുള്ള ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും പേരിൽ അറിയപ്പെടുന്ന പ്രഗത്ഭനായ പരിസ്ഥിതി ശാസ്ത്രജ്ഞനാണ് മാധവ് ധനഞ്ജയ് ഗാഡ്ഗിൽ. 'ജനങ്ങളുടെ ശാസ്ത്രജ്ഞൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗാഡ്ഗിൽ ഇന്ത്യയിൽ താഴെത്തട്ടിലുള്ള പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് അഞ്ചു പതിറ്റാണ്ടിലേറെ നേതൃത്വം നൽകി. നിരവധി പരിസ്ഥിതി സംരക്ഷണ സമരങ്ങളുടെ മുൻനിര പോരാളിയായിരുന്നു ഗാഡ്ഗിൽ. പരിസ്ഥിതിക്ക് തിരിച്ചുവരാനാവാത്ത വിധം നാശം വരുത്തുന്ന



വൻകിട പദ്ധതികളെ ശക്തമായി എതിർത്തു. ഇന്ത്യയിൽ പരിസ്ഥിതി, ജൈവവൈവിധ്യ സംരക്ഷണം, വനാവകാശ സംരക്ഷണം തുടങ്ങിയവയുമായി ബന്ധപ്പെട്ട നയരൂപീകരണത്തിലും നിയമനിർമാണങ്ങളിലും നിർണായകമായ പങ്കു വഹിച്ചു. പരിസ്ഥിതി ശാസ്ത്ര ഗവേഷണ മേഖലയിൽ പുതുതലമുറയെ വളർത്തിയെടുക്കുന്നതിലും ഗാഡ്ഗിലിന്റെ സംഭാവനകൾ വലുതാണ്. കേരളത്തിൽ കഴിഞ്ഞ 15 വർഷത്തിനിടയിൽ ഉരുൾപൊട്ടുമ്പോഴും മണ്ണിടിയുമ്പോഴും പ്രളയമുണ്ടാകുമ്പോഴും ഉയർന്നു കേൾക്കുന്ന പേരാണ് മാധവ് ഗാഡ്ഗിലിന്റേത്. കേരളത്തിലെ ജനങ്ങളെ അടുത്ത കാലത്ത് ഇരു ചേരികളിലായി വിഭജിച്ച മറ്റൊരു പരിസ്ഥിതി ശാസ്ത്രജ്ഞനില്ല.

അക്കാദമികമായും സാമ്പത്തികമായും ഉയർന്ന നിലയിലുള്ള ഒരു കുടുംബത്തിൽ പ്രമീളയുടെയും ധനഞ്ജയ് രാമചന്ദ്ര ഗാഡ്ഗിലിന്റെയും മകനായി 1942 മേയ് 24-നു പൂനയിലായിരുന്നു മാധവ് ഗാഡ്ഗിലിന്റെ ജനനം. പിതാവ് ഡോ. ഡി.ആർ. ഗാഡ്ഗിൽ അറിയപ്പെടുന്ന സാമ്പത്തിക ശാസ്ത്രജ്ഞനും കേന്ദ്ര ആസൂത്രണ കമ്മീഷന്റെ വൈസ് ചെയർമാനുമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മൂന്നാം പഞ്ചവത്സര പദ്ധതി 'ഗാഡ്ഗിൽ യോജന' എന്നും അറിയപ്പെടുന്നു. ബാല്യം മുതലേ പക്ഷി നിരീക്ഷണത്തിലും പ്രകൃതിയിലെ ജീവ വൈവിധ്യത്തിലും ആകൃഷ്ടനായിരുന്നു മാധവ് ഗാഡ്ഗിൽ. പൂനയിലെ പഴയ ഫർഗൂസൺ കോളജിൽനിന്നു ജന്തുശാസ്ത്രത്തിൽ ബിഎസ്സി നേടിയ അദ്ദേഹത്തിന്റെ ഉപരിപഠനം ഹാർവാർഡ് സർവകലാശാലയിലായിരുന്നു. അവിടെനിന്ന് അദ്ദേഹം ജന്തുശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ജീവശാസ്ത്രത്തിൽ പിഎച്ച്ഡിയും നേടി.

ആനകളിലെ ലിംഗദ്വൈത്വ (sexual dimerphism) ത്തെക്കുറിച്ചും പക്ഷികളുടെ സാമൂഹിക പെരുമാറ്റത്തെക്കുറിച്ചും വേട്ടാവളിയൻമാർക്കിടയിലെ അദ്ഭുത പ്രതിഭാസങ്ങളെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ വലിയ ശ്രദ്ധ പിടിച്ചുപറ്റി. ബന്ദിപ്പുരിലെ ആനകളെക്കുറിച്ചുള്ള പഠനത്തിന്റെ ഭാഗമായി വയനാട്ടിലും മുതുമലയിലും സന്ദർശനം നടത്തിയിരുന്നു. മുളകളെക്കുറിച്ച് പഠിക്കാൻ കർണാടക സർക്കാർ അദ്ദേഹത്തെ ചുമതലപ്പെടുത്തിയപ്പോൾ പേപ്പർമില്ലുകളെ സഹായിക്കാൻ മുളങ്കാടുകളെക്കുറിച്ച് വനം വകുപ്പ് ഊതിപ്പെരുപ്പിച്ച കണക്കുകൾ സൃഷ്ടിക്കുന്നതായി അദ്ദേഹം കണ്ടെത്തി. 1980-ൽ കേന്ദ്രസർക്കാർ പരിസ്ഥിതി നയം രൂപവത്കരിക്കുന്നതിനു വേണ്ടിയുള്ള കൂടിയാലോചനകളിൽ ഗാഡ്ഗിലിനെ ഉൾപ്പെടുത്തി. പരിസ്ഥിതി സംരക്ഷണത്തിൽ താഴെത്തട്ടിലുള്ള ജനങ്ങളുടെ സാംസ്കാരിക, സാമ്പത്തിക, സാമൂഹിക ഘടകങ്ങൾകൂടി പരിഗണിക്കണമെന്ന അദ്ദേഹത്തിന്റെ നിർദേശങ്ങൾ സ്വീകരിക്കപ്പെട്ടു.

സൈലന്റ് വാലി പദ്ധതിയെക്കുറിച്ച് പഠിക്കാൻ 1982-ൽ എം.ജി.കെ. മേനോൻ അദ്ധ്യക്ഷനായ സമിതിയിൽ കേന്ദ്രസർക്കാർ പ്രതിനിധിയായിരുന്നു മാധവ് ഗാഡ്ഗിൽ. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സൈലന്റ് വാലി പദ്ധതിക്ക് അനുമതി നിഷേധിക്കപ്പെട്ടത്. 1992-ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കൊങ്കൺ റെയിൽവേയുടെ പരിസ്ഥിതിയാഘാതപഠനം നടത്തിയെങ്കിലും സമിതിയുടെ ബദൽ റൂട്ട് നിർദേശം അധികൃതർ തള്ളിക്കളഞ്ഞു. ഇതിനെതിരെ അദ്ദേഹം രംഗത്തുവന്നിരുന്നു. കർണാടക ആസൂത്രണ ബോർഡ് അംഗമായിരിക്കേ 1990-ൽ പശ്ചിമഘട്ട വികസന പദ്ധതിയുടെ നടത്തിപ്പ് പരിശോധിക്കാൻ മാധവ് ഗാഡ്ഗിൽ നിയോഗിക്കപ്പെട്ടു. പഠനം നടത്താൻ പ്രോജക്ട് അസിസ്റ്റന്റുമാരെ നിയമിക്കാൻ നീക്കിവെച്ച ഫണ്ട് ഉപയോഗിച്ച് പശ്ചിമഘട്ട മേഖലയിലെ കലാലയങ്ങളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും നിയോഗിച്ചുകൊണ്ട് അദ്ദേഹം ശ്രദ്ധപിടിച്ചുപറ്റി.


ഭൗമസമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് ഇന്ത്യക്ക് ഒരു ജൈവവൈവിധ്യ സംരക്ഷണനിയമം ഉണ്ടാക്കുന്നതിന് 1998-ൽ രൂപവത്കരിച്ച എം.എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായ സമിതിയിൽ അംഗമായിരുന്നു. 2002-ൽ പാസാക്കിയ നിയമം ഈ സമിതിയാണ് തയ്യാറാക്കിയത്. താൻ ചെയർമാനായിരുന്നെങ്കിലും ജൈവവൈവിധ്യ സംരക്ഷണ നിയമം മാധവ് ഗാഡ്ഗിലിന്റെ സൃഷ്ടിയാണെന്ന് സ്വാമിനാഥൻ തന്നെ പിന്നീട് പറഞ്ഞിരുന്നു.

പശ്ചിമഘട്ടത്തിന്റെ നാശത്തെക്കുറിച്ച് ഗാഡ്ഗിൽ ഉത്കണ്ഠാകുലനായിരുന്നു. ഐക്യരാഷ്ട്രസഭയുടെ 'ഹ്യൂമൻ ആൻഡ് ബയോസ്ഫിയർ' പദ്ധതിയിൽ ലോകത്താദ്യമായി പ്രഖ്യാപിച്ച നീലഗിരി ബയോസ്ഫിയർ റിസർവിന്റെ ഉപജ്ഞാതാവ് ഗാഡ്ഗിലായിരുന്നു. അദ്ദേഹത്തിന്റെ പരിസ്ഥിതിഭൂമികയിൽ പാവങ്ങളായ മനുഷ്യരുമുണ്ടായിരുന്നു. 2024-ൽ ഐക്യരാഷ്ട്രസഭ ചാമ്പ്യൻ ഓഫ് എർത്ത് അവാർഡ് നൽകി അദ്ദേഹത്തെ ആദരിച്ചു. വോൾവോ എൻവയോൺമെന്റ് പ്രൈസ്, ശാന്തി സ്വരൂപ് ഭട്നാഗർ അവാർഡ്, രാജ്യോത്സവ പ്രശസ്തി, പദ്മശ്രീ, ഈശ്വരവിദ്യാസാഗർ അവാർഡ് തുടങ്ങി മറ്റനവധി അവാർഡുകളും അദ്ദേഹം നേടിയിട്ടുണ്ട്.

ഗാഡ്ഗിൽ അദ്ധ്യക്ഷനായ പശ്ചിമഘട്ട വിദഗ്ധസമിതിയുടെ ശിപാർശകൾ അതിന്റെ യഥാർത്ഥസത്തയിൽ ജനങ്ങളിൽ അവതരിപ്പിക്കാൻ പരിസ്ഥിതിപ്രവർത്തകർക്കോ സംസ്ഥാന സർക്കാരുകൾക്കോ സാധിച്ചില്ല എന്നത് ദുഃഖകരമാണ്. മറിച്ച്, അതിനെ കഴിയുന്നിടത്തോളം വൈകൃതപ്പെടുത്തി തെറ്റിദ്ധാരണ പരത്തുംവിധം പ്രചരിപ്പിക്കുന്നതിനായിരുന്നു സംസ്ഥാനസർക്കാരുകൾ ഉത്സാഹംകാണിച്ചത്. അതിലവർ ഏറെക്കുറെ വിജയിക്കുകയും ചെയ്തു. വാസ്തവത്തിൽ പശ്ചിമഘട്ടത്തിൽ അധിവസിക്കുന്ന മൂന്നുകോടി അധഃസ്ഥിതരുടെയും കർഷകരുടെയും മാഗ്നാകാർട്ടയാകുമായിരുന്ന ഒരു ചരിത്രസംരംഭത്തെ ഗളച്ഛേദംനടത്തി കുഴിച്ചുമൂടി. കേരളത്തിലെ മഹാപ്രളയം കേവലം ഒരു പ്രകൃതിക്ഷോഭമല്ല, മനുഷ്യനിർമിത ദുരന്തമാണെന്നും കേരളം വിളിച്ചുവരുത്തിയതാണെന്നും ആദ്യം വിളിച്ചുപറഞ്ഞത് ഗാഡ്ഗിലായിരുന്നു. വികസനദുരമൂത്ത നമ്മൾ അതിന് ചെവികൊടുത്തില്ല.

2019-ലെ പുത്തുമല ഉരുൾപൊട്ടലിനുശേഷം അദ്ദേഹം വയനാട്ടിൽ വരുകയും ദുരന്തഭൂമിയിൽ സന്ദർശനം നടത്തുകയും ഇരകളായവരെ കാണുകയും ചെയ്തു. ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ വൻ പ്രക്ഷോഭം അരങ്ങേറിയ വയനാട്ടിൽ ഗാഡ്ഗിലിനെ കേൾക്കാൻ വൻജനാവലിയാണ് തടിച്ചുകൂടിയത്. പിന്നീട് മുണ്ടക്കൈ-ചൂരൽമല ദുരന്തമുണ്ടായപ്പോൾ അദ്ദേഹം വയനാട്ടിലെത്താൻ ശ്രമിച്ചെങ്കിലും അനാരോഗ്യം കാരണം ഉപേക്ഷിക്കുകയാണുണ്ടായത്.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

### ശബരിമല ആഗോള അയ്യപ്പസംഗമം:

# കണക്കുകൾ സമർപ്പിക്കാത്തതിൽ ഹൈക്കോടതിക്ക് അതൃപ്തി

കൊച്ചി: ശബരിമല ആഗോള അയ്യപ്പസംഗമത്തിന്റെ കണക്കുകൾ സമർപ്പിക്കാത്തതിൽ ദേവസ്വം ബോർഡിനോടു കടുത്ത അതൃപ്തി പ്രകടിപ്പിച്ച് ഹൈക്കോടതി. അയ്യപ്പസംഗമം നടത്താൻ അനുമതി നൽകിയപ്പോൾ വരവുചെലവ് കണക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കണമെന്നു നിർദേശം നൽകിയിരുന്നതു ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് രാജാ വിജയരാഘവൻ, ജസ്റ്റിസ് കെ. വിജയകുമാർ എന്നിവരുടെ വിമർശനം.

ബില്ലുകളുമായി ബന്ധപ്പെട്ട കാലതാമസം ചൂണ്ടിക്കാട്ടി ഒരുമാസംകൂടി ദേവസ്വം ബോർഡ് ആവശ്യപ്പെട്ടത് കോടതി അനുവദിച്ചു. ഇത് അവസാന അവസരമാണെന്നും ഒരു മാസത്തിനകം കണക്കുകൾ സമർപ്പിച്ചില്ലെങ്കിൽ ഉത്തരവ് ലംഘിച്ചതിനു നടപടികൾ സ്വീകരിക്കുമെന്നും കോടതി വ്യക്തമാക്കി. മനഃപൂർവമായ കാലതാമസം വരുത്തിയിട്ടില്ലെന്നും ബില്ലുകൾ ഓഡിറ്റ് ചെയ്തു കിട്ടുന്നതിലെ താമസമാണ് വൈകലിനു കാരണമെന്നുമാണ് ദേവസ്വം ബോർഡ് കോടതിയെ ധരിപ്പിച്ചത്. ബില്ലുകളെല്ലാം ചാർട്ടേഡ് അക്കൗണ്ടന്റിന് നൽകിയിരുന്നു.

എന്നാൽ ചില കാര്യങ്ങളിൽ വ്യക്തത തേടി ചാർട്ടേഡ് അക്കൗണ്ടന്റ് ഫയൽ തിരിച്ചയച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (ഐഐഐസി) മുഴുവൻ ബില്ലുകളും സമർപ്പിച്ചിട്ടില്ലെന്നാണു ചാർട്ടേഡ് അക്കൗണ്ടന്റ് പറഞ്ഞത്. ഇക്കാര്യം ഐഐഐസിയെ അറിയിച്ചെന്നും അവർ കുറച്ചു ബില്ലുകൾ കൂടി നൽകിയിട്ടുള്ളത് അക്കൗണ്ടന്റിന്റെ പരിഗണനയിലാണെന്നും ബോർഡ് പറഞ്ഞു. സെപ്റ്റംബർ 20-നാണ് ആഗോള അയ്യപ്പസംഗമം നടന്നത്. ഇതിനുള്ള അനുമതി സെപ്റ്റംബർ ഒമ്പതിനു നൽകുമ്പോൾ 45 ദിവസത്തിനകം പൂർണമായ കണക്ക് സമർപ്പിക്കണമെന്നായിരുന്നു കോടതിയുടെ നിർദേശം. പങ്കെടുത്തവരുടെ എണ്ണം, താമസസൗകര്യം, സംഭാവന എന്നിവയടക്കം എല്ലാ കണക്കുകളും സമർപ്പിക്കാനും നിർദേശിച്ചിരുന്നു. ആഗോള അയ്യപ്പസംഗമത്തിനെതിരായ ഹർജികൾ തള്ളിക്കൊണ്ടാണ് ഉപാധികളോടെ സംഗമം നടത്താൻ കോടതി അനുവദിച്ചത്. കണക്കുകൾ സമർപ്പിക്കാൻ നവംബറിൽ 45 ദിവസം നീട്ടിക്കൊടുത്തിരുന്നു. ഈ സമയവും അവസാനിച്ചിട്ടും കണക്കുകൾ സമർപ്പിക്കാതെ വീണ്ടും സമയം നീട്ടിച്ചോദിച്ചതോടെയാണ് കോടതി അതൃപ്തി രേഖപ്പെടുത്തിയത്.

# വിവാഹമോചനത്തിന് നൽകണം 15,300 കോടി രൂപ

കൊച്ചി: 170 കോടി ഡോളർ, അഥവാ 15,300 കോടി രൂപ! അതിസമ്പന്നരായ ആരുടെയെങ്കിലും ആസ്തിയായി തോന്നാവുന്ന തുക. എന്നാൽ, വിവാഹമോചന കേസിൽ കോടതിയിൽ കെട്ടിവെക്കേണ്ടതാണിതെന്ന് അറിഞ്ഞാൽ ആരും അമ്പരക്കും. 'സോഹോ' എന്ന ആഗോള ടെക് കമ്പനിയുടെ സ്ഥാപകനായ ശ്രീധർ വെമ്പുവിന്റെയും ഭാര്യ പ്രമീള ശ്രീനിവാസന്റെയും വിവാഹമോചന കേസുമായി ബന്ധപ്പെട്ടതാണ് ഈ തുക. കേസ് നടക്കുന്ന കാലിഫോർണിയയിലെ മേൽക്കോടതിയാണ് വെമ്പുവിനോട് 1.70 ശതകോടി ഡോളർ (ഏകദേശം 15,300 കോടി രൂപ) ബോണ്ടായി കെട്ടിവെക്കാൻ ഉത്തരവിട്ടത്. ഇത്രയും വിലപിടിപ്പുള്ള വിവാഹമോചന കേസിന്റെ ആരംഭം 2021-ലാണ്.





ഉപരിപഠനത്തിനായി 1989-ലാണ് ശ്രീധർ വെമ്പു യു.എസിലെത്തുന്നത്. 1993-ൽ പ്രമീള ശ്രീനിവാസനെ വിവാഹം ചെയ്തു. 1996-ലാണ് അഡ്വെന്റ്നെറ്റ് എന്ന സോഫ്റ്റ്‌വേർ കമ്പനി വെമ്പു, സഹോദരങ്ങൾക്കും സുഹൃത്തിനുമൊപ്പം ആരംഭിക്കുന്നത്. 2009-ൽ ഇത് സോഹോ കോർപറേഷൻ എന്ന് പുനർനാമകരണം ചെയ്തു. മൂന്ന് പതിറ്റാണ്ടോളം നീണ്ട യുഎസ് വാസത്തിന് ശേഷം വെമ്പു 2019-ൽ ഇന്ത്യയിലേക്ക് മടങ്ങുകയും തമിഴ്നാട്ടിലെ തെങ്കാശിയിലുള്ള ഒരു ഗ്രാമത്തിൽനിന്ന് സോഹോ പ്രവർത്തനം തുടരുകയും ചെയ്തു. 2021-ൽ വെമ്പു, പ്രമീളയുമായുള്ള വിവാഹ മോചന നടപടികൾ ആരംഭിച്ചു.

യുഎസ് വിട്ട വെമ്പു, തന്നെയും ഓട്ടിസം ബാധിച്ച മകനെയും ഉപേക്ഷിച്ചുവെന്നാണ് കേസിൽ പ്രമീളയുടെ ആരോപണം. തന്റെ അറിവോ സമ്മതമോ ഇല്ലാതെ ശ്രീധർ വെമ്പു സോഹോയിലെ ഓഹരികളും സ്വത്തവകാശങ്ങളും ഇന്ത്യയിലേക്ക് മാറ്റിയെന്നും ആരോപണമുണ്ട്.

കാലിഫോർണിയയിലെ നിയമപ്രകാരം വിവാഹശേഷം സമ്പാദിക്കുന്ന സ്വത്തുക്കൾ ദമ്പതിമാർക്ക് തുല്യമായി അവകാശപ്പെട്ടതാണ്. വെമ്പു, തന്റെ സഹോദരങ്ങൾക്ക് കമ്പനി ഓഹരികൾ കൈമാറിയതായും അവർ പരാതിപ്പെട്ടു. ശ്രീധർ വെമ്പു നിലവിൽ സോഹോയുടെ അഞ്ച് ശതമാനം ഓഹരികൾ മാത്രമാണ് കൈവശം വെച്ചിരിക്കുന്നത്. ബാക്കിയുള്ളവ അദ്ദേഹത്തിന്റെ സഹോദരങ്ങളുടെ പേരിലാണെന്നാണ് വിവരം.

തുടർന്ന് വെമ്പു സാമ്പത്തിക ഇടപാടുകളിൽ സുതാര്യത കാണിച്ചില്ലെന്നു നിരീക്ഷിച്ച കോടതി, പ്രമീളയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായാണ് ഈ കൂറ്റൻ തുക ബോണ്ടായി ആവശ്യപ്പെട്ടത്.

അതേസമയം, കോടതി ഉത്തരവ് അസാധുവാണെന്നും ഇതിനെതിരെ അപ്പീൽ നൽകുമെന്നും വെമ്പുവിന്റെ അഭിഭാഷകൻ പറഞ്ഞു.

തന്റെ പക്കലുള്ള ഓഹരികളിൽ പകുതി പ്രമീളയ്ക്ക് നൽകാൻ തയ്യാറാണെന്നും എന്നാൽ അവർ അത് സ്വീകരിക്കുന്നില്ലെന്നുമാണ് വെമ്പുവിന്റെ പക്ഷം.

# തെരുവ്നായ് പ്രശ്നത്തിൽ സുപ്രീംകോടതിയുടെ രൂക്ഷവിമർശനം

ന്യൂഡൽഹി: തെരുവ്നായയുടെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ നായ്ക്കൾക്ക് കൗൺസിലിംഗ് നല്കുകയെന്ന ഒരേയൊരു മാർഗം മാത്രമേ ബാക്കിയുള്ളൂ എന്ന് സുപ്രീംകോടതി പരിഹസിച്ചു.

തെരുവ്നായ് ആക്രമണവുമായി ബന്ധപ്പെട്ട വാദത്തിനിടയിൽ, മൃഗങ്ങൾക്കൊപ്പം ജീവിക്കണമെന്നും അവയുടെ സ്ഥലം കയ്യേറിയാൽ കടിയേൽക്കുമെന്നുമുള്ള മുതിർന്ന അഭിഭാഷകൻ കപിൽ സിബലിന്റെ വാദത്തോട് പ്രതികരിക്കുകയായിരുന്നു കോടതി.

നായ്ക്കളെ പിടികൂടി ഇല്ലാതാക്കുകയല്ല വേണ്ടതെന്നും മറിച്ച്, മൃഗ-മനുഷ്യ സംഘർഷം കുറയ്ക്കുന്നതിന് വിവിധ രാജ്യങ്ങൾ സ്വീകരിച്ച ശാസ്ത്രീയ ഫോർമുല നടപ്പാക്കാൻ തയ്യാറാകണമെന്നും മൃഗസ്നേഹികൾക്കു വേണ്ടി ഹാജരായ കപിൽ സിബൽ പറഞ്ഞു.

തെരുവ്നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് പിടിച്ചെടുക്കൽ, വന്ധ്യംകരണം, വാക്സിനേഷൻ, വിട്ടയയ്ക്കൽ എന്നീ രീതികൾ നടപ്പിലാക്കാമെന്നും കാലക്രമേണ തെരുവ്നായ ആക്രമണങ്ങൾ കുറയുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ, പൊതുമേഖലകളിൽ നിന്ന് തെരുവ്നായ്ക്കളെ നീക്കം ചെയ്യാൻ മാത്രമാണ് കേടതി നിർദ്ദേശിച്ചതെന്നും നിലവിലെ മറ്റു നിയമങ്ങളിലോ ചട്ടങ്ങളിലോ ഇടപെട്ടിട്ടില്ലെന്നും ബെഞ്ച് ചൂണ്ടിക്കാട്ടി.

തെരുവ്നായ്ക്കളെ പാർപ്പിക്കുന്നതിന് സ്ഥലം കണ്ടെത്താൻ പ്രയാസമാണെന്ന നിലപാട് കേരളം സുപ്രീം കോടതിയെ അറിയിച്ചു. നിലവിലുള്ള കേന്ദ്രങ്ങളിലും കൂടുതൽ തുടങ്ങുന്നതിനെതിരെ ജനരോഷമുണ്ടെന്ന് ചീഫ് സെക്രട്ടറി സമർപ്പിച്ച സത്യവാങ്മൂലത്തിൽ വ്യക്തമാക്കി.

ജനസാന്ദ്രത കൂടുതലുള്ളതാണ് വെല്ലുവിളിയായി കേരളം ചൂണ്ടിക്കാട്ടുന്നത്. നഗര-ഗ്രാമ മേഖലകളിൽ ഇതിന് വ്യത്യാസമില്ലെന്നും കേരളം വ്യക്തമാക്കി.

അതേസമയം, എബിസി കേന്ദ്രങ്ങൾ വിലയിരുത്താൻ കേരളത്തിൽ ഫലപ്രദമായ സംവിധാനമില്ലെന്ന് തെരുവ്നായ വിഷയത്തിൽ സുപ്രീംകോടതി നിയോഗിച്ച അമിക്കസ് ക്യൂറി സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

കോടതി അനുവദിച്ചാൽ ഇതു പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തി പരിഹാരം സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.






# നാടിന്റെ വികസനത്തിൽ ഫോമായുടെ പങ്കാളിത്തം അത്ഭുതകരം: കേരളാ കൺവൻഷനിൽ കേന്ദ്രമന്ത്രി ജോർജ് കുര്യൻ

എ.എസ്. ശ്രീകുമാർ

കോട്ടയം: അമേരിക്കൻ മലയാളികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം ഈ നാടിന്റെ സമസ്ത മേഖലയിലും ഉണ്ടാക്കിയ മാറ്റം അത്ഭുതകരമാണെന്ന് കേന്ദ്ര മന്ത്രി ജോർജ് കുര്യൻ പ്രസ്താവിച്ചു. ഫോമായുടെ 9-ാം കേരളാ കൺവൻഷന്റെ കോട്ടയത്തെ സമാപന സമ്മേളനം വിൻഡ്സർ കാസിൽ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിങ്ങളുടെ അനുഭവ പരിജ്ഞാനവും സ്നേഹസംഭാവന




കളും രാജ്യത്തിന്റെ സമഗ്ര വികസനത്തിനായി നല്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സമ്മേളനത്തിന് എത്തിയ വിശിഷ്ടാതിഥികളെ ചെണ്ടമേളം, മാർഗംകളി എന്നിവ അണിനിരന്ന ഘോഷയാത്രയുടെ അകമ്പടിയോടെയാണ് വേദിയിലേക്ക് ആനയിച്ചത്.

അമേരിക്കയിൽ ആറുതവണ എത്തിയിട്ടുള്ള തനിക്ക് ആ രാജ്യത്തെ മലയാളികളുമായി ഹൃദയബന്ധമുണ്ടെന്ന് കവി, നോവലിസ്റ്റ്, ചലച്ചിത്ര ഗാനരചയിതാവ്, സംവിധായകൻ, തിരക്കഥാകൃത്ത്, നിർമ്മാതാവ്, സംഗീത സംവിധായകൻ, ടെലിവിഷൻ നിർമ്മാതാവ് എന്നിങ്ങനെ വിവിധ മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീകുമാരൻ തമ്പി പറഞ്ഞു. കൺവൻഷനിൽ കീനോട്ട് പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ഏകദേശം 3500 പാട്ടുകൾ എഴുതിയ തനിക്ക് മതമില്ലെന്നും ക്രൈസ്തവ പാട്ടുകളെഴുതുമ്പോൾ ക്രിസ്ത്യാനിയും ഹൈന്ദവ പാട്ടെഴുതുമ്പോൾ ഹിന്ദുവും ഇസ്ലാം ഗാനമെഴുതുമ്പോൾ മുസ്ലിമുമാണ് താനെന്നും ഈ വേദിയിൽ ഏവരേയും അഭിമുഖീകരിക്കാൻ സാധിച്ചതിൽ ഏറെ സന്തോഷമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

കേരളാ കൺവൻഷനിലെത്തിയ ഏവരെയും ഹൃദയപൂർവം ആദരിക്കുന്നുവെന്ന് പുതുവത്സരാശംസകൾ നേർന്നുകൊണ്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ പറഞ്ഞു. കർമ്മഭൂമിയിൽ കഠിനാദ്ധ്വാനത്തിലൂടെ നേടിയ ജീവിത വിജയം ജന്മനാടുമായി പങ്കുവെക്കാൻ കാട്ടുന്ന മനോഭാവമാണ് ഫോമായുടെ ശക്തിയെന്ന് ആന്റോ ആന്റണി എംപി അഭിപ്രായപ്പെട്ടു. അംഗബലത്തിലും കർമ്മശേഷിയിലും പൈതൃകത്തിന്റെ കാര്യത്തിലും അമേരിക്കൻ മലയാളികളുടെ ഏറ്റവും കരുത്തുറ്റ സംഘടനയായ ഫോമായുടെ ജനപക്ഷ പ്രവർത്തനങ്ങൾ അനുകരണീയവും മാതൃകാപരവുമാണെന്ന് മോൻസ് ജോസഫ് എംഎൽഎ ചൂണ്ടിക്കാട്ടി.

ചടങ്ങിൽ ശ്രീകുമാരൻ തമ്പി, കേരളാ കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര എന്നിവരെ പൊന്നാടയും മെമന്റോയും നല്കി ആദരിച്ചു. അമേരിക്കയിൽ ബിസിനസ് രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച എയ്റോ കൺട്രോൾസിന്റെ സിഇഒ ജോൺ ടൈറ്റസ്, എറിക് ഷൂ കമ്പനിയുടെ സാരഥി വർക്കി ഏബ്രഹാം, സ്പോൺസർമാരായ ബിജു ലോസൺ, ലക്ഷ്മി സിൽക്സ്, അച്ചായൻസ് ഗോൾഡ് പ്രതിനിധികൾ എന്നിവരും ആദരിക്കപ്പെട്ടു. ഫോമായുടെ കീഴിലുള്ള ലാംഗ്വേജ് & എഡ്യൂക്കേഷൻ ഫോറത്തിന്റെ മലയാള ഭാഷാ പരിപോഷണ പ്രവർത്തനങ്ങൾക്ക് സഹായവുമായി ഹൂസ്റ്റൺ ജനറൽസ് കൺവൻഷൻ വേദിയിലെത്തി.

മലയാള ഭാഷാപഠനത്തിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും ഊന്നൽ നല്കുന്ന കേരളത്തിലെ മികച്ച രണ്ട് സ്കൂളുകൾക്കുള്ള സഹായധനം നല്കി. ധനസഹായം സ്പോൺസർ ചെയ്തത് അമേരിക്കയിലെ നാഷണൽ ക്രിക്കറ്റ് ലീഗിലെ പ്രധാന ടീമുകളിലൊന്നായ ഹൂസ്റ്റൺ ജനറൽസാണെന്ന് ലാംഗ്വേജ് എഡ്യൂക്കേഷൻ ഫോറത്തിന്റെ ചെയർ സാമുവൽ മത്തായി പറഞ്ഞു. ജോഫിൻ സെബാസ്റ്റ്യൻ, പ്രവീൺ വർഗീസ് എന്നിവരാണ് ഹൂസ്റ്റൺ ജനറൽസിനു നേതൃത്വം നല്കുന്നത്.

ഡോ. കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പ്രിവിലേജ് കാർഡ് ഫോമാ വിമൻസ് ഫോറം മുൻ ചെയർപേഴ്സൺ ഡോ. സാറാ ഈശോ പ്രസിഡണ്ട് ബേബി മണക്കുന്നേലിന് കൈമാറി. ഫോമായുടെ സ്ഥാപക പ്രസിഡണ്ട് ശശിധർ നായർ സംഘടനയുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. മുൻ പ്രസിഡണ്ടുമാരായ ബേബി ഊരാളിൽ, ഡോ. ജേക്കബ് തോമസ്, അനിയൻ ജോർജ്, ഐപിസിഎൻഎ പ്രസിഡണ്ട് രാജു പള്ളത്ത്, സാജ് ഗ്രൂപ്പിന്റെ എംഡി സാജൻ വർഗീസ്, ജീവകാരുണ്യ പ്രവർത്തകനും ഓർമ വില്ലേജിന്റെ സാരഥിയുമായ ജോസ് പുന്നൂസ്, മാത്യു വർഗീസ് തുടങ്ങിയവരും സന്നിഹിതരായിരുന്നു.

ഫോമായുടെ ജനറൽ സെക്രട്ടറി ബൈജു വർഗീസ് സ്വാഗതമാശംസിച്ചു. 2.5 മില്യൺ ഡോളറിന്റെ കരുത്തുമായാണ് ഫോമായുടെ ഈ ഭരണസമിതി പ്രവർത്തനമാരംഭിച്ചതെന്ന് ട്രഷറർ സിജിൽ പാലയ്ക്കലോടി വ്യക്തമാക്കി. വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവരും സംസാരിച്ചു. ജോയിന്റ് സെക്രട്ടറി പോൾ ജോസ് കൃതജ്ഞത പ്രകാശിപ്പിച്ചു. സമ്മേളനത്തിനു ശേഷം ഫാഷൻ ഷോ, കോമഡി ഷോ, സംഗീത പരിപാടി എന്നിവ അരങ്ങേറി.


















## ജെ.ബി. കോശി കമ്മീഷൻ:

# കൂടുതൽ ചർച്ച വേണമെന്ന് സർക്കാർ

തിരുവനന്തപുരം: ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി ജസ്റ്റിസ് ജെ.ബി. കോശി കമ്മിഷൻ ശിപാർശ ചെയ്ത വിദ്യാഭ്യാസ, തൊഴിൽ സംവരണ വർധന ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കാതെ സർക്കാർ. മറ്റു സമുദായങ്ങളെകൂടി ബാധിക്കുന്നതായതിനാൽ വിശദമായ ചർച്ചകൾ വേണ്ടിവരുമെന്നാണു വിലയിരുത്തൽ.

റവന്യൂ വിഷയങ്ങളിലാകട്ടെ, നിയമഭേദഗതികൾ വേണം. നിയമസഭാ തെരഞ്ഞെടുപ്പ് വിളിപ്പാടകലെ നിൽക്കുന്നതിനാൽ തിരക്കിട്ടു തീരുമാനം എടുക്കാനും എളുപ്പമല്ല. ഇതോടെ, സാഹചര്യങ്ങൾ ബോധ്യപ്പെടുത്തിയും നിർണായക വിഷയങ്ങളിൽ സാവകാശം തേടിയും ക്രിസ്ത്യൻ വിഭാഗങ്ങളെ ഒപ്പംനിർത്തുന്നതിന്റെ ഭാഗമായാണു ഫെബ്രുവരി 17-നു മുഖ്യമന്ത്രി പിണറായി വിജയൻ സംഘടനകളുടെ യോഗം വിളിച്ചിരിക്കുന്നത്. ചില ശിപാർശകളിൽ കേന്ദ്രസർക്കാരിന്റെ അനുമതി കൂടി വേണമെന്ന് അവരെ ബോധ്യപ്പെടുത്താനും ഉദ്ദേശ്യമുണ്ട്.

റിപ്പോർട്ട് ലഭ്യമായപ്പോൾത്തന്നെ അവ നടപ്പാക്കുന്നതിനു വിവിധ വകുപ്പുകൾക്കു സർക്കാർ കത്തു നൽകിയിരുന്നു. പക്ഷേ, നിർണായക കാര്യങ്ങളിൽ വകുപ്പുകൾ ഇനിയും നിലപാടു വ്യക്തമാക്കിയിട്ടില്ല.

സ്വാശ്രയ മെഡിക്കൽ, നേഴ്സിങ്, പാരാ മെഡിക്കൽ കോഴ്സുകളിൽ കമ്യൂണിറ്റി ക്വോട്ട ഉയർത്താനുള്ള ശിപാർശയിൽ ആരോഗ്യവകുപ്പാണു തീരുമാനമെടുക്കേണ്ടത്. ക്രിസ്ത്യൻ ന്യൂനപക്ഷ മാനേജ്മെന്റുകൾ സർക്കാരിനു വിട്ടുനൽകുന്ന 50 ശതമാനം സീറ്റിൽ 20 ശതമാനം മാനേജ്മെന്റ് പ്രതിനിധീകരിക്കുന്ന സമുദായത്തിനു വേണ്ടി കമ്യൂണിറ്റി ക്വോട്ടയാക്കണമെന്നാണു ശിപാർശ. മാനേജ്മെന്റിനുള്ള 50 ശതമാനം സീറ്റിൽ 15 ശതമാനം കമ്യൂണിറ്റി ക്വോട്ടയാണ്. ഇതിനു പുറമേ, മെറിറ്റിലെ സീറ്റും നൽകുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നാണു വകുപ്പു മേധാവികളുടെ പക്ഷം. ഹയർസെക്കൻഡറി, കോളജ് പ്രോഗ്രാമുകളിലേക്ക് അധികസീറ്റ് അനുവദിക്കുമ്പോൾ ആനുപാതികമായി മാനേജ്മെന്റ് കമ്യൂണിറ്റി ക്വോട്ടകൾ വേണമെന്ന ആവശ്യത്തിൽ പൊതു, ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ അന്തിമ തീരുമാനത്തിൽ എത്തിയിട്ടില്ല. ലത്തീൻ-ആംഗ്ലോ ഇന്ത്യൻ, നാടാർ, പരിവർത്തിത ക്രൈസ്തവർ വിഭാഗങ്ങൾക്കു ജോലി സംവരണം എട്ട് ശതമാനം ഉള്ളപ്പോൾ വിദ്യാഭ്യാസ സംവരണം നാല് ശതമാനമാണ്. ഇത് ആറ് ശതമാനമാക്കണമെന്ന ശിപാർശയിലും തീരുമാനമെടുക്കാനുണ്ട്. പരിവർത്തിത ക്രൈസ്തവർക്ക് പിഎസ്സി നിയമനത്തിലെ റൊട്ടേഷൻ വ്യവസ്ഥയിൽ മാറ്റം വരുത്തണമെന്ന ശിപാർശയിലും കൂടുതൽ ചർച്ചകൾ വേണ്ടിവരും. എസ്സി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, ജോലി എന്നിവയ്ക്കു നീക്കിവെച്ചിരിക്കുന്ന ഒഴിവുകളിൽ ആ വിഭാഗങ്ങൾ ഇല്ലെങ്കിൽ അതു പരിവർത്തിത ക്രൈസ്തവർക്കു നൽകണമെന്നാണു ശിപാർശ. പിഎസ്സിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മുഖ്യമന്ത്രി നയിക്കുന്ന പൊതുഭരണ വകുപ്പാണു തീരുമാനം എടുക്കേണ്ടത്. 1960-ലെ ഭൂപതിവു ചട്ടപ്രകാരം ഭൂമി പതിച്ചുകിട്ടിയവർക്ക് ആ ഭൂമിയിൽ വിദ്യാഭ്യാസം, ആരോഗ്യം, ആരാധന എന്നിവയ്ക്കുള്ള കെട്ടിട നിർമാണത്തിനു കൂടി അനുമതി നൽകാൻ ഭേദഗതി വേണമെന്ന ശിപാർശയും സർക്കാർ ചർച്ചയ്ക്കെടുത്തിട്ടില്ല. നെൽവയൽ തണ്ണീർത്തട നിയമത്തിൽനിന്നു സെമിത്തേരികളെ ഒഴിവാക്കുന്നതിലും നിയമഭേദഗതി വേണ്ടിവരും.

# സ്മാർട്ട്ഫോൺ നിർമാതാക്കൾ സോഴ്സ് കോഡുകൾ പങ്കുവെക്കണമെന്നു കേന്ദ്രം

ന്യൂഡൽഹി: ഫോണുകളും ആപ്പുകളും പ്രവർത്തിക്കാനായി ഫോൺ ഡെവലപ്പർമാർ സ്മാർട്ട്ഫോണുകളിൽ എഴുതുന്ന പ്രോഗ്രാമിംഗ് ഇൻസ്ട്രക്ഷൻസായ 'സോഴ്സ് കോഡുകൾ' പങ്കുവെക്കണമെന്ന് സ്മാർട്ഫോൺ നിർമാതാക്കൾക്ക് കേന്ദ്രത്തിന്റെ നിർദേശം. കേന്ദ്രത്തിന്റെ സൈബർ സുരക്ഷാ ആപ്പായ 'സഞ്ചാർ സാഥി' ആപ് നിർബന്ധമായും ഫോണുകളിൽ പ്രീ-ഇൻസ്റ്റാൾ ചെയ്യണമെന്ന വിവാദ നിർദേശത്തിനു പിന്നാലെയാണ് വിവാദസ്വഭാവമുള്ള ഈ നിർദേശം.

ഓൺലൈൻ തട്ടിപ്പും ഡാറ്റാ ലംഘനങ്ങളും വർധിക്കുന്ന സാഹചര്യത്തിൽ ഡാറ്റാ സുരക്ഷ വർധിപ്പിക്കാനാണു കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. എന്നാൽ പ്രധാന സോഫ്റ്റ്‌വേർ അപ്ഡേറ്റുകൾ സർക്കാരിനെ അറിയിക്കണമെന്നതടക്കമുള്ള 83 സുരക്ഷാ മാനദണ്ഡങ്ങളുടെ പാക്കേജ് സ്മാർട്ട്ഫോൺ നിർമാതാക്കൾ തള്ളിയിട്ടുണ്ടെന്ന്, വാർത്ത പുറത്തുകൊണ്ടുവന്ന രാജ്യാന്തര വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

ആഗോളതലത്തിൽ ഒരു രാജ്യവും ഇത്തരം സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമാക്കിയിട്ടില്ലെന്ന് ആപ്പിൾ, സാംസംഗ് പോലുള്ള വമ്പൻ കമ്പനികൾ ചൂണ്ടിക്കാട്ടി.

സ്മാർട്ട് ഫോൺ നിർമാതാക്കൾ അവരുടെ സോഴ്സ് കോഡ് സൂക്ഷ്മമായി സംരക്ഷിക്കുകയാണു ചെയ്യാറുള്ളത്. 2014-നും 2016-നുമിടയിൽ സോഴ്സ് കോഡുമായി ബന്ധപ്പെട്ട ചൈനയുടെ ആവശ്യവും ആപ്പിൾ നിരസിച്ചിരുന്നു. യുഎസ് ഏജൻസികളും സമാനമായ നീക്കം നടത്തിയെങ്കിലും പരാജയപ്പെട്ടു.

# സമസ്ത ഉപാദ്ധ്യക്ഷൻ യു.എം. അബ്ദുറഹ്മാൻ മൗലവി അന്തരിച്ചു

കാസർഗോഡ്: സമസ്തയുടെ കേരള ജംഇയ്യത്തുൽ ഉലമ ഉപാദ്ധ്യക്ഷനും ചട്ടഞ്ചൽ മലബാർ ഇസ്ലാമിക് കോംപ്ലക്സ് ജനറൽ സെക്രട്ടറിയുമായ മൊഗ്രാൽ കടവത്ത് ദാറുസ്സലാമിൽ യു.എം. അബ്ദുറഹ്മാൻ മൗലവി (86) അന്തരിച്ചു.

1939 നവംബർ രണ്ടിനായിരുന്നു അബ്ദുൽ ഖാദറിന്റെയും ഖദീജയുടെയും മകനായി ജനിച്ച അബ്ദുറഹ്മാൻ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 63-64 കാലഘട്ടത്തിൽ മൗലവി ഫാളിൽ ബാലവിദ്യാഭ്യാസം നേടിയ ശേഷം അദ്ദേഹം മംഗളൂരു പറങ്കിപേട്ട ജുമാമസ്ജിദ്, അസ്ഹരിയ്യ കോളജ്, കരുവൻതുരുത്തി, പടന്ന ജുമാമജിസ്ദി, കൊണ്ടോട്ടി പഴയങ്ങാടി ജുമാമസ്ജിദ്, വെല്ലൂർ ബാഖിയാത്തുസ്ലാമിഹാത്ത് എന്നിവിടങ്ങളിലായി മതപഠനം നടത്തി.

1992-ലാണ് സമസ്ത കേന്ദ്ര മുശാവറ അംഗമായത്.

1991 മുതൽ സമസ്ത കേരള ഇസ്ലാംമത വിദ്യാഭ്യാസ ബോർഡ് അംഗം, കാസർഗോഡ് ജില്ലാ മുശാവറ അംഗം, എസ്.വൈ.എസ് സംസ്ഥാന കൗൺസിൽ അംഗം, സമസ്ത കാസർഗോട് ജില്ലാ ജനറൽ സെക്രട്ടറി, എസ്.എം.എഫ് മഞ്ചേശ്വരം മണ്ഡലം ചെയർമാൻ, 1974 മുതൽ സമസ്ത കാസർഗോട് താലൂക്ക് ജനറൽ സെക്രട്ടറി പദവികൾ വഹിച്ചു.



നിലവിൽ ബന്ദിയടുക്ക കണ്ണിയാത്ത് അക്കാദമി പ്രസിഡണ്ട്, ചെമ്മാട് ദാറുൽ ഇസ്ലാമിക് സർവകലാശാല സെനറ്റ് അംഗം, നീലേശ്വരം മർക്കസുദ്ദഅ്‌വ വൈസ്പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചുവരുകയായിരുന്നു.

ഭാര്യമാർ: സകിയ്യ, പരേതയായ മറിയം.

മക്കൾ: മുഹമ്മദലി ശിഹാബ്, ഫള്ലുറഹ്മാൻ, നൂറുൽ അമീൻ, അബ്ദുല്ല ഇർഫാൻ, ഷഹീറലി ശിഹാബ് (എല്ലാവരും ഗൾഫ്), ഖദീജ, മറിയം ഷാഹിന (നാലാംമൈൽ), പരേതരായ മുഹമ്മദ് മുജീബ് റഹ്മാൻ, ആയിശത്തുഷാഹീദ (ചേരൂർ).

മരുമക്കൾ: യു.കെ. മൊയ്തീൻകുട്ടി മൗലവി (മൊഗ്രാൽ), സി.എ. അബ്ദുൾഖാദർ ഹാജി (സൗദി). ഇ. അഹമ്മദ് ഹാജി (ഏരൂർ), ഖദീജ ആലംപാടി), മിസ്രിയ്യ (കൊടിയമ്മ), സഫീന (തളങ്കര), മിസ്രിയ്യ (പേരാൽ കണ്ണൂർ), ജാസിറ (മുട്ടത്തൊടി), ജുമാന (മൊഗ്രാൽ).

# ബേബി കുര്യൻ കിളിയാങ്കര അന്തരിച്ചു




ന്യൂയോർക്ക്: ആദ്യകാല കേരള കോൺഗ്രസ് പ്രവർത്തകനും മാണിസാറിന്റെ അടുത്ത സുഹൃത്തും ഇലക്കാട് മണ്ഡലം സെക്രട്ടറിയുമായിരുന്ന മരങ്ങാട്ടുപിള്ളി കിളിയാങ്കര ബേബി കുര്യൻ അന്തരിച്ചു. പ്രമുഖ അമേരിക്കൻ വ്യവസായിയും ഇന്തോ-അമേരിക്കൻ പ്രസ്ക്ലബ് നാഷണൽ സെക്രട്ടറിയും ന്യൂയോർക്ക് സ്റ്റേറ്റ് പ്രിസണിന്റെ സീനിയർ റിക്രൂട്ടിംഗ് ഓഫീസർ ഇൻ ചാർജും ഇന്തോ-അമേരിക്കൻ ചേംബർ ഓഫ് ബിസിനസ് മുൻ പ്രസിഡണ്ടും പ്രവാസി കേരള കോൺഗ്രസ് (എം) നേതാവുമായ ജിജി കുര്യന്റെ പിതാവാണ് പരേതൻ. മറ്റുമക്കൾ: റെജി കുര്യൻ, സജി കുര്യൻ (അക്സിസ് ബാങ്ക്), ഷിജി കുര്യൻ.






# "ഒരൊറ്റ തള്ളാ..."

രാജു മൈലപ്ര



രാവിലെ ഞാൻ ഉണർന്നു വരുന്നതേയുള്ളൂ. അപ്പോഴാണ് നിർത്താതെയുള്ള ബെല്ലടി. ഞാൻ ഫോൺ എടുത്തില്ല. ദേ, പിന്നെയും പത്തു മിനിറ്റു കഴിഞ്ഞപ്പോൾ വീണ്ടും ബെല്ലടി. പരിചയമില്ലാത്ത നമ്പരാണ്. ബന്ധത്തിലോ സ്വന്തത്തിലോ ഉള്ള വല്ലവരും തട്ടിപ്പോയിക്കാണുമോ, എന്തോ? ഏതായാലും വരുന്നതു വരട്ടെയെന്നു കരുതി ഞാൻ ഫോണെടുത്തു.

"ഹലോ...!"

"എടാ, ഇതു ഞാനാ!"

സത്യം പറഞ്ഞാൽ ആരാണു വിളിക്കുന്നതെന്ന് എനിക്കു മനസ്സിലായില്ല.

"ഒന്നോർത്തു നോക്കിക്കേടാ. ഈ ശബ്ദം കേട്ടതായി നീ ഓർക്കുന്നില്ലേ! ശരിക്കും ഒന്നാലോചിച്ചേ!"

നല്ല പരിചയമുള്ള ശബ്ദം. പക്ഷേ അത്രയങ്ങോട്ടു പിടി കിട്ടുന്നില്ല.

"എടാ ക്ലീറ്റസേ! ഇതു ഞാനാ - നിന്റെ ദാസപ്പൻ"

"എന്റെ പൊന്നു കർത്താവേ! ദാസോ! എന്തൊക്കെയാണിഷ്ടാ വിശേഷങ്ങൾ? എവിടുന്നാ വിളിക്കുന്നത്. ഇപ്പം പാട്ടൊന്നും കിട്ടുന്നില്ലേ?"

"പാട്ടൊക്കെയിഷ്ടം പോലെ കിട്ടുന്നുണ്ട്. ഞാൻ വല്ലപ്പോഴുമേ ചെയ്യാറുള്ളൂ. ഇനി പിള്ളാരൊക്കെ പാടട്ടെ!"

"അപ്പോൾ താമസം ഇപ്പോൾ മദ്രാസിലാണോ, അതോ കൊച്ചിയിലോ?"

"ക്ലീറ്റസേ! ഞാനിപ്പം ഡാളസിലാണു സ്ഥിരതാമസം. പിന്നെ മറ്റൊരു വിശേഷമുള്ളത് ഇന്ന് (ജനുവരി 10) എന്റെ ജന്മദിനമാ. വയസ് എൺപത്തിയാറ് ആയടാ!"

"ഓ- സോറി- ഞാനതങ്ങു മറന്നു. കാലം പോകുന്ന പോക്കേ! വിഷു യു എ ഹാപ്പി ബെർത്ത്ഡേ!"

"താങ്ക്യൂഡാ.... എടാ, പ്രഭ വിളിക്കുന്നു. ആരോ വന്നെന്നു തോന്നുന്നു. ഞാൻ പിന്നെ വിളിക്കാം. പണ്ടത്തെപ്പോലെ നമുക്കൊന്നു കൂടണം. ബൈ ബൈ!"

ഒറ്റ ശ്വാസത്തിൽ ഇത്രയും പറഞ്ഞശേഷം ക്ലീറ്റസ് ചേട്ടൻ തന്റെ വളഞ്ഞു തുടങ്ങിയ നടുവ് ഒന്നു നിവർത്തിയിട്ട്, കസേരയിലേക്കമർന്നിരുന്നു.

വലിയ വലിയ സെലിബ്രേറ്റികളുമായി തങ്ങൾക്ക് 'എടാ, പോടാ' ബന്ധമുണ്ടെന്ന്, സ്ഥാനത്തും അസ്ഥാനത്തും വിളമ്പുന്നത് ചിലരുടെ ഒരു മനോരോഗമാണ്.

ദാസേട്ടനുമായുള്ള കടിച്ചാൽപൊട്ടാത്ത ഇരിപ്പിനെപ്പറ്റി പലരും പാടി നടക്കുന്നതു കേട്ടിട്ടുണ്ട്. ആ കൂട്ടത്തിൽപ്പെട്ട ഒരു പൊങ്ങച്ചക്കാരനാണ് ക്ലീറ്റസ് ചേട്ടൻ.

"ഞാനും ദാസുമായുള്ള ബന്ധത്തെക്കുറിച്ച് നിനക്കു വല്ലതുമറിയാമോ?" ചോദ്യം എന്നോടാണ്.

"അതെന്താ, നിങ്ങളു തമ്മിലുള്ള ബന്ധത്തെപ്പറ്റി അഞ്ചാംക്ലാസ്സിലെ സാമൂഹ്യപാഠത്തിൽ പഠിക്കാനുണ്ടായിരുന്നോ?" എന്നു ചോദിക്കണമെന്നു വിചാരിച്ചെങ്കിലും, ഞാനതു തൊണ്ടയിൽ തടഞ്ഞുവെച്ചു.

ക്ലീറ്റസ് ചേട്ടൻ തുടരുകയാണ്: "പണ്ട്, അമേരിക്കയിൽ ലാൻഡു ചെയ്താലുടനെ ദാസ് എന്നെ വിളിക്കും. എന്തിനാണെന്നറിയാമോ? വലിയ രഹസ്യമാ. ഇഷ്ട്ടനു സ്വസ്ഥമായി ഇരുന്ന് ആരുമറിയാതെ വെള്ളമടിക്കണം. വോഡ്കയാണ് ഇഷ്ടം. വെള്ളം ചേർക്കാതെ ഒരൊറ്റ പിടിയാണ്. പിന്നെ പാട്ടായി, ചിരിയായി-കളിയായി. പഴയ കഥകളൊക്കെ പറഞ്ഞ്, ഉറങ്ങുവാൻ കിടക്കുമ്പോൾ പാതിരാത്രി കഴിയും."



പതിവു വെള്ള വസ്ത്രത്തിനു പകരം, നീല ഷർട്ടു ധരിച്ച ദാസേട്ടനോടൊപ്പം ലേഖകൻ - ഒരു പഴയ ചിത്രം.

നിനക്കറിയാമോ? പുള്ളിക്കാരൻ സാമ്പത്തികമായി ഒരു പുവർ ഫാമിലിയിൽ നിന്നുമുള്ളയാളാണ്. ആദ്യമായി പാട്ടുപാടുവാനുള്ള അവസരം കിട്ടിയപ്പോൾ, മദ്രാസിനു പോകാൻ പത്തിന്റെ പൈസാ കൈയിലില്ല. പിന്നെ, ഞാൻ എന്റെ ചെവിയിൽ കിടന്നിരുന്ന ചുവന്ന കടുക്കൻ, സോറി കടുക്കനല്ല മോതിരം- കൈയിൽക്കിടന്ന മോതിരം, ഊരി വിറ്റാണ് യാത്രാച്ചെലവ് സംഘടിപ്പിച്ചത്. അതിന്റെ നന്ദി അങ്ങേർക്ക് ഇന്നുമുണ്ട്.

പുള്ളിക്കാരൻ പാടിയ ആദ്യത്തെ പാട്ട് ഏതാണെന്ന് നിനക്കറിയാമോ?- വീണ്ടും ചോദ്യശരം - എന്റെ നേർക്കു തന്നെ.

ഞാനൊന്നു പതറി. എങ്കിലും പരിമിതമായ എന്റെ വിജ്ഞാനകോശത്തിലൊന്നു പരതിയിട്ട്:

'ജാതി ഭേദം മതദ്വേഷം

ഏതുമില്ലാതെ സർവരും

സോദരത്വേന വാഴുന്ന

മാതൃകാ സ്ഥാനമാണിത്' എന്ന ശ്ലോകമല്ലേ?

ക്ലീറ്റസ് ചേട്ടൻ എന്നെ ഒന്നു നോക്കി, ഒരു പരിഹാസച്ചിരി പാസ്സാക്കി.

"നിനക്കൊരു പുണ്ണാക്കും അറിയത്തില്ല. നീ പറഞ്ഞ പാട്ട് സ്വാമിയാരു പാടിയതാ. ദാസ് ആദ്യം പാടിയത് 'ഇടയ കന്യകേ പോവുക നീ...' എന്ന ക്രിസ്തീയ പാട്ടാണ്. ഏതായാലും ഗുരുത്വമുള്ളവനാ. ഇപ്പോഴും ഗാനമേളക്ക് ഫസ്റ്റിൽ പാടുന്ന പാട്ട് അതാ. നീ കേട്ടിട്ടില്ലേ?"



ലേഖകൻ

ഉണ്ടെന്നുള്ള അർത്ഥത്തിൽ നിസ്സഹായനായ ഞാൻ തലയാട്ടി.

"ങ്ങാ- മറ്റേ കാര്യം പറഞ്ഞു തീർന്നില്ലല്ലോ" ക്ലീറ്റസ് ചേട്ടൻ വീണ്ടും തുടരുകയാണ്.

"അങ്ങിനെ കൊച്ചുവർത്തമാനമൊക്കെ പറഞ്ഞ്, വെള്ളമടിച്ചു പൂക്കുറ്റിയായി ബോധംകെട്ട് കൂർക്കം വലിച്ചൊരു ഉറക്കമുണ്ട്. കൂർക്കംവലി കേട്ടാൽ, പുള്ളിക്കാരന്റെ ഗാനമേള ട്രൂപ്പിലെ കൊച്ചാന്റണി തബലയടിക്കുകയാണെന്നു തോന്നും. ആ സമയത്ത് ആരും ശല്യപ്പെടുത്തുന്നത് അങ്ങേർക്കിഷ്ടമല്ല. ഭയങ്കര ദേഷ്യക്കാരനാണ്. മൂക്കത്താണ് ശുണ്ഠി. എന്നാൽ നല്ല മൂഡിലാണെങ്കിൽ ഉഗ്രൻ വളിപ്പടിക്കുകയും ചെയ്യും."

"ഗാനമേളയുടെ അവസാനം പാടുന്ന ഒരു പാട്ടുണ്ടല്ലോ: 'കുട്ടനാടൻ പുഞ്ചയിലെ'- ആ പാട്ടു പാടുന്നതിനു മുൻപ് പുള്ളിക്കാരൻ സൈഡിലേക്കു നോക്കി, കണ്ണിറുക്കി ചിറി തുടക്കുന്നതു കണ്ടിട്ടുണ്ടോ? ഞാൻ ഫ്ളാസ്ക്കിൽ കൊണ്ടുവന്ന് ആരും കാണാതെ ഒഴിച്ചുകൊടുക്കുന്ന വോഡ്ക്കായുമടിച്ചിട്ടാ ആ പാട്ടു കസറുന്നത്. പലതവണ ഞാൻ പറഞ്ഞതാ,

(ശേഷം 34-ാം പേജിൽ)



# ബിഷപ് മാർ ജോയി ആലപ്പാട്ട് കേരള കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫ് എംഎൽഎയെ സന്ദർശിച്ചു

ചിക്കാഗോ: ചിക്കാഗോ രൂപതയുടെ അഭിവന്ദ്യ ബിഷപ് മാർ ജോയി ആലപ്പാട്ട് കേരള കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫ് എംഎൽഎയെ പുറപ്പുഴയിലെ വസതിയിലെത്തി സന്ദർശിച്ചു.

ബിഷപ് രചിച്ച ക്രിസ്തീയ ഭക്തിഗാനങ്ങൾ പി.ജെ. ജോസഫ് സാറുമൊത്ത് പാടുകയും പശു ഫാം സന്ദർശിക്കുകയും ചെയ്തു. 84-ന്റെ നിറവിൽ ആയിരം പൂർണ്ണചന്ദ്രനെ കണ്ട പി.ജെ. ജോസഫ് സാറിനെ ചിക്കാഗോ ബിഷപ് മാർ ജോയി ആലപ്പാട്ട് അഭിനന്ദിച്ചു.

ഭവനത്തിലെത്തിയ ബിഷപ്പിനെ കേരള കോൺഗ്രസ് സംസ്ഥാന കോ-ഓർഡിനേറ്റർ അപു ജോൺ ജോസഫ് സ്വീകരിച്ചു. കേരള കോൺഗ്രസ് വൈസ് ചെയർമാൻ എം.പി. ജോസഫ് (റിട്ട. ഐഎഎസ്), സംസ്ഥാന ജനറൽ സെക്രട്ടറി എം. മോനിച്ചൻ, ടെക്സസ് കേന്ദ്രമായ അവന്ത് ടാക്സ് കൺസൾട്ടൻസി മാനേജിങ് ഡയറക്ടർ തൊടുപുഴ പന്നിമറ്റം സ്വദേശി ചിറയ്ക്കൽ ഫ്രിക്സ് മോൻ മൈക്കിൾ, മയാമി കേന്ദ്രമായി പ്രവർത്തിക്കുന്ന സൂപ്പർ മാർക്കറ്റ് ശൃംഖലയുടെ മാനേജിംഗ് ഡയറക്ടർ തൊടുപുഴ വഴിത്തല സ്വദേശി മംഗലത്ത് ജോജി ജോൺ, മണക്കാട് ഗ്രാമ പഞ്ചായത്ത് അംഗം ക്ലമന്റ് ഇമ്മാനുവൽ എന്നിവരും സന്ദർശന വേളയിൽ സന്നിഹിതരായിരുന്നു.

ഒരു ഗാനരചയിതാവ് കൂടിയായ സീറോമലബാർ സഭയുടെ ചിക്കാഗോ ബിഷപ് അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിന്റെ സാന്നിദ്ധ്യംകൊണ്ട് തങ്ങളുടെ ഭവനം ധന്യമായതായി അപു ജോൺ ജോസഫ് പറഞ്ഞു.
















FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY



വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ഐപിസിഎൻഎ ന്യൂയോർക്ക് ചാപ്റ്ററിനു നവനേതൃത്വം

**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലധികമായി പ്രവർത്തിക്കുന്ന അമേരിക്കയിലെ മാധ്യമ പ്രവർത്തകരുടെ ഏറ്റവും വലിയ സംഘടനയായ ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐപിസിഎൻഎ) ന്യൂയോർക്ക് ചാപ്റ്ററിനെ അടുത്ത രണ്ടു വർഷക്കാലം നയിക്കുവാനുള്ള പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തു. നിലവിലെ പ്രസിഡണ്ട് ഷോളി കുമ്പിളുവേലിയുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 21-ന് ഞായറാഴ്ച റോക്‌ലാൻഡ് കൗണ്ടിയിലുള്ള മലബാർ പാലസ് റെസ്റ്റോറന്റിൽ കൂടിയ ന്യൂയോർക്ക് ചാപ്റ്റർ ദ്വൈവാർഷിക പൊതുയോഗത്തിൽ വെച്ച് 2026-2027 വർഷം പ്രസ് ക്ലബിനെ നയിക്കുവാൻ സജി ഏബ്രഹാമിനെ പ്രസിഡണ്ടായും മാത്യുക്കുട്ടി ഈശോയെ സെക്രട്ടറിയായും താജ് മാത്യുവിനെ ട്രഷററായും ബിനു തോമസിനെ വൈസ് പ്രസിഡണ്ടായും ജോർജ് തുമ്പയിലിനെ ജോയിന്റ് സെക്രട്ടറിയായും സജി കീക്കാടനെ ജോയിന്റ് ട്രഷററായും ഏകകണ്ഠമായി തെരഞ്ഞെടുത്തു.

2024-25 വർഷം ഐപിസിഎൻഎയുടെ നാഷണൽ പ്രസിഡണ്ടായി പ്രവർത്തിച്ച സുനിൽ ട്രൈസ്റ്റാർ, അടുത്ത രണ്ടു വർഷത്തേക്കുള്ള നിയുക്ത നാഷണൽ പ്രസിഡണ്ട് രാജു പള്ളത്ത്, മുൻ നാഷണൽ പ്രസിഡണ്ടും ഇ-മലയാളി ഓൺലൈൻ പത്രത്തിന്റെ മാനേജിങ് എഡിറ്ററുമായ ജോർജ് ജോസഫ്, മുൻ നാഷണൽ പ്രസിഡണ്ട് താജ് മാത്യു, ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലിൽ, ചാപ്റ്റർ സെക്രട്ടറി ജോജോ കൊട്ടാരക്കര, ചാപ്റ്റർ ട്രഷറർ ബിനു തോമസ്, കൈരളി ചാനൽ ബോർഡംഗം ജോസ് കാടാപുറം, സജി ഏബ്രഹാം, ജോർജ് തുമ്പയിൽ, മാത്യുക്കുട്ടി ഈശോ, സജി കീക്കാടൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

പ്രസ്ക്ലബിന്റെ തുടക്കകാലം മുതൽ അംഗമായ സജി ഏബ്രഹാം സംഘടനയുടെ സജീവപ്രവർത്തകനാണ്. മൂന്ന് പതിറ്റാണ്ടു മുമ്പ് അമേരിക്കയിലേക്ക് കുടിയേറിയ സജി പ്രാരംഭ കാലങ്ങളിൽ കേരളഭൂഷണം പത്രത്തിന്റെ അമേരിക്കൻ ഡയറക്ടറും കറസ്പോണ്ടന്റുമായിരുന്നു. അമേരിക്കയിലെ വിവിധ സംഭവവികാസങ്ങൾ കേരളത്തിലെ വായനക്കാരിലേക്ക് നേരിട്ടെത്തിക്കുന്നതിൽ സജിയുടെ റിപ്പോർട്ടുകൾ നിർണ്ണായകമായിരുന്നു. വിവിധ രീതിയിൽ ക്ലബിന്റെ പ്രവർത്തനങ്ങൾക്കും പുരോഗതിക്കും മുൻനിരയിൽ നിന്ന് ചുക്കാൻ പിടിച്ച വ്യക്തിയാണെങ്കിലും ന്യൂയോർക്ക് ചാപ്റ്ററിന്റെ പ്രസിഡണ്ട് എന്ന നിലയിൽ സാരഥ്യം ഏറ്റെടുക്കുന്നത് ഇത് ആദ്യമായാണ്.




2025 വർഷം അമേരിക്കയിലെ ഏറ്റവും ആദ്യ മലയാളി സംഘടനയായ കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ അൻപത്തിമൂന്നാമത് പ്രസിഡണ്ടായി സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ചതിനു ശേഷമാണ് അടുത്ത രണ്ടു വർഷത്തേക്ക് പ്രസ്ക്ലബ് ന്യൂയോർക്ക് ചാപ്റ്ററിന്റെ സാരഥ്യം ഏറ്റെടുക്കുന്നത്.

ചാപ്റ്റർ പ്രസിഡണ്ട് എന്ന നിലയിൽ അടുത്ത രണ്ടു വർഷത്തേക്ക് നിരവധി പരിപാടികളാണ് സജി വിഭാവനം ചെയ്യുന്നത്. അതിൽ മുഖ്യപ്രാധാന്യം നല്കുന്നത് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രസ് മീറ്റുകൾ കൂടുതൽ വിപുലീകരിക്കുക എന്നതാണ്. ന്യൂയോർക്കിലും പ്രാന്തപ്രദേശങ്ങളിലും നടക്കുന്ന മലയാളി സംഘടനകളുടെയും സ്പോർട്സ് ക്ലബുകളുടെയും വിവിധ മതസ്ഥാപനങ്ങളുടെയും നിരവധി പരിപാടികളെപ്പറ്റിയും ബിസിനസ് സംരംഭകരുടെ പുതിയ പ്രൊഡക്ടുകളെപ്പറ്റിയും പ്രസ് മീറ്റുകൾ നടത്തി വിവിധ മാധ്യമങ്ങളിലൂടെ പൊതുജന ശ്രദ്ധയിലേക്ക് എത്തിക്കുക എന്നതാണ് പ്രസ് മീറ്റിലൂടെ ഉദ്ദേശിക്കുന്നത്. അതിനു താല്പര്യമുള്ളവർക്ക് പ്രസ്തുത സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. ചാപ്റ്റർ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഉടൻ സജി ന്യൂയോർക്കിൽ പ്രസ്താവിച്ചതാണ് ഇക്കാര്യം.

ന്യൂയോർക്കിലെ അറിയപ്പെടുന്ന ഫ്രീലാൻസ് മാധ്യമ പ്രവർത്തകനാണ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട മാത്യുക്കുട്ടി ഈശോ. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ന്യൂയോർക്ക് മലയാളികളുടെ ഇടയിൽ സുപരിചിതനായ മാധ്യമ റിപ്പോർട്ടറും വിവിധ മാധ്യമങ്ങളിലെ കോളമിസ്റ്റുമാണ്. ഫോട്ടോഗ്രാഫർ, വീഡിയോഗ്രാഫർ, വീഡിയോ എഡിറ്റർ, ന്യൂസ് ലേഖകൻ, സാമൂഹിക പ്രവർത്തകൻ എന്നീ നിലകളിലും മാത്യുക്കുട്ടി തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. ന്യൂയോർക്ക് ഇന്ത്യൻ കോൺസുലേറ്റിൽ പ്രോട്ടോകോൾ ഓഫീസറായി ചുരുങ്ങിയ വർഷങ്ങളിൽ സേവനം ചെയ്ത അദ്ദേഹം ഒസിഐ, പാസ്പോർട്ട്, വിസാ, പവർ ഓഫ് അറ്റോർണി, ട്രസ്റ്റ്, വിൽപത്രം തുടങ്ങി സമൂഹത്തിൽ പലർക്കും സഹായകരമായ വിവിധ സേവനങ്ങളും ചെയ്തുവരുന്നു. കഴിഞ്ഞവർഷവും ഈ വർഷവും കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു.

1990-കളുടെ ആദ്യപകുതിയിൽ മലയാള മനോരമ റിപ്പോർട്ടറായി മാധ്യമ പ്രവർത്തനം ആരംഭിച്ച വ്യക്തിയാണ് ട്രഷററായി ചുമതല ഏൽക്കുന്ന താജ് മാത്യു. പിന്നീട് തൊണ്ണൂറുകളുടെ മധ്യത്തിൽ അമേരിക്കയിലേക്ക് കുടിയേറിയ താജ് ന്യൂയോർക്കിലും മാധ്യമപ്രവർത്തനം തുടർന്നു. ഏതാനും വർഷങ്ങൾക്കു മുൻപ്വരെ ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന മലയാളം പത്രത്തിന്റെ എഡിറ്ററും പ്രസാധകരിൽ ഒരാളുമായിരുന്നു താജ്. ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ തുടക്കകാല അംഗങ്ങളിൽ ഒരാളായിരുന്ന താജ് മാത്യു പ്രസ്ക്ലബിലെ നാഷണൽ പ്രസിഡണ്ട് എന്ന നിലയിൽ അഭിമാനാർഹമായ സേവനം കാഴ്ചവെച്ച് ഏവരുടെയും പ്രശംസ നേടിയിട്ടുണ്ട്. നിലവിൽ മലയാള മനോരമയിലും വിവിധ ഓൺലൈൻ മാധ്യമങ്ങളിലും സ്ഥിരമായി ലേഖനങ്ങളും എഴുതുന്നുണ്ട്. പ്രസ്ക്ലബിന് തികച്ചും ഒരു മുതൽക്കൂട്ടാണ് ചാപ്റ്റർ ട്രഷറർ താജ് മാത്യു.

ഫോട്ടോ, വീഡിയോ ജേർണലിസ്റ്റ് എന്ന നിലയിലും ഫോട്ടോ പ്രഫഷണൽ എന്ന പേരിലും ന്യൂയോർക്കിലും സമീപ സംസ്ഥാനങ്ങളിലും അറിയപ്പെടുന്ന വ്യക്തിയാണ് വൈസ് പ്രസിഡണ്ട് ബിനു തോമസ്. 2024-2025 വർഷങ്ങളിൽ പ്രസ്ക്ലബ് ചാപ്റ്റർ ട്രഷററായി സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്. 2025 ഒക്ടോബർ ആദ്യവാരം ന്യൂജേഴ്സിയിൽ നടന്ന ഐപിസിഎൻഎയുടെ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിന്റെ വൻ വിജയത്തിൽ നിർണ്ണായക പങ്ക് വഹിച്ച വ്യക്തിയാണ് ബിനു. ന്യൂയോർക്ക് ചാപ്റ്ററിന്റെ പ്രസ് മീറ്റ് പരിപാടികളിൽ വീഡിയോ റെക്കോർഡിങ്ങിനും ഇന്റർവ്യൂകൾക്കും മുഖ്യപങ്കു വഹിക്കുന്നു. 24 ന്യൂസ് ചാനൽ, ഫ്ളവേഴ്സ് ടിവി, ഏഷ്യാനെറ്റ് ന്യൂസ് തുടങ്ങിയ ചാനലുകളിലേക്ക് ന്യൂയോർക്കിലെ വിവിധ പരിപാടികളുടെ ദൃശ്യഭംഗികൾ എത്തിച്ചു നല്കുന്ന മാധ്യമപ്രവർത്തകൻ കൂടിയാണ് ബിനു.

ജോയിന്റ് സെക്രട്ടറിയായി സ്ഥാനമേൽക്കുന്ന ജോർജ് തുമ്പയിൽ അമേരിക്കയിൽ അറിയപ്പെടുന്ന മാധ്യമ പ്രവർത്തകനാണ്. ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന മലയാളം ന്യൂസ് പേപ്പറിൽ ദീർഘകാലം എഡിറ്റർ ആയിരുന്നു. ഇപ്പോൾ വിവിധ ഓൺലൈൻ പത്രങ്ങളിലും അച്ചടി മാധ്യമങ്ങളിലും വിവിധ റിപ്പോർട്ടുകളും ലേഖനങ്ങളും കോളമുകളും എഴുതുന്ന പ്രമുഖ മാധ്യമ പ്രവർത്തകനാണ്. ഐപിസിഎൻഎയുടെ വിവിധ പദവികളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള വ്യക്തിയാണ് ജോർജ് തുമ്പയിൽ.

നല്ലൊരു എഴുത്തുകാരനും ഫ്രീലാൻസ് മാധ്യമ പ്രവർത്തകനുമാണ് ഐപിസിഎൻഎ ന്യൂയോർക്ക് ചാപ്റ്റർ ജോയിന്റ് ട്രഷററായി സ്ഥാനമേൽക്കുന്ന സജി കീക്കാടൻ. ദീർഘകാലമായി പ്രസ്ക്ലബ് അംഗമായിരിക്കുന്ന സജി ക്ലബിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവസാന്നിദ്ധ്യമാണ്. വിവിധ ഓൺലൈൻ പേപ്പറുകളിലും അച്ചടി മാധ്യമത്തിലും ശ്രദ്ധേയമായ ലേഖനങ്ങൾ സജിയുടേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജോയിന്റ് ട്രഷറർ എന്ന നിലയിൽ സജിയുടെ സേവനം ന്യൂയോർക്ക് ചാപ്റ്ററിന് പ്രത്യേക ഊർജം പകരുന്നതാണ്.

## ആധാറിന് പുതിയ മുഖമേകി മലയാളി

ന്യൂഡൽഹി: ആധാറിനു പുതിയ മുഖമേകി മലയാളി. ആധാർ അതോറിറ്റിക്കായി (യുഐഡിഎഐ) ഭാഗ്യചിഹ്നം (മാസ്കോട്ട്) രൂപകല്പന ചെയ്യാനുള്ള മത്സരത്തിൽ തൃശൂർ ചാലക്കുടി സ്വദേശി അരുൺ ഗോകുൽ ഒന്നാം സമ്മാനം (50,000 രൂപ) നേടി. അരുൺ ഡിസൈൻ ചെയ്ത ഭാഗ്യചിഹ്നമായിരിക്കും ആധാറുമായി ബന്ധപ്പെട്ട പരസ്യങ്ങളിലും അറിയിപ്പുകളിലും ഉപയോഗിക്കുക.

തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ യുഐഡിഎഐ ചെയർമാൻ നീലകണ്ഠ് മിശ്ര ഭാഗ്യചിഹ്നം അനാവരണം ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 875 എൻട്രികളിൽ നിന്നാണ് അരുണിന്റെ ഡിസൈൻ തെരഞ്ഞെടുത്തത്.

യുഐഡിഎഐ എന്ന വാക്കുമായി ചേർന്നുവരുന്ന 'ഉദയ്' എന്നാണ് ഭാഗ്യചിഹ്നത്തിനു പേരിട്ടിരിക്കുന്നത്. പേരിട്ടത് പൂണെ സ്വദേശിയായ റിയ ജെയ്നാണ്. എറണാകുളത്തുള്ള ലോജിസ്റ്റിക്സ് സ്ഥാപനത്തിൽ ഡപ്യൂട്ടി ഓപ്പറേഷൻസ് മാനേജരാണ് അരുൺ.

കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടെ നാലാം തവണയാണ് കേന്ദ്ര പദ്ധതികൾക്ക് മലയാളികൾ ഡിസൈൻ ചെയ്ത ലോഗോയും ഭാഗ്യചിഹ്നവും സ്വീകരിക്കുന്നത്. കേന്ദ്ര പുനരുപയോഗ മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ഗ്രീൻ ഹൈഡ്രജൻ മിഷന്റെ ലോഗോ മലപ്പുറം വളാഞ്ചേരി സ്വദേശി മധു സി. മോഹനനാണ് ഡിസൈൻ ചെയ്തത്. ഫെബ്രുവരിയിലെ എഐ ഇംപാക്റ്റ് ഉച്ചകോടിയുടെ ലോഗോ തിരുവനന്തപുരം സ്വദേശിയായ അജിത് പി. സുരേഷും ഉപഭോക്തൃ മന്ത്രാലയത്തിനു കീഴിലുള്ള റിപ്പയറബിലിറ്റി ഇൻഡക്സിന്റെ ലോഗോ എസ്. ശ്രീനാഥുമാണ് ഡിസൈൻ ചെയ്തത്.

## മറിയാമ്മ പുന്നൻ ന്യൂയോർക്കിൽ അന്തരിച്ചു

**Mariamma Punnen (85)**
(Retd. Headmistress)

**Wife of Late E.A.Punnen,**
Elanjithara House

**Daughter of:** Late Dr. T.J. Mathew & Annamma Mathew

Thazhathu Bethel House, Thannikkappadi, Vadavathoor, Kottayam, Kerala

Passed away in Nanuet, Rockland, New York, USA

Was staying at rockland new york with son Arun Andrews Punnen



**Son:** Arun Andrews Punnen
**Dtr in law:** Mini Andrews
**Grand Kids:** Ryan & Kenny

**Daughter:** Anitha Subhash
**Son in law:** Late. Subhash
**Grand daughter:** Nikita
**Great Grand Son:** Josiah

**Daughter:** Ancy Easo
**Son in law:** Samuel Easo (Sunil Tristar)
**Grand Kids:** Jithin, Dr. Jelinda Poulose & Jonathan
**Son in law:** Dr. Melvin Poulose

**Siblings of Mariamma Punnen**

John T. Mathew (Raju) & Late Annie Mathew
Thazhathu Bethel House, Thannikkappadi, Kottayam
(USA now lives in Kottayam)

Annamma John & Late John S. John (Sankaramangalam Eraviperoor, Thiruvalla, Kerala)

Babu Philip & Valsamma Philip
Thazhathu Bethel House, Thannikkappadi, Kottayam
(Chicago, USA)

# ഡബ്ല്യുഎംസി ഹൂസ്റ്റൺ സംഗമം വർണ്ണാഭമായി; മേയർ റോബിൻ ഇലക്കാട്ട് ഗ്ലോബൽ സിറ്റിസൺ അവാർഡ് ഏറ്റുവാങ്ങി

ഹൂസ്റ്റൺ: വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി) സംഘടിപ്പിച്ച പുതുവത്സരാഘോഷ പരിപാടി സ്നേഹപൂർവം–2026 വൻ ജനപങ്കാളിത്തത്തോടെ സംഘടിപ്പിച്ചു. സംഘടനാ നേതാക്കളും ജനപ്രതിനിധികളും സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖരും ചടങ്ങിനെ സമ്പന്നമാക്കി.

ഹൂസ്റ്റൺ പ്രവിശ്യ പ്രസിഡണ്ട് തോമസ് സ്റ്റീഫന്റെ സ്വാഗതപ്രസംഗത്തോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. തുടർന്ന് ഹൂസ്റ്റൺ പ്രവിശ്യ ചെയർമാൻ അഡ്വ. ലാൽ ഏബ്രഹാം അദ്ധ്യക്ഷപ്രസംഗം നടത്തി. വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡണ്ട് ജെയിംസ് കൂടൽ ആമുഖ പ്രസംഗം നടത്തി.

**തോമസ് സ്റ്റീഫൻ**

ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി കെ.പി. ജോർജ് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. പുതുവത്സരാഘോഷത്തിന്റെ ഭാഗമായി എല്ലാ വിഐപി അതിഥികളും പങ്കെടുത്ത കേക്ക് മുറിക്കൽ ചടങ്ങും നടന്നു.

തുടർന്ന് ഡബ്ല്യുഎംസി ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, ഗ്ലോബൽ അഡ്മിനിസ്ട്രേറ്റീവ് വൈസ് പ്രസിഡണ്ട് ജെയിംസ് കൂടൽ തുടങ്ങിയവർ ഉൾപ്പെടുന്ന ആഗോള നേതാക്കൾക്ക് സ്വീകരണം നല്കി.

അമേരിക്ക റീജൺ ചെയർ ഡോ. ഷിബു സാമുവൽ, റീജണൽ പ്രസിഡണ്ട് ബ്ലെസൺ മണ്ണിൽ ഉൾപ്പെടെയുള്ള പ്രാദേശിക നേതാക്കളെ ചടങ്ങിൽ ആദരിച്ചു. പുതുവത്സര സന്ദേശം ഡോ. ബാബു സ്റ്റീഫൻ അവതരിപ്പിച്ചു.

സാംസ്കാരിക പരിപാടികളുടെ ഭാഗമായി ലക്ഷ്മി പീറ്റർ അവതരിപ്പിച്ച ലൈവ് മ്യൂസിക് ബാൻഡും ഫാഷൻ ഷോയും ശ്രദ്ധേയമായി. മികച്ച അവതരണവും സംഘാടകമികവും ലൈവ് മ്യൂസിക്–ഫാഷൻ ഷോവിഭാഗം വൻ വിജയമായി. പ്രിൻസി ജെയിംസും ആര്യ ജെയിംസും അവതരിപ്പിച്ച സെമി-ക്ലാസിക്കൽ നൃത്തവും സദസിന്റെ പ്രശംസ നേടി.

പരിപാടിയിലെ പ്രധാന ആകർഷണമായി മിസോറി സിറ്റി മേയർ റോബിൻ ഇലക്കാടിന് ഗ്ലോബൽ സിറ്റിസൺ അവാർഡ് സമ്മാനിച്ചു.

ഡബ്ല്യുഎംസി ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ അവാർഡ് കൈമാറി. തുടർന്ന് മേയർ റോബിൻ ഇലക്കാട്ട് നന്ദിപ്രസംഗം നടത്തി.

ആരോഗ്യ, സമൂഹ സേവന മേഖലകളിലെ മാതൃകാപരമായ സംഭാവനകൾക്കായി മറിയമ്മ തോമസിനും മേരി തോമസിനും അവാർഡ് നല്കി. വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ പ്രസിഡണ്ട് ബിജു ഇട്ടൻ ആശംസകളർപ്പിച്ച് അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തി.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യുവിന് പുരസ്കാരം സമ്മാനിച്ചു. മേയർ കെൻ മാത്യുവിനും പോലീസ് ക്യാപ്റ്റൻ മനു പൂപ്പാറ, സ്റ്റാഫോർഡ് സിറ്റി പ്ലാനിംഗ് ആൻഡ് സോണിംഗ് കമ്മീഷണർ മാത്യു വൈരാമൺ, ലക്ഷ്മി പീറ്റർ എന്നിവർക്കും പ്രത്യേക അനുമോദനം നല്കി.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട മാഗ് പ്രസിഡണ്ട് റോയി മാത്യുവിനെയും മാഗ് നേതൃത്വത്തെയും ചടങ്ങിൽ ആദരിച്ചു. വോട്ട് ഓഫ് താങ്ക്സോടെ പരിപാടി സമാപിച്ചു. ഐക്യത്തിന്റെയും സേവനത്തിന്റെയും സാംസ്കാരിക അഭിമാനത്തിന്റെയും സന്ദേശമാണ് 'സ്നേഹപൂർവം 2026' പുതുവത്സരാഘോഷം ഉയർത്തിപ്പിടിച്ചതെന്ന് സംഘാടകർ അറിയിച്ചു.











# ഫോമാ കേരളാ കൺവൻഷൻ ചിത്രങ്ങളിലൂടെ...

ഫോട്ടോ:
അനിൽ പെണ്ണുക്കര































# ഫോമാ കേരളാ കൺവൻഷൻ ചിത്രങ്ങളിലൂടെ...

ഫോട്ടോ:
അനിൽ പെണ്ണുക്കര




























# ഫോമായുടെ കാരുണ്യം അനവധി കരങ്ങളിലേയ്ക്കെത്തി; 'അമ്മയോടൊപ്പം' ചരിത്രവിജയമായി

**എ.എസ്. ശ്രീകുമാർ**

പിറവം: മാതൃത്വത്തിന്റെ മഹത്വത്തെയും അമ്മമനസ്സിന്റെ ഉറവ വറ്റാത്ത സ്നേഹത്തെയും ആദരിച്ചുകൊണ്ട് സമൂഹത്തിൽ അവശതയനുഭവിക്കുന്ന നിർദ്ധന വിധവകളായ നൂറുകണക്കിനു അമ്മമാർക്ക് പുതുവർഷത്തിൽ ഫോമായുടെ കൈനീട്ടം. അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ ആഭിമുഖ്യത്തിൽ പിറവം കമ്പാനിയൻസ് ക്ലബ് ഓഡിറ്റോറിയത്തിൽ നടന്ന 14-ാമത് 'അമ്മയോടൊപ്പം' കാരുണ്യം കരങ്ങളിലേയ്ക്ക് പരിപാടിയിൽ 600-ലധികം അമ്മമാർക്കാണ് സ്നേഹക്കിറ്റുകൾ സമ്മാനിച്ചത്. അമ്മമാരെ നെഞ്ചോടു ചേർത്തുകൊണ്ട് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ നടന്ന ചടങ്ങിൽ ഫോമാ ഭാരവാഹികളും സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ രംഗത്തെ നിരവധി പ്രമുഖ വ്യക്തിത്വങ്ങളും ആശംസകളുമായി സാന്നിദ്ധ്യമറിയിച്ചു.

"പ്രായത്തിന്റെയും രോഗത്തിന്റെയുമൊക്കെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും അമ്മമാരുടെ മുഖത്തെ ആഹ്ലാദവും ചിരിയും കാണാൻ സാധിച്ചതിൽ വലിയ സന്തോഷമുണ്ട്. രാജ്യസഭാംഗം എന്ന നിലയിൽ നിരവധി സമ്മേളനങ്ങളിൽ ഞാൻ പങ്കെടുക്കാറുണ്ടെങ്കിലും കേരളത്തിൽ ഇത്തരത്തിൽ വ്യത്യസ്തമായ മറ്റൊരു പ്രോഗ്രാം കണ്ടിട്ടില്ല. മനസ് നിറയുന്ന മഹത്തായ ജീവകാരുണ്യത്തിന്റെ പ്രതീകമായ ഒരു സമ്മേളനം നടത്തിയതിൽ ഫോമായെ നിറമനസ്സോടെ അഭിനന്ദിക്കുന്നു. പിറവത്തു മാത്രം ഒതുക്കാതെ കേരളത്തിലെ പാവപ്പെട്ട അമ്മമാരുടെ വലിയ ഒരു പ്രോജക്ടായി ഫോമാ ഇത് വിപുലമാക്കണം. അമ്മയോടൊപ്പം എന്നതിനേക്കാൾ മികച്ച വേറൊരു പേര് ഈ ചാരിറ്റിക്ക് ചേരില്ല എന്നും പറയട്ടെ." സമ്മേളനം ഉദ്ഘാടനം ചെയ്ത ജോസ് കെ. മാണി എംപി അഭിപ്രായപ്പെട്ടു.

കഴിഞ്ഞ 13 വർഷം തുടർച്ചയായി നടക്കുന്ന അമ്മയോടൊപ്പം പരിപാടിക്ക് നേതൃത്വം വഹിക്കാനും നിർദ്ധനർക്ക് ആശ്വാസമെത്തിക്കാനും സാധിച്ചതിൽ തികഞ്ഞ ചാരിതാർത്ഥ്യമുണ്ടെന്നും വരും വർഷങ്ങളിലും പദ്ധതി മുടങ്ങാതെ നടത്താൻ തങ്ങൾക്കുശേഷം ചുമതലയേൽക്കുന്ന ഫോമാ ഭരണസമിതിയോട് നിർദ്ദേശിക്കുമെന്നും യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച പ്രസിഡണ്ട് ബേബി മണക്കുന്നേൽ അറിയിച്ചു. ജാതി-മത ചിന്തകൾക്കും രാഷ്ട്രീയത്തിനും



എല്ലാം അതീതമായി ഏവരേയും ഒരേ മനസ്സോടെ കണ്ടുകൊണ്ടാണ് ഫോമാ ഈ പദ്ധതി നടപ്പാക്കുന്നതെന്നും ഇതു ജന്മനാടിനോടുള്ള ഫോമായുടെ നിറഞ്ഞ സ്നേഹമാണെന്നും ബേബി മണക്കുന്നേൽ പറഞ്ഞു. പരിപാടി കോ-ഓർഡിനേറ്റ് ചെയ്ത രാജീവ് ഗാന്ധി കൾച്ചറൽ ഫോറത്തിന്റെ രക്ഷാധികാരി കൂടിയാണ് അദ്ദേഹം.









തുടർന്ന് സ്നേഹക്കിറ്റുകളുടെ വിതരണം സാജ് ഗ്രൂപ്പിന്റെ സാരഥി സാജൻ വർഗീസും ഭാര്യ മിനി സാജനും ചേർന്നു നിർവഹിച്ചു. അമ്മമാർക്കെല്ലാം ആയുരാരോഗ്യ സൗഖ്യം നേർന്ന സാജൻ വർഗീസ് ഏവർക്കും സന്തോഷവും സമൃദ്ധിയും നിറഞ്ഞ പുതുവർഷം ആശംസിച്ചു.

വസ്ത്രവും ധാന്യക്കിറ്റും നാഗാർജുന മെഡിക്കൽ കിറ്റും സഹായധനവും സ്നേഹവിരുന്നും നൽകിയാണ് അമ്മമാരെ ആദരിച്ചത്. ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, കേരള കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര, നാഷണൽ കൺവൻഷൻ ചെയർമാൻ സുബിൻ കുമാരൻ എന്നിവർക്കൊപ്പം ഫോമാ കുടുംബാംഗങ്ങളും അഭ്യുദയകാംക്ഷികളും ചാരിറ്റിയുടെ വിളംബരമായ 'അമ്മയോടൊപ്പം' പരിപാടിയിൽ പ്രാർത്ഥനാനിരതരായി.

രാജീവ് ഗാന്ധി കൾച്ചറൽ ഫോറത്തിന്റെ ചെയർമാനും പിറവം നഗരസഭയുടെ മുൻ ചെയർമാനുമായ സാബു കെ. ജേക്കബാണ് മാതൃകാപരവും മനുഷ്യത്വം നിറഞ്ഞതുമായ വേദിയിൽ സ്വാഗതം ആശംസിച്ചത്. പരിപാടി ഇത്രയും ഭംഗിയാക്കുന്നതിൽ മുഖ്യപങ്കാളിത്തം വഹിച്ച സാബു ജേക്കബ് ജനസമ്മതനായ പൊതുപ്രവർത്തകനാണ്. അദ്ദേഹം നിയമസഭയിലെത്തേണ്ട വ്യക്തിയാണെന്നാണ് ജോസ് കെ. മാണി പറഞ്ഞത്.

മൺമറഞ്ഞ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ആശീർവാദത്തോടെ 2013-ൽ രാജീവ് ഗാന്ധി കൾച്ചറൽ ഫോറത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച അമ്മയോടൊപ്പം പരിപാടി ഇത് രണ്ടാംവട്ടമാണ് ഫോമാ ഏറ്റെടുത്തു നടപ്പാക്കുന്നത്. ആശാ വർക്കർമാർ ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നെത്തിയവർ ആശംസകൾ നേർന്നു സംസാരിച്ചു. ചടങ്ങിൽ സാജൻ വർഗീസിനെയും ഭാര്യ മിനി സാജനെയും സാബു കെ. ജേക്കബിനെയും ഫോമാ പൊന്നാടയണിയിച്ച് ആദരിച്ചു.

ഫോമായുടെ തുടക്കം മുതലുള്ള സജീവ പ്രവർത്തകനും ന്യൂയോർക്ക് മെട്രോ റീജിയൻ മുൻ ആർവിപി ഉൾപ്പെടെയുള്ള സ്ഥാനങ്ങൾ വഹിച്ച വ്യക്തിയുമായ സ്റ്റാൻലി കളത്തിൽ, ഫോമാ ലാംഗ്വേജ് ആൻഡ് എജ്യൂക്കേഷൻ കമ്മിറ്റി ചെയർമാൻ സാമുവൽ മത്തായി, വെസ്റ്റേൺ റീജിയൻ ആർവിപി ജോൺസൺ ജോസഫ്, ജുഡീഷ്യൽ കമ്മിറ്റി അംഗം ലാലി കളപ്പുരയ്ക്കൽ, കൈരളി ടിവി യുഎസ്എ ഡയറക്ടർ ജോസ് കാടാപുറം, സംഘടനയുടെ തുടക്കം മുതലുള്ള സജീവ പ്രവർത്തകൻ മാത്യു വർഗീസ്, ഡാളസ് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജൂഡി ജോസ്, ഓർമ്മ വില്ലേജ് സാരഥി ജോസ് പുന്നൂസ്, മാധ്യമ പ്രവർത്തകനായ മാത്തുക്കുട്ടി ഈശോ തുടങ്ങിയവർ ഫോമാ പ്രതിനിധികളായി ചടങ്ങിൽ സംബന്ധിച്ചു.

മുൻ എംഎൽഎ എം.ജെ. ജേക്കബ്, സംസ്ഥാന ഭക്ഷ്യസുരക്ഷ അംഗം കെ.എം. സുഗതൻ, മുൻ പഞ്ചായത്ത് പ്രസിഡണ്ട് കെ.പി. സലിം, നാഗാർജ്ജുന ഏരിയ സെയിൽസ് മാനേജർ കെ.വി. സന്തോഷ് കുമാർ, റോട്ടറി ഇന്റർനാഷണലിന്റെ ഡോ. എ.സി. പീറ്റർ, നഗരസഭ മുൻ ചെയർപേഴ്സൺ അഡ്വ. ജൂലി സാബു, ഏലിയാമ്മ ഫിലിപ്പ്, നഗരസഭാ കൗൺസിലർ ഉണ്ണി വല്ലയിൽ തുടങ്ങിയവരും ആശംസകളർപ്പിച്ചു. ഫോമാ ജോയിന്റ് സെക്രട്ടറി പോൾ പി. ജോസ് ഏവർക്കും ഹൃദയപൂർവം കൃതജ്ഞത പ്രകാശിപ്പിച്ചു. സിബി പൗലോസായിരുന്നു എം.സി.





ഫോമായുടെ ആഭിമുഖ്യത്തിൽ വിജയകരമായി സമാപിച്ച അമ്മയോടൊപ്പം പരിപാടി കേരളമാകെ വ്യാപിപ്പിക്കണമെന്ന അഭിപ്രായമാണ് ചടങ്ങിൽ സംസാരിച്ച ഏവരും ഒരേ സ്വരത്തിൽ പറഞ്ഞത്. ജന്മനാടും അമേരിക്കൻ മലയാളികളും തമ്മിലുള്ള സ്നേഹത്തിന്റെ പാലമാണ് അമ്മയോടൊപ്പം പരിപാടി ഇത്തവണയും തീർത്തത്. സമൂഹത്തിന്റെ ആർക്കിടെക്ടുകളാണ് അമ്മമാർ. ഫോമാ കേരളത്തിൽ നടപ്പാക്കിയിട്ടുള്ള പരിപാടികളിൽ ഏറ്റവും അഭിമാനകരമാണ് നിർദ്ധന അമ്മമാർക്ക് കൈത്താങ്ങാകുന്ന ഈ പദ്ധതി. ഫോമായുടെ കാരുണ്യം അങ്ങനെ ഒട്ടനവധി അമ്മമാരുടെ കരങ്ങളിലേയ്ക്കെത്തി.





# 'അമ്മയോടൊപ്പം': ഫോമായുടെ കാരുണ്യം ചിത്രങ്ങളിലൂടെ...





















കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം


# പൊന്മുട്ട തേടിവന്ന സത്യാ നിനക്ക് നന്ദി...



രഘുനാഥ് പലേരി



ഷാജി എൻ. കരുൺ



സത്യൻ അന്തിക്കാട്



**ചു**റ്റും മഴ പെയ്യുന്ന ഒരു പകൽ നേരത്താണ് ശ്രീ. സത്യൻ അന്തിക്കാട് കാഞ്ഞ ങ്ങാടുള്ള 'പിറവി'യുടെ ചിത്രീ കരണം നടക്കുന്ന സ്ഥലത്തേ ക്ക് എന്നെ തേടി വരുന്നത്. ശ്രീ. ഷാജി കരുണിന്റെ ചിത്ര മായിരുന്നു പിറവി. ഷാജി ഇന്നില്ല. ഷാജിയുടെ മനസ്സ് നിറയെ സിനിമാ മഴയായിരു ന്നു. പെയ്യിക്കാവുന്നത്രയും പെയ്യിച്ചാണ്, മനസ്സിനകത്ത് പെയ്തമർന്നൊരു മഴപോലെ ഷാജിയും ഈ ഭൂമി വിട്ടത്.

തൃശ്ശൂരിൽ നിന്നേ പുറപ്പെട്ട് മഴയത്ത് വന്നിറങ്ങിയ സത്യനെ, മഴയിലേക്ക് വിരൽ ചൂണ്ടിക്കാണിച്ചത് ഷാജി യായിരുന്നു. ക്യാമറക്കരികിൽ നിന്നും മഴയത്ത് നടന്നാണ് സത്യനരികിൽ എത്തിയതും. സത്യൻ വന്നത് എന്നോട് 'പൊന്മുട്ട ഇടുന്ന തട്ടാനെ' ചോദിക്കാനായിരുന്നു. യാതൊരു മടിയുമില്ലാതെ, ദേഹത്തിലെ നനവ് പോലും തുടയ്ക്കാതെ, സത്യൻ തട്ടാനെ ചോദിച്ചു. ശ്രീനിവാസനെ തട്ടാനായി സ്വീകരിക്കുമെങ്കിൽ പൊന്മുട്ട തരാമെന്ന് ഞാനും വാക്കു പറഞ്ഞു. സത്യനും ഞാനും പരസ്പരം വാക്ക് പാലിച്ചു. ആ തട്ടാൻ ആയി രുന്നു ഞങ്ങൾ ഒരുമിച്ചുള്ള ആദ്യ സിനിമ. ഒരു പപ്പടം ചുട്ടെടുക്കുന്ന മനോഹാരിത പോലെയാണ് സത്യൻ തട്ടാ നെക്കൊണ്ട് അനായാസം പൊന്മുട്ട ഇടീപ്പിച്ചത്. ആ പൊൻമുട്ട മനസ്സിന്റെ ആകാ ശത്തിലെ നിറവെളിച്ചമായി ഇന്നും എന്നിൽ നിറഞ്ഞു നിൽക്കുന്നു.

പിന്നീടുള്ള സിനിമ കൾക്കിടയിൽ എപ്പോഴൊ ക്കെയോ ആണ് സത്യന്റെ ചുറ്റുമുള്ള ലോകം എന്നി ലേക്കും കുടിയേറുന്നത്. അ ങ്ങിനെ മനസ്സിൽ പതിഞ്ഞ സത്യന്റെ മക്കളിൽ അഖിലും






അനൂപും സ്റ്റാർട്ടും കട്ടും കേട്ട് വളർന്നും പഠിച്ചും എഴുതിയും എഴുതാതെയും സിനിമാ സംവിധായകരായി. അവരുടെ സിനിമകളും പ്രേക്ഷകർക്കു മുന്നിലെ കാഴ്ചകളായി.

ഇതാ ഇന്നത്തെ മഴയത്ത്, അതിലൊരു മകനായ അഖി ലിന്റെ മുന്നിൽ, അവനെഴു തിയ സംഭാഷണം ഉരുവിട്ട്, അവന്റെ പുതിയ സിനിമയിലെ ഒരു കഥാപാത്രമായി ഞാനും മഴ നനഞ്ഞും നനയാതെയും നിൽക്കുന്നു. എത്ര വ്യക്ത മായാണ് അഖിൽ ഓരോ കാര്യവും എനിക്ക് പറഞ്ഞു തരുന്നത്. ഒപ്പം വളർന്നവരുടെ മക്കളോടൊപ്പം വീണ്ടും വളരാൻ അനുഗ്രഹം ലഭിക്കു ക ഏതോ മഹാശക്തിയുടെ വരദാനമാണ്. ആ ശക്തിക്കു മുന്നിൽ ശിരസ്സ് നമിക്കവേ മനസ്സുതന്നെ ഒരു പ്രഭാവ ലയമാകുന്നു. ഈ ദിവസം ഷാജിക്ക് സമർപ്പിക്കുന്നു

---

# കാശ്മീരസന്ധ്യ

കവിത




പ്രസന്ന ചമ്പക്കര

**ഹി**മകണം പൊഴിയുമീ
കുളിരുള്ള സന്ധ്യയിൽ
ഹിന്ദോളം പാടുന്ന
കുളിർത്തെന്നലേ
പരിഭവം ചൊല്ലിയെ-
ന്നരികിൽ വരാറുള്ള
പനിമതിപ്പെണ്ണിനെ
കണ്ടുവോ നീ?
പീതപുഷ്പങ്ങളാൽ
പൂവണിഞ്ഞുള്ളൊരാ
മാനത്തെ
പൂങ്കാവനത്തിനുള്ളിൽ
മാരിവില്ലഴകിന്റെ
മേനിയാൽ സുന്ദരി
മഞ്ഞിൻ പുതപ്പിൽ
ഒളിച്ചിരിപ്പൂ!

ഹിമപർവ്വതത്തിന്റെ
താഴ്വാര ഭംഗിയിൽ
കിളികൾതൻ കൂജനം
കേട്ടുനിൽക്കേ
തുഴയുന്നു നീർത്തടാ-
കത്തിലെ വഞ്ചിപോൽ
മധുരമാം
ജീവിതപാത തേടി!

പറയുവാനെന്തോ
കൊതിക്കുന്നധരങ്ങൾ
പരിരംഭണത്തിന്റെ
കഥകളാണോ?
എന്തോ തിരയുന്നു
കണ്ണുകൾ വീണ്ടും
കാശ്മീരസന്ധ്യതൻ
ഭംഗിയാണോ?




കേരളാ എക്സ്പ്രസ് വാരാന്ത്യം

# എക്കോ നിഗൂഢ ത്രില്ലർ



ഹക്കീം ചോലയിൽ

മലയാളത്തിൽ അടുത്തിടെ ഇറങ്ങിയ നിഗൂഢത നിറഞ്ഞ ക്രൈം ലവ് ത്രില്ലർ ജോണറിൽപ്പെട്ട സിനിമ 'എക്കോ' നെറ്റ്ഫ്ളിക്സിൽ പ്രദർശിപ്പിച്ചു വരുന്നു.

**കഥാപരിസരം:**

കേരളത്തിലെ കാട്ടുപ്രദേശമായ ഒരിടത്ത് നടക്കുന്ന ചില സംഭവങ്ങളാണ് ഈ സിനിമ അനാവരണം ചെയ്യുന്നത്. ഒറ്റപ്പെട്ട് താമസിക്കുന്ന മലേഷ്യയിൽ നിന്നുള്ള ഒരു സ്ത്രീയായ മ്ലാത്തി (ബിയാന മോമിൻ) ഇവിടെ തനിച്ചാണ് താമസം. അവരുടെ മക്കൾ നിയമിച്ചതെന്ന് പറയപ്പെടുന്ന പീയൂസ് (സന്ദീപ് പ്രദീപ്), മ്ലാത്തിക്ക് എന്നും വന്ന് കൂട്ടു കിടക്കുന്നു. വിശ്വസ്തരായ മലേഷ്യൻ നായ്ക്കളുടെ ഒരു കൂട്ടം ഇവരെ സംരക്ഷിക്കാൻ നിഗൂഢത പരത്തി ചുറ്റിലും കാണാം. ഒരു ക്രിമിനൽ കേസിൽ കുടുങ്ങി ആറു വർഷങ്ങളായി കാണാതായ, വളർത്തുനായ ട്രൈനർ കുര്യാച്ചനെ (സൗരഭ് സച്ച്ദേവ) നിരവധി ആളുകൾ ഈ താഴ്വാരത്തിലേക്ക് അന്വേഷിച്ചു വരികയാണ്. കുര്യച്ചൻ തന്റെ പരിശീലനം ലഭിച്ച നായ്ക്കളുടെ സഹായത്തോടെ ഇടതൂർന്ന വനത്തിലെവിടെയോ ഒളിച്ചിരിക്കുകയാണെന്ന് പലരും വിശ്വസിക്കുന്നു. എന്നാൽ ഇതുവരെ ആർക്കും അദ്ദേഹത്തെ സ്പോട്ട് ചെയ്യാൻ സാധിച്ചിട്ടില്ല. അതിനാൽ അയാൾ എവിടെയോ അജ്ഞാതമായി ജീവിക്കുന്നുണ്ടെന്ന് അയാളെ നന്നായി മനസ്സിലാക്കിയവർ വിശ്വസിക്കുന്നുണ്ട്. എന്തുകൊണ്ടാണ് ഇത്രയധികം ആളുകൾ അയാളെ തിരയുന്നത്?

പീയൂസും നായ്ക്കളും യഥാർത്ഥത്തിൽ കുര്യച്ചൻ എന്ന കഥാപാത്രവുമായി എങ്ങനെ ബന്ധപ്പെട്ട് കിടക്കുന്നു.?

മലേഷ്യയിൽ നിന്നു വന്നിട്ടുള്ള ഒരു സ്ത്രീ ആരുടെയും സഹായമില്ലാതെ കേരളത്തിലെ ഒരു അതിർത്തി പ്രദേശത്ത് എങ്ങനെ നിശബ്ദമായി ജീവിക്കുന്നു? തുടങ്ങിയ ഒരുപിടി ചോദ്യങ്ങളിലേക്ക് ചിത്രം നമ്മെ നയിക്കുന്നു.

**സിനിമയുടെ മേന്മകൾ**

ഒരു നിഗൂഢ ത്രില്ലറായി ആദ്യവസാനംവരെ ചിത്രത്തെ നിലനിർത്താൻ സംവിധായകന് സാധിച്ചിട്ടുണ്ട്. ഇടതൂർന്ന് നില്ക്കുന്ന വനത്തിന്റെ നിശ്ശബ്ദത. അവിടെയുള്ള മനുഷ്യരുടെ മനസ്സിലെ ദുരൂഹതകൾ. കാട്ടിലേക്ക് കയറിവരുന്ന അപരിചിതരായ മനുഷ്യരുടെ സംശയകരമായ ഭാവപ്രകടനങ്ങൾ. കാട്, ഒറ്റപ്പെട്ട വീട്, നായ്ക്കൾ, ആഖ്യാനത്തെ ചുറ്റിപ്പറ്റിയുള്ള ശാന്തവും എന്നാൽ അസ്വസ്ഥത ഉളവാക്കുന്നതുമായ മാനസികാവസ്ഥ തുടങ്ങിയ ഘടകങ്ങൾ മലയാള സിനിമയ്ക്ക് അപരിചിതമായ ഇടങ്ങൾ എന്ന് ധ്വനിപ്പിക്കുവാൻ സിനിമയ്ക്ക് കഴിയുന്നുണ്ട്. നിഗൂഢതയെ പൊലിപ്പിക്കുന്ന സിനിമയുടെ പശ്ചാത്തല സംഗീതവും സിനിമയ്ക്ക് വലിയ മുതൽക്കൂട്ടാണ്.

ഉപരിതലത്തിൽ കഥ ലളിതമായി തോന്നുമെങ്കിലും, അതിന്റെ ശക്തി നോൺ-ലീനിയർ ആഖ്യാനത്തിലെ സൃഷ്ടിപരതയിൽ സിനിമയുടെ ഗതിയെ വലിയ തോതിൽ നിർണയിക്കുന്നുണ്ട്. ഓരോ നിമിഷത്തിലും സസ്പെൻസ് നിലനിർത്തുന്ന തിരക്കഥ ഈ ചിത്രത്തിന് വലിയ സംഭാവന നല്കുന്നു. തുടക്കത്തിൽ അല്പം മന്ദഗതി സ്വീകരിക്കുന്നുണ്ടെങ്കിലും മാറി മാറി വരുന്ന കഥാപാത്ര സൃഷ്ടിയിൽ ഈ മന്ദത മറികടക്കുവാൻ അതിവേഗം സിനിമയ്ക്ക് സാധിക്കുന്നുണ്ട്.

പ്രകടനങ്ങളുടെ കാര്യത്തിൽ, അണ്ടർഡോഗ് കഥാപാത്രമായ കുര്യച്ചനെ അവതരിപ്പിച്ച സന്ദീപ് പ്രദീപ് നിയന്ത്രിതമായ ശരീര ചലനങ്ങളോടെ വ്യതിരിക്തമായ പ്രകടനം കാഴ്ചവയ്ക്കുന്നു. പരിമിതമായ സംഭാഷണങ്ങൾ മാത്രം ഉണ്ടായിട്ടും ബിയാന മോമിൻ തന്റെ ശരീരഭാഷയിലൂടെയും ഭാവപ്രകടനങ്ങളിലൂടെയും മ്ലാത്തിയെന്ന സ്ത്രീയുടെ ഹൃദയവികാരങ്ങൾ ഫലപ്രദമായി പ്രകടിപ്പിക്കുന്നു. വിനീത് തനിക്ക് കിട്ടിയ വേഷത്തിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുമ്പോൾ, ഗസ്റ്റ് റോളിലാണെങ്കിലും നരേൻ ആ കഥാപാത്രത്തിന്റെ നിഗൂഢമായ ഭാവം അവതരിപ്പിച്ച് സിനിമയുമായി ഇണങ്ങി നില്ക്കാൻ കൂടുതൽ സഹായകമാകുന്നു.

**ന്യൂനതകൾ:**

ഒരു നോൺ-ലീനിയർ ആഖ്യാനത്തെ പിന്തുടരുന്നതുകൊണ്ടുതന്നെ കഥയുടെ ഗതി കണ്ടുപിടിക്കാൻ പ്രേക്ഷകൻ അല്പം മനക്ലേശം അനുഭവിക്കുന്നുണ്ടെന്ന് പറയാം. ഒന്നിലധികം വീക്ഷണകോണുകളിലൂടെ സംഭവങ്ങളെ അവതരിപ്പിക്കുമ്പോഴുണ്ടാകുന്ന അനിശ്ചിതത്വം ചിത്രത്തെ അല്പം മന്ദഗതിയിലേക്ക് നയിക്കുന്നു. ഉപകഥകൾ സമാന്തരമായി വികസിക്കുന്നതിനാൽ നഷ്ടപ്പെടുന്ന ഇടങ്ങളെ പെട്ടെന്ന് പൂരിപ്പിക്കുവാൻ പ്രേക്ഷകന് സാധിക്കാതെ വരുന്നു. അതുപോലെ ക്ലൈമാക്സിലെ കൃത്യതയില്ലായ്മയും ചില പ്രേക്ഷകരെ പൂർണമായും സിനിമ തൃപ്തിപ്പെടുത്തുമെന്ന് തോന്നുന്നില്ല.

രചന നിർവഹിച്ച ബാഹുൽ രമേശും സസ്പെൻസ് നിലനിർത്തുന്നതിൽ പ്രധാനമായ അന്തരീക്ഷ സൃഷ്ടിയും കലാപശ്ചാത്തലവും കൈയടക്കത്തോടെ നിർവഹിച്ച സംവിധായകൻ ദിൻജിത്ത് അയ്യത്താനും അഭിനന്ദനങ്ങൾ അർഹിക്കുന്നു.

# മറവി...

കവിത



സുജാത് ശ്രീപദം

മറവിയുടെ ആഴങ്ങളിലേക്ക്
പുറംകാലുകൊണ്ട്
തട്ടിയെറിയുന്നവർക്ക് നേരെ നോക്കി
നീയെന്തിനാണ് കൈകൾ നീട്ടുന്നത്,
വിസ്മൃതിയുടെ ആഴക്കടലിൽ
ഓർമ്മയുടെ വേലിയേറ്റത്തിൽ
നീയവിടെ ശ്വാസംമുട്ടി
കണ്ണുതുറിച്ച്, ചങ്കിലെ സിരകളിൽ
ചോര തലങ്ങും വിലങ്ങുമോടി
തിങ്ങിപ്പൊട്ടി മരിച്ചോട്ടെ.
നിന്നെ പിൻവിളി വിളിക്കുമെന്ന
വ്യാമോഹമൊരു നരച്ച സ്വപ്നം മാത്രം.
വെറുക്കപ്പെട്ട ചിന്താഭാരത്താൽ
വിഷംതീണ്ടിയ ഓർമ്മക്കനികൾ
അയവിറക്കും സാത്താനാണിന്നു നീ.
നിന്റെ ചുടുചോരയിലലിഞ്ഞ
മാധുര്യമൊക്കെയും വിഷമയമായി
നാലറകളും നീലിച്ച ചോരക്കട്ടകളും.



KERALA EXPRESS പ്രവാസി താളുകൾ

# SANTA'S AFTER PARTY 2026







## പുതുവത്സരത്തിലെ സൗഹൃദവും സാംസ്കാരികവും മെച്ചപ്പെടുത്തുന്ന WMC അമേരിക്ക റീജിയൻ & ഫ്ളോറിഡ പ്രൈം പ്രൊവിൻസ് ടാമ്പ വിരുന്നിന് ഒരുക്കം

ടാമ്പ, ഫ്ളോറിഡ: ലോകമെമ്പാടുമുള്ള മലയാളികളുടെ ഐക്യബോധവും മനുഷ്യസൗഹൃദവും ഉയർത്തിപ്പിടിക്കുന്ന വേൾഡ് മലയാളി കൗൺസിൽ, അതിന്റെ അമേരിക്കൻ റീജിയൻ & ഫ്ളോറിഡ പ്രൈം പ്രൊവിൻസ് മുഖേന, പുതുവത്സരത്തിന്റെ സന്തോഷം പങ്കിടുന്ന ഒരു മനോഹര വേദി ഒരുക്കുന്നു. 'Santa's After Party 2026' എന്ന പേരിൽ നടക്കുന്ന ഈ മുഖ്യപരിപാടി 2026 ജനുവരി 17-ന് ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് വാൽറിക്കോയിലെ സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് കമ്യൂണിറ്റി സെന്ററിൽ അരങ്ങേറും.

WMC ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ മുൻനിരയിൽ നിന്നു നയിച്ചുകൊണ്ട് അമേരിക്ക റീജിയൻ പ്രസിഡണ്ട് ബ്ലെസ്സൻ മണ്ണിൽ, WMC ഫ്ളോറിഡ പ്രൈം പ്രൊവിൻസ് പ്രസിഡണ്ട് കരോളിൻ ബ്ലെസ്സൻ ആത്മവിശ്വാസത്തോടെ നയിക്കുന്ന ഈ വർഷത്തെ പുതുവത്സര സംഗമം, അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യത്തിനും കൂട്ടായ്മയ്ക്കും ഒരു ശക്തമായ പ്രഖ്യാപനമാകും. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ WMC ലോകമെങ്ങും നടപ്പാക്കുന്ന സമഗ്ര, സാംസ്കാരിക, മനുഷ്യസേവന പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ് ഈ ആഘോഷം.

മനുഷ്യൻ ഏത് മതത്തിൽപ്പെട്ടാലും ശുദ്ധചിന്ത, സത്യാന്വേഷണം, സ്നേഹം, സഹജീവി സേവനം-ഈ മൂല്യങ്ങളാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത് എന്ന സർവ്വത്ര പ്രസക്തമായ സന്ദേശം ഈ പരിപാടി ഉയർത്തിപ്പിടിക്കുന്നു. ഈ മൂല്യങ്ങൾ ഹിന്ദു, ക്രിസ്ത്യൻ, ഇസ്ലാം അടക്കമുള്ള എല്ലാ



മതങ്ങളുടെയും അടിസ്ഥാനം എന്നതിൽ വാദം വേണ്ട.

സൂപ്പർ ആക്ഷൻ ഹീറോ ബാബു ആന്റണി മുഖ്യ അതിഥിയായിരിക്കും. ഹിൽസ്ബോറോ കൗണ്ടി കമ്മീഷണറായി മത്സരിക്കുന്ന ഡോക്ടർ നീൽ മണിമല ചടങ്ങിൽ പങ്കെടുക്കും.

**പരിപാടിയുടെ പ്രധാന ആകർഷണങ്ങൾ:** * Skyway Bridge band സ്പെഷ്യൽ പെർഫോമൻസ് * ഹൃദയം കീഴടക്കുന്ന മ്യൂസിക് & ഡാൻസ് പെർഫോമൻസുകൾ * കുടുംബങ്ങൾക്കായി ഹോട്ട് കൊക്കോയും ഇൻഡോ ചൈനീസ് ഡിന്നറും * Mr & Mrs. Claus ഫോട്ടോ ഷൂട്ട്, കുട്ടികളുടെ പ്രിയപ്പെട്ട കോർണർ * Silent Auction * Raffle Events - ആഘോഷത്തിന് പുതുമയും ആവേശവും പകരാൻ Raise a glass, dress with class-Wine & Champagne Palette എന്ന dress them സായാഹ്നത്തെ കൂടുതൽ മനോഹരമാക്കും.

സാംസ്കാരിക വൈവിധ്യം ആഘോഷിക്കപ്പെടുന്നതോടൊപ്പം പരസ്പരം സഹായിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഒരു സമൂഹമായി വളരാൻ ഇത് അവസരം സൃഷ്ടിക്കുന്നു.

പുതുവത്സരത്തെ വരവേൽക്കുന്നത് ഒരു ആഘോഷം മാത്രമല്ല, ഒന്നിച്ച് ചിരിക്കുകയും പങ്കിടുകയും പരസ്പരം ഉയർത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന ഒരു സമുദായത്തിന്റെ ശോഭയേറിയ പ്രഖ്യാപനമാണ്. WMC-യുടെ ഈ കൂട്ടായ്മ മനുഷ്യരുടെ മനസ്സുകളിൽ കൂടുതൽ കരുണയും ഐക്യവും വിതയ്ക്കുന്ന ഒരു പ്രകാശദീപമായി മാറും.

കൂടുതൽ വിവരങ്ങൾക്ക്: wmcamericaregion.com/ wmcfloridaprime.com ബ്ലെസ്സൻ മണ്ണിൽ 727 481 9680, ദീപക് സതീഷ് 432 242 4041

# ദാസേട്ടന് തുല്യം ദാസേട്ടൻ മാത്രം

## നമ്മുടെ പ്രിയപ്പെട്ട ദാസേട്ടന് പിറന്നാൾ ആശംസകൾ

**ജോജോ തോമസ്, പാലത്ര**

ന്യൂയോർക്ക്: ജനുവരി 10, 2026 - സംഗീത ആസ്വാദകരുടെ പ്രിയങ്കരനായ ഗാനഗന്ധർവ്വൻ ദാസേട്ടന്റെ 86-ാം ജന്മദിനം.

നവംബർ 14, 1961-ൽ കാൽപാടുകൾ എന്ന ചിത്രത്തിൽ സംഗീത സംവിധായകൻ എം.ബി. ശ്രീനിവാസൻ ചിട്ടപ്പെടുത്തി ദാസേട്ടൻ പാടിയ

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്..."

1964-ൽ തമിഴ്ചിത്രമായ 'ബൊമ്മയ്'യിൽ
നീയും ബൊമ്മയ് ഞാനും ബൊമ്മയ്
നിനച്ചുപാത്താൽ എല്ലാം ബൊമ്മയ്...

ആ ശബ്ദമധുരിമയുടെ ജൈത്രയാത്രയിൽ 50,000-ലേറെ സിനിമാ ഗാനങ്ങൾ, വ്യത്യസ്ത ഭാഷകളിൽ - മലയാളം, തമിഴ്, ഹിന്ദി, കന്നഡ, തെലുങ്ക്, ബംഗാളി, ഗുജറാത്തി, ഒറിയാ, മറാത്തി, പഞ്ചാബി, സംസ്കൃതം, തുളു, മലായ്, റഷ്യൻ, അറബിക്, ലാറ്റിൻ, ഇംഗ്ലീഷ് തുടങ്ങി നിരവധി ഭാഷകളിൽ ആലപിച്ചു മുദ്രവച്ചത് സംഗീത ആസ്വാദകരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

ഇടയ കന്യകെ.....
സ്വപ്നങ്ങളെ.......
അമ്മായെൻട്രഴൈക്കാത് -
മഞ്ഞക്കിളിയുടെ മൂളിപ്പാട്ട്...
കണ്ണേ കലൈമാനേ......
താമസമെന്തേ വരുവാൻ.....
ആയിരം പാദസരങ്ങൾ......
സാഗരമെ ശാന്തമാകനീ ......
പ്രണയസരോവര തീരം.....
സന്യാസിനി നിൻ പുണ്യാശ്രമത്തിൽ.....
മഞ്ജുഭാഷിണി..........
നിൻമണിയറയിലെ.......
പ്രേമഭിക്ഷുകി........
ചന്ദ്രകാന്തംകൊണ്ട് നാലുകെട്ട്........
ദൈവംതന്ന വീട് വീഥിയെനിക്ക്..........
അതിശയരാഗം ആനന്ദരാഗം...........

തുടങ്ങി ആയിരക്കണക്കിനു വ്യത്യസ്ത ഭാഷകളിലെ ഗാനങ്ങൾ സംഗീതപ്രേമികളുടെ ഹൃദയത്തെ തൊട്ടുണർത്തിയ അനശ്വര ഗാനഗന്ധർവ്വനാണ് ദാസേട്ടൻ.

ദാസേട്ടനെ തുലനം ചെയ്യാൻ ദാസേട്ടൻ മാത്രം. ദാസേട്ടൻ പാടിയിട്ടുള്ള എല്ലാ ഭാഷകളിലെ ഗാനങ്ങളിലും ആ ഭാഷയോട് നീതി പുലർത്തിക്കൊണ്ട് ഉച്ചാരണശുദ്ധിയോടെ, അർത്ഥവ്യാപ്തി ഉൾക്കൊണ്ടുകൊണ്ട് അതാതു ഭാഷയോട് താദാത്മ്യപ്പെട്ടുകൊണ്ട് പാടുവാനുള്ള അസാധാരണ സംഗീതവൈഭവം ദാസേട്ടന്റെ ദൈവീക വരദാനമാണ്.

ഒരുദിവസം വിവിധ ഭാഷകളിൽ 11 ഗാനങ്ങൾ



ജോജോ തോമസ് യേശുദാസിനൊപ്പം

ആലപിച്ചതിന്റെ റെക്കോർഡ് ദാസേട്ടന്റെ പേരിൽ ഇന്നും നിലനിൽക്കുന്നു.

50,000-ത്തിലേറെ ഗാനങ്ങൾ ഔദ്യോഗികമായി റെക്കോർഡ് ചെയ്യപ്പെട്ട ഗാനങ്ങൾ ആലപിച്ച ഏക ഗായകൻ ലോകത്തിൽ ഇന്നും ദാസേട്ടൻ മാത്രം.

7 ദേശീയ അവാർഡുകൾ
43 സംസ്ഥാന അവാർഡുകൾ
1975-ൽ പത്മശ്രീ പുരസ്കാരം
2002-ൽ പത്മഭൂഷൺ പുരസ്കാരം
2017-ൽ പത്മവിഭൂഷൺ പുരസ്കാരം നൽകി ഇന്ത്യാ ഗവൺമെന്റ് ദാസേട്ടനെ ആദരിച്ചു.

അഞ്ചു ദശാബ്ദകാലത്തെ മനുഷ്യായുസ്സിനുള്ളിൽ 50,000-ൽ അധികം ഗാനങ്ങൾ റെക്കോർഡ് ചെയ്ത ഇന്ത്യയുടെ ആകാശ ഗായകൻ എന്ന ബഹുമതി 2011-ൽ CNN-IBN പുരസ്കാരം ദാസേട്ടനു നൽകി ആദരിച്ചു.

എല്ലാ മതവിഭാഗത്തിലും ഏകദൈവത്തെ മനസ്സിൽ ഉണർത്തി ആലപിച്ച ഹൃദയസ്പർശിയായ ഗാനങ്ങൾ........

* പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ...........
* റസൂലെ നിൻ കനിവാലെ
റസൂലെ നിൻ വരവാലെ...

(ശേഷം 34-ാം പേജിൽ)

# 75 പിന്നിട്ട ഒരു ദാമ്പത്യകാവ്യം

**ലിൻസ് താന്നിച്ചുവട്ടിൽ**

**ദാ**മ്പത്യം ഒരു മഹാകാവ്യമാണ്. വായിക്കുംതോറും കൂടുതൽ കൂടുതൽ അർത്ഥതലങ്ങൾ മുളപൊട്ടുന്ന ഒരു മഹാകാവ്യം. വിവാഹജീവിതം ഒരു വർഷംപോലും പൂർത്തിയാക്കുന്നതിനു മുമ്പ് രണ്ടുപേരും രണ്ടു വഴിക്കാകുന്ന ഇന്നത്തെ ചില ദാമ്പത്യങ്ങൾക്കിടയിൽ ഒരേ മേൽക്കൂരയ്ക്കു കീഴിൽ 75 വർഷം ഒരുമിച്ചു ജീവിച്ചു എന്നു പറയുന്നതുതന്നെ ഏറ്റവും വലിയ വിസ്മയവും അത്ഭുതവുമാണ്. മനുഷ്യന്റെ ആയുസ് ഏറിയാൽ എഴുപത് എന്നൊക്കെയാണല്ലോ ബൈബിൾ പറയുന്നത്. ഈ അത്ഭുതങ്ങൾ ചേർത്തുവെച്ചുകൊണ്ടു വേണം കളപ്പുരയ്ക്കൽ കരോട്ട് കുര്യൻ-മറിയാമ്മ ദമ്പതികളുടെ ദാമ്പത്യപ്രയാണത്തിലെ 75 വർഷങ്ങളെ കാണേണ്ടത്. ദാമ്പത്യജീവിതത്തിലെ മഴയും വെയിലും മഞ്ഞും അനുഭവിച്ച് 75 വർഷങ്ങളിലൂടെയാണ് ഇവർ കടന്നുപോയിരിക്കുന്നത്. ഇക്കാലയളവിൽ ലഭിച്ച നന്മകളെ അനുസ്മരിച്ച് ദൈവത്തിനു മുമ്പിൽ കൃതജ്ഞതയർപ്പിക്കാനായി മക്കളും മരുമക്കളും കൊച്ചുമക്കളും മറ്റ് പ്രിയപ്പെട്ടവരുമായി അവർ ചിക്കാഗോയിലെ ബെൻസൻവിൽ ദേവാലയത്തിൽ ശനിയാഴ്ച ഒരുമിച്ചുകൂടിയപ്പോൾ അത് പുതിയ തലമുറയെ സംബന്ധിച്ചിടത്തോളം പുതിയൊരു പാഠവും തിരിച്ചറിവുമായിത്തീരുകയാണ്. ദൈവാശ്രയ ബോധത്തിൽ അടിയുറച്ചും അദ്ധ്വാനിച്ചും ക്ഷമിച്ചും സഹിഷ്ണുത പുലർത്തിയും മുന്നോട്ടു പോയാൽ മാത്രമേ കുടുംബജീവിതത്തിൽ വിജയിക്കാനാകൂ എന്നാണ് ഈ ദമ്പതികൾ ലോകത്തോട് പറയുന്നത്. മൂല്യബോധമുള്ളവരായി മക്കളെ വളർത്തേണ്ടതിന്റെ ആവശ്യകതയും ഈ ദമ്പതികൾക്ക് പറയാനുണ്ട്. പഴകുംതോറും വീര്യമേറുന്ന വീഞ്ഞുകണക്കേയാണ് ഇവർക്കിടയിലെ സ്നേഹം. ഈ സ്നേഹവും അടുപ്പവും മാംസനിബദ്ധമല്ല പ്രണയം എന്ന രഹസ്യത്തിനു കൂടിയാണ് അടിവരയിടുന്നത്. ആയുരാരോഗ്യത്തോടെ ഇനിയും ദീർഘനാൾ ജീവിച്ചിരിക്കാൻ ഇവർക്ക് കഴിയട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യാം.







ആലപ്പുരയ്ക്കൽ കുടുംബാംഗമായ മറിയാമ്മയെ കുര്യൻ വിവാഹം കഴിക്കുമ്പോൾ കുര്യന് വയസ് 21, മറിയാമ്മയ്ക്ക് 16. ചിക്കാഗോയിൽ മകൻ ബിനുവിനും ഭാര്യ ജിൻസിക്കും കൊച്ചുമക്കൾക്കുമൊപ്പം താമസിക്കുമ്പോഴും തങ്ങൾ കടന്നുവന്ന വഴികളിലെ ദൈവകൃപയെക്കുറിച്ചാണ് ഇവർ വാചാലരാകുന്നത്. കൊച്ചുമക്കളുടെ മക്കളെ ലാളിക്കുവാനുള്ള സുദുർലഭമായ ഭാഗ്യവും ഇവരെ തേടിയെത്തിയിട്ടുണ്ട്. മകൻ ബിനുവിനും മരുമകൾ ജിൻസിക്കുമൊപ്പം താമസിക്കുന്ന ഇവർക്ക് മറ്റു മക്കളും മരുമക്കളുമായ പെണ്ണമ്മ (ജോർജ് ചക്കാലത്തൊട്ടിയിൽ), മോളി (ജോസഫ് പുളിക്കമറ്റം), ഡെയ്സി (റോയി ഊരിയത്ത്), ലൈസാമ്മ (പരേതനായ ബിജു തുരുത്തിയിൽ) എന്നിവരെല്ലാം ഒരു വിളിപ്പാടകലെയുണ്ടെന്നത് അവരുടെ വാർദ്ധക്യത്തെ ധന്യമാക്കുന്നതായി അവർ പറയുന്നു. വിവാഹത്തിന്റെ ഏഴരപ്പതിറ്റാണ്ട് പൂർത്തിയാക്കുന്ന ഇവർ രണ്ടുപേരും പുതുതലമുറയ്ക്ക് വഴിവിളക്കാകട്ടെയെന്നും ദൈവാനുഗ്രഹത്തിന്റെ നീർച്ചാലുകൾ അവിരാമം അവരുടെമേൽ ഒഴുകട്ടെയെന്നും ക്നാനായ റീജിയൻ ഡയറക്ടറും ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതാ വികാരി ജനറാളുമായ മോൺ. തോമസ് മുളവനാലും ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോന വികാരി റവ.ഫാ. എബ്രഹാം കളരിക്കലും ആശംസിച്ചു.




Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee

Mullappallil Law Group

Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

KERALA EXPRESS പ്രവാസി താളുകൾ

# DON'T THROW AWAY THE BABY WITH THE BATHWATER

Prof. George C. Philip

A recent Pew Research study reports that only 33% of U.S. adults attend religious services at least once a month—nearly a 40% drop in just 16 years. Forty-four percent say they don't believe in the God described in the Bible, and most Millennials (born 1981–1996) don't believe Jesus was divine. What's behind this spiritual decline?

You've probably heard the old saying: "Don't throw the baby out with the bathwater." It means not to discard something precious because of the mess that surrounds it. Yet, when it comes to faith, that's exactly what many—skeptics and believers alike—are doing.

The rational, well-founded core of the Christian faith (the precious "baby") is often discarded because of hypocrisies of religion and its inconsistent, illogical teachings (the messy "bathwater"):

* Some stop attending church after hearing of sexual abuse, corruption, or infighting among church leaders.

* Others lose interest when preachers don't practice what they preach.

* Some are disillusioned by weak or illogical defenses of faith in light of scientific understanding.

* Others recoil when churches use God's name to advance political agendas that appear pro-rich, anti-environment, anti-science, or anti-equality.

* Still others are turned off by the myriad of Biblical interpretations.

* And many struggle to comprehend the supernatural—such as biblical accounts of miracles and the resurrection of Jesus.

Certainly, faith is surrounded by the murkiness of the church—the dirty "bathwater." However, it is crucial to remember that the problem is not with the core beliefs—the "baby"—at all. To discern genuine faith, we need to examine two foundational areas: 1) Belief in God, and 2) The divinity of Jesus.

### Belief in God

Belief in God hinges on Him being the all-powerful creator of the universe and of life itself — a belief supported by sound reasoning, divine revelations, and personal experiences. However, misconceptions about scientific theories and belief in God, have led many skeptics to challenge it.

### The Big Bang theory

A scientific theory that has a significant negative impact on belief in God is the popular Big Bang theory, which proposes that the universe began about 14 billion years ago with the explosion of an extremely condensed bundle of energy. This theory has led many to mistakenly believe that the Big Bang, and science in general, invalidates faith in God. But this view suffers from crucial flaws:

There is no credible scientific theory that can explain how the energy that formed the universe came into existence. The formation of the universe from nothingness, in fact, points to the need for a supernatural creator who is beyond space and time.



Prof. George C. Philip

Furthermore, no credible theory explains the universe's fine-tuning to the precise degree necessary for its existence and for life. At best, Big Bang describes a process that such a creator could have used.

The need for a supernatural creator is also evident in the origin of life on Earth. Despite all advances in science, a credible explanation for how life began on Earth remains elusive. An all-powerful creator explains both the beginning of the universe and of the infinitely complex life and its ability to adapt.

In addition, the Bible offers credible accounts of Jesus's life, miracles, and resurrection, providing evidence that Jesus was divine.

### Jesus Christ: Evidence That Isn't Just Spiritual

Jesus Christ died 2000 years ago. Almost everything about his life – his deity, miracles, resurrection – is unnatural, and limited historical records exist outside the Bible. So, it is understandable that skeptics question the reliability of the Biblical account of Jesus.

However, there are verifiable facts and sound reasoning to answer such questions. Eminent Bible scholars have already established the credibility of the gospels through extensive research considering the context, culture, original language, and archaeological and historical evidence, using the same scientific methods that are commonly used to verify ancient documents.

The results of these investigations are available in various resources, including books like Strobel's The Case for Christ and Joshua McDonnell's Evidence that demands a verdict and Answers to Tough Questions Skeptics ask about the Christian Faith.

Here, we will look at two crucial questions concerning his divinity: 1) Did Jesus really do miracles? 2) Did Jesus resurrect? A segment of the scholars' responses is summarized here:

**The resurrection sparked a radical belief:** If Jesus had not risen from the dead as He foretold, why would His followers have continued to hold such unwavering faith—willing even to face torture and execution? Despite countless critical studies, no one has been able to disprove the biblical accounts of the empty tomb or the post-resurrection appearances of Jesus.

**You can't fake resurrection stories in front of eyewitnesses:** The Gospel writers could not have fabricated the miracles and the resurrection at a time when many eyewitnesses were still alive to challenge them.

**Non-Christian sources provide significant evidence for Jesus:** The Jewish historian Josephus refers to Jesus' miracles and crucifixion, while Pliny the Younger, a Roman governor, records that Christians sang hymns to "Christ as to a god," showing that they worshiped Jesus as divine.

**Pre-Gospel evidence from Paul:** The epistles written by the Apostle Paul, which predates the gospels, indicate that the early church consisting of many eyewitnesses believed in the resurrection of Jesus. In 1 Corinthians 15:3–8, Paul cites an early Christian creed that affirms Jesus's resurrection and His appearances to many witnesses.

**Archaeological support:** Archaeological evidence continues to confirm the places, people, and events described in the Gospels—including the Pools of Bethesda and Siloam.

**Prophecies vindicated:** Many Old Testament passages foretold a Messiah, His suffering, and resurrection—vague? Maybe. But potent when combined with other evidence.

Thus, while some details remain uncertain, the overall evidence strongly supports the reliability of the Gospels.

### Divine revelations and personal experiences

Divine revelations and personal spiritual experiences reported across cultures and throughout history also point to the reality of a supernatural God. Many accounts come from credible individuals whose lives were permanently changed in ways that defy natural explanation:

One of the most remarkable is the conversion of the Apostle Paul, who went from being a violent persecutor of Christians to one of Christianity's greatest missionaries after a dramatic supernatural encounter with the risen Christ.

A similar transformation occurred in the life of Sadhu Sundar Singh of India. Fiercely opposed to Christianity in his youth, he became a devoted follower of Christ after a vivid appearance of the risen Jesus during a night of extreme desperation. He later described his experience as a certainty "beyond argument." From that moment on, he traveled barefoot across India and Tibet, often recounting further divine guidance.

C.S. Lewis, one of the most influential Christian thinkers, offers another compelling example. Once a convinced atheist, Lewis experienced an overwhelming sense of God's presence—that he could neither deny nor explain away—that reshaped his life forever.

And beyond these well-known figures are countless testimonies of miraculous healings and answered prayers—many medically documented and remain strikingly resistant to natural explanation.

These stories, taken together, form a powerful tapestry of human experience pointing toward a living, active God.

### Some parting thoughts

Faith in God should not be shaken by the un-Christian behavior of leaders or by the flawed arguments of defenders of Christianity. Faith is not a blind leap. It rests on solid ground—logical reasons (cosmology, fine-tuning, the origin of life), historical evidence, and personal experiences. The core truths about God and Christ remain firm.

So, dear reader: Honest questions are healthy. Skepticism, when paired with openness, can strengthen rather than weaken faith. Just be careful not to throw out the baby with the bathwater. Hold on to the life-giving truths of the faith, while discarding only the mess created by religion.

## ആഗോള ഒന്നാം റാങ്കുമായി അമേരിക്കൻ മലയാളി

തൃശൂർ: ഗവേഷകരെ ആധികാരികമായി റാങ്ക് ചെയ്യുന്ന അമേരിക്കയിലെ സ്കോളർ ജിപിഎസ് പ്രഖ്യാപിച്ച പട്ടികയിൽ ബിസിനസ് അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ ആഗോള ഒന്നാം റാങ്ക് അമേരിക്കൻ മലയാളി പ്രഫ.ഡോ. ജസ്റ്റിൻ പോൾ അർഹനായി.

ഇംഗ്ലണ്ടിലെ ബൈറ്റൺ, ഐഐടി മുംബൈ, റൊമാനിയയിലെ ഗലാത്തി സർവകലാശാല എന്നിവിടങ്ങളിൽ നിന്നായി നാല് ഡോക്ടറേറ്റുകൾ നേടിയിട്ടുണ്ട്. നൂറോളം രാജ്യങ്ങളിൽ പ്രഫസറും പ്രഭാഷകനുമായി ജോലി ചെയ്യുന്ന ജസ്റ്റിൻ, ഇപ്പോൾ അമേരിക്കയിലെ പോർട്ടോറിക്കോ സർവകലാശാല പ്രഫസറും ബുഡാപെസ്റ്റ് യൂണിവേഴ്സിറ്റി ഡിസ്റ്റിംഗ്വിഷ്ഡ് റിസർച്ച് ഫെല്ലോയും കൊറിയ സർവകലാശാല അസി. പ്രഫസറുമാണ്. ഐഐഎമ്മിൽ ഡിപ്പാർട്ടുമെന്റ് ചെയർ, മുംബൈ എൻഎംഐഎംഎസ് യൂണിവേഴ്സിറ്റി പ്രോവോസ്റ്റ് ഡീൻ എന്നീനിലകളിൽ സേവനംചെയ്തിട്ടുണ്ട്. കൊടകര മറ്റത്തൂർ എസ്കെഎച്ച്എസ് റിട്ട. അധ്യാപകൻ പരേതനായ പി.വി. പൗലോസിന്റെ മകനാണ്. 210 ദശലക്ഷം ഗവേഷണപ്രബന്ധങ്ങളും മുന്നൂറുകോടി സൈറ്റേഷനുകളും 30 ദശലക്ഷം സ്കോളേഴ്സും അടിസ്ഥാനമാക്കി മെഡിക്കൽ സയൻസ് ഉൾപ്പെടെയുള്ളഴ 14 സബ്ജക്ട് ഫീൽഡിലാണ് സ്കോളർ ജിപിഎസ് എല്ലാവർഷവും റാങ്കിംഗ് നടത്തുന്നത്. പ്രയർ അഞ്ചുവർഷം, ലൈഫ് ടൈം വിഭാഗങ്ങളിലാണ് റാങ്കിംഗ്.



അഞ്ചുവർഷ കാറ്റഗറിയിലാണ് ഡോ. ജസ്റ്റിൻ ഒന്നാം റാങ്ക് ലഭിച്ചത്. ലൈഫ്ടൈം പെർഫോമൻസ് വിഭാഗത്തിൽ അന്താരാഷ്ട്ര തലത്തിൽ 29-ാം റാങ്കും. പുസ്തകങ്ങളും പ്രബന്ധങ്ങളും ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങൾ, അവയുടെ എച്ച്. ഇൻഡക്സ്, സൈറ്റേഷൻസ് എന്നിവയുടെ ജ്യോമട്രിക്, മീൻ ഇൻഡക്സാണ് റാങ്കിംഗ് മാനദണ്ഡം. ഏഴു പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

# കാനഡയിലെ മലയാളി സംഘടനകളുടെ ദേശീയ കൂട്ടായ്മയായ NFMA CANADA പുതു ചരിത്രത്തിലേക്ക്

**സന്തോഷ് മേക്കര**

ഒന്റാരിയോ: കാനഡയിലെ വലുതും ചെറുതുമായ സംഘടനകളെ എല്ലാം ഒരു കുടക്കീഴിൽ കോർത്തിണക്കി രൂപീകൃതമായ NFMA CANADA എന്ന സംഘടന അതിന്റെ ചരിത്രപരമായ ചുവടുവെപ്പിലേക്ക് നീങ്ങുന്നു. ചരിത്രത്തിലാദ്യമായി ഒന്റാരിയോ പ്രൊവിൻസിൽ എൻഎഫ്എംഎ റീജിനൽ കൺവൻഷൻ സംഘടിപ്പിക്കുന്നു. കിച്ചനറിലെ ക്രൗൺ പ്ലാസ്സാ ഹോട്ടലിൽ വെച്ചാണ് 2026 ജനുവരി 24-ന് സംഘടനയുടെ ആദ്യ റീജിയനൽ കൺവൻഷൻ നടക്കുന്നത്. ഏതാനും വർഷങ്ങൾക്കു മുൻപ് പത്മശ്രീ ഡോ. എം. എ. യൂസഫലി ഓൺലൈനായി സംഘടനയുടെ ഉദ്ഘാടനം നിർവഹിച്ചെങ്കിലും ഇതാദ്യമായാണ് സംഘടനകൾ ഒത്തൊരുമിച്ച് ഒരു കൺവൻഷന് തയ്യാറാകുന്നത്.





ജാതിമത രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി കാനഡയിൽ പ്രവർത്തിക്കുന്ന മലയാളി സംഘടനകളെ ഏകോപിപ്പിച്ച് കുര്യൻ പ്രക്കാനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച നാഷണൽ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഇൻ കാനഡ സംഘടനാരംഗത്ത് ഒരു പുതുശക്തിയായി മാറിയിരിക്കുന്നു.NFMA CANADA-ൽ ചേരുവാനും പ്രവർത്തിക്കുവാനും താല്പര്യം പ്രകടിപ്പിച്ച് ഒട്ടുമിക്ക കനേഡിയൻ മലയാളി സംഘടനകളും മുന്നോട്ടു വന്നിരിക്കുന്നു.

ഒരു വലിയ സംഘടനാശക്തിയായി ചെറുതും വലുതുമായ എല്ലാ സംഘടനകളെയും ഉൾപ്പെടുത്തി രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിൽ മലയാളി സംഘടനകളുടെ ശക്തിയും സ്വാധീനവും അരക്കിട്ട് ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് NFMA CANADA പ്രവർത്തിക്കുന്നത്.

എല്ലാ സംഘടനകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കനേഡിയൻ മലയാളി ഐക്യവേദിയിൽ വിവിധ മലയാളി സംഘടനകളിൽ നിന്നും ഉള്ള ഭാരവാഹികളെ കോർത്തിണക്കിയാണ് അതിന്റെ നാഷണൽ കമ്മിറ്റി രൂപീകരണം നടത്തിയിരിക്കുന്നത്. വിവിധ പ്രോവിൻസുകളിലെ വിവിധ ഭൂപ്രദേശങ്ങളിലും ഉള്ള നേതാക്കൾ ഉൾപ്പെട്ടതാണ് സംഘടനയുടെ ദേശീയ ഭാരവാഹികൾ.

ജനുവരി 24-ന് നടക്കുന്ന കൺവൻഷനിൽ എല്ലാ സംഘടനകളുടെയും പ്രതിനിധികൾ പങ്കെടുക്കുമെന്നും കൺവൻഷന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നതായും നാഷണൽ സെക്രട്ടറി ലിറ്റി ജോർജ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രസാദ് നായർ തുടങ്ങിയവർ അറിയിച്ചു. ടൊറന്റോയിലെ റിയൽറ്ററായ ജെഫിൻ വയലിൽ ആണ് കൺവൻഷന്റെ മുഖ്യ സ്പോൺസർ.




# പ്രവാസിയെ ജയിലിലടച്ച സംഭവം: 14 ലക്ഷം നഷ്ടപരിഹാരം നൽകണം

കൊച്ചി: വിദേശത്തുനിന്നു മകളുടെ വിവാഹത്തിനായി എത്തിയയാളെ മാല പൊട്ടിക്കൽ കേസിൽ പ്രതിയാക്കിയ സംഭവത്തിൽ നഷ്ടപരിഹാരത്തിന് ഉത്തരവിട്ട് ഹൈക്കോടതി. 15 ദിവസത്തെ അവധിക്കെത്തിയതിനു പിന്നാലെ കേസിൽ തെറ്റായി പ്രതിചേർത്തതിലൂടെ മാനസികപീഡനത്തിനിരയാകുകയും പൊതുമദ്ധ്യത്തിൽ അവഹേളിക്കപ്പെടുകയും ചെയ്തുവെന്നു വിലയിരുത്തിയാണു തലശേരി തജ്നാസിൽ വി.കെ. താജുദ്ദീന് 10 ലക്ഷം രൂപയും ഭാര്യക്കും മൂന്നു മക്കൾക്കുമായി ഒരു ലക്ഷം രൂപ വീതവും നൽകാൻ ജസ്റ്റിസ് പി.എം. മനോജ് ഉത്തരവിട്ടത്.

താജുദ്ദീനും ഭാര്യയും മൂന്ന് മക്കളുമാണു ഹർജി നൽകിയത്. എതിർകക്ഷികളായ എസ്ഐ പി. ബിജു, എഎസ്ഐമാരായ യോഗേഷ്, ടി. ഉണ്ണികൃഷ്ണൻ എന്നിവരിൽനിന്ന് ഈ തുക നിയമപരമായി ഈടാക്കുന്ന കാര്യം സർക്കാരിന് തീരുമാനിക്കാമെന്നും ഉത്തരവിൽ പറയുന്നു.

2018 ജൂൺ 11-ന് പുലർച്ചെ സഹോദരിയുടെ വീട്ടിൽനിന്നു മടങ്ങുമ്പോൾ കതിരൂരിൽവെച്ച് ചക്കരക്കൽ എസ്ഐയായിരുന്ന ബിജുവും സംഘവും കാർ തടഞ്ഞ് താജുദീനെയും കുടുംബത്തെയും ബലമായി സ്റ്റേഷനിലേക്കു കൊണ്ടുപോകുകയായിരുന്നു.

ഹർജിക്കാരനെ കള്ളനെന്നു വിളിച്ച് ആക്ഷേപിച്ച പോലീസ് സംഘം ആറ് ദിവസം മുമ്പ് ഒരു യുവതിയുടെ അഞ്ചരപ്പവന്റെ മാല പൊട്ടിച്ചതിൽ കുറ്റസമ്മതം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. വെള്ള സ്കൂട്ടറിലെത്തിയ ഒരാൾ മാലപൊട്ടിക്കുന്ന ദൃശ്യങ്ങളും കാണിച്ചു. അത് മറ്റൊരാളാണെന്നും ടവർ ലൊക്കേഷനടക്കം പരിശോധിക്കണമെന്നും ഹർജിക്കാരനും കുടുംബവും അപേക്ഷിച്ചെങ്കിലും അവഗണിച്ചു.

ജയിലിലായതിനെത്തുടർന്ന് നിശ്ചിത സമയത്ത് തിരികെ എത്താത്തതിനാൽ ഖത്തർ അധികൃതരും 23 ദിവസം ജയിലിലാക്കി. ജോലി നഷ്ടമായതോടെ ഇന്ത്യയിലേക്ക് തിരിച്ചയച്ചു. ഭാര്യ നസ്രീന മുഖ്യമന്ത്രിക്കു നൽകിയ നിവേദനത്തെ തുടർന്ന് ഡിവൈഎസ്പി വകുപ്പുതല അന്വേഷണം നടത്തി. പോലീസിനു പിഴവ് പറ്റിയതായി റിപ്പോർട്ട് നൽകിയതിനെത്തുടർന്ന് എസ്ഐ ബിജുവിനെയടക്കം സ്ഥലം മാറ്റി.

ഇതിനിടെ യഥാർത്ഥ പ്രതിയുടെ ഭാര്യ വിവരം പുറത്തുവിട്ടതിനെ തുടർന്ന് കേസിന്റെ വസ്തുത പുറത്തുവന്നു. തുടർന്നാണ് താജുദീനും കുടുംബവും ഒരു കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് അഡ്വ. ടി. ആസഫലി മുഖേന ഹൈക്കോടതിയെ സമീപിച്ചത്.

# ശില്പി സാബു ജോസഫ് അന്തരിച്ചു



കോട്ടയം: പ്രമുഖ ശില്പി കാഞ്ഞിരപ്പള്ളി കരിപ്പാംപറമ്പിൽ സാബു ജോസഫ്(77) അന്തരിച്ചു. തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. നാലാഞ്ചിറ മാർ ഈവാനിയോസ് കോളജ് ക്യാമ്പസിലെ സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും.

കോട്ടയം നഗരത്തിലെ പി.ടി. ചാക്കോ, ബെഞ്ചമിൻ ബെയ്‌ലി, തിരുവനന്തപുരം നഗരത്തിലെ സി. കേശവൻ, അക്കാമ്മ ചെറിയാൻ, മൂവാറ്റുപുഴയിലെ കെ.എം. ജോർജ് തുടങ്ങിയ പ്രതിമകൾ സാബുവിന്റെ സൃഷ്ടികളാണ്. വിശുദ്ധ അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ, കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ, വൈദ്യരത്നം പി.എസ്. വാരിയർ, സംവിധായകൻ കുഞ്ചാക്കോ, കോട്ടയം രൂപത മുൻ ബിഷപ് മാർ തോമസ് തറയിൽ, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, കാഞ്ഞിരപ്പള്ളി എകെജെഎം സ്കൂളിലെ ഈശോസഭാസ്ഥാപകൻ വിശുദ്ധ ഇഗ്നേഷ്യസ് ലെയോള തുടങ്ങിയ പ്രതിമകളും തീർത്ത സാബു കാഞ്ഞിരപ്പള്ളി കരിപ്പാപറമ്പിൽ പരേതരായ കെ.സി. ജോസഫ്-അച്ചാമ്മ ദമ്പതികളുടെ മകനാണ്. ആർട്ടിസ്റ്റ് പി.ജെ. ചെറിയാന്റെ ചെറുമകനും സ്വാതന്ത്ര്യസമര സേനാനികളായ അക്കാമ്മ ചെറിയാന്റെയും റോസമ്മ പുന്നൂസിന്റെയും സഹോദരപുത്രനുമാണ്. ചലച്ചിത്ര ഛായാഗ്രാഹകൻ സാലു ജോർജ് സഹോദരനാണ്. വർഷങ്ങളായി തിരുവനന്തപുരം നാലാംചിറയിലാണ് താമസം. ഭാര്യ കാഞ്ഞിരപ്പള്ളി കടമപ്പുഴ ഫാറ്റിമ. മക്കൾ: ആൻട്രീസ, അൽഫോൻസ് (യുകെ), റോസ്മേരി ആന്റണി (സൗത്ത് ഇന്ത്യൻ ബാങ്ക് കൊച്ചി), ലിസ് മരിയ സാബു (എച്ച്ഡിഎഫ്സി തൃശൂർ). മരുമക്കൾ: പ്രവീൺ, അൽഫോൻസ്, ജോൺ പിട്ടാപ്പള്ളി, ആന്റണി ജോസ് കോണിക്കര.

ശില്പകലയിൽ മദ്രാസ് സ്കൂൾ ഓഫ് ആർട്സ് ആൻഡ് ക്രാഫ്റ്റ്സിൽനിന്ന് 5 വർഷത്തെ ഡിപ്ലോമ കോഴ്സ് പഠനമികവിന്റെ ആനുകൂല്യത്തിൽ 4 വർഷംകൊണ്ട് സാബു പൂർത്തിയാക്കി. കോഴ്സ് ഒന്നാം റാങ്കോടെ പാസായി.

# എസ്എംസിസിയുടെ കാരുണ്യഹസ്തം നൂറ്റിയമ്പതിലധികം കുടുംബങ്ങളിലേക്ക്

ജോയി കുറ്റിയാനി

മയാമി: ചിക്കാഗോ സീറോമലബാർ കാത്തലിക് കോൺഗ്രസ് മയാമി ചാപ്റ്ററിന്റെ (ഔവർ ലേഡി ഓഫ് ഹെൽത്ത് കാത്തലിക് ഫൊറോന ചർച്ച്) നേതൃത്വത്തിൽ ക്രിസ്മസ് സമ്മാനമായി ഇടുക്കി ജില്ലയിൽ നൂറ്റിയമ്പതിൽപ്പരം കുടുംബങ്ങൾക്ക് ആവശ്യമായ നിത്യോപയോഗ, പലവ്യഞ്ജന സാധനങ്ങൾ വാങ്ങുന്നതിനായുള്ള സൗജന്യ കൂപ്പണുകൾ വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ പാരിഷ് ഹാളിൽ നടത്തിയ പൊതുയോഗത്തിൽ ഇടുക്കി ജില്ലാ എഡിഎം ഷൈജു പി. ജേക്കബ് ഉദ്ഘാടനം ചെയ്തു.






കത്തീഡ്രൽ വികാരി റവ.ഫാ. ടോമി ആനിക്കുഴിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.

ഇടുക്കി ഡിവൈഎസ്പി രാജൻ കെ. അരമന മുഖ്യപ്രഭാഷണം നടത്തിയപ്പോൾ ലയൺസ് ക്ലബ് ജില്ലാ കോ-ഓർഡിനേറ്റർ ജയിൻ അഗസ്റ്റിൻ, ബ്രദർ രാജു പടമുഖം, പി.ജെ. ജോസഫ്, രാജു പൈനാവ്, കെ.എം. ജലാലുദ്ദീൻ എന്നിവർ ആശംസകളർപ്പിച്ചു. രണ്ടായിരത്തി അഞ്ഞൂറു രൂപയ്ക്കുള്ള നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനായുള്ള കൂപ്പണുകളാണ് എസ്എംസിസിയുടെ ക്രിസ്മസ് സമ്മാനമായി സമർപ്പിച്ചത്.




എസ്എംസിസി ചിക്കാഗോ രൂപത ഡയറക്ടറും മയാമി ഔവർ ലേഡി ഓഫ് ഹെൽത്ത് കാത്തലിക് ഫൊറോന വികാരിയുമായ റവ.ഫാ. ജോർജ് ഇളമ്പാശ്ശേരി, എസ്എംസിസി ചാപ്റ്റർ പ്രസിഡണ്ട് ബാബു കല്ലിടുക്കിൽ, സെക്രട്ടറി നോയൽ മാത്യു, ട്രഷറർ ജോബി പൊന്നുംപുരയിടം, പ്രോജക്ട് കോ-ഓർഡിനേറ്റർ സാജു വടക്കേൽ, എസ്എംസിസി ചാപ്റ്റർ ഭാരവാഹികൾ തുടങ്ങി നിരവധിയായ സുമനസ്സുകളുടെയും സാമ്പത്തിക സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി വിജയകരമായി പൂർത്തീകരിച്ചത്.

# ന്യൂയോർക്കിലെ മലയാളി ലത്തീൻ കത്തോലിക്കരുടെ നവവത്സരാഘോഷം

ന്യൂയോർക്ക്: ക്രിസ്മസിന്റെ ഉത്സവോല്ലാസവും കൂട്ടായ്മയുടെ മാധുര്യവും ആല്മീയ സായൂജ്യവും നിറഞ്ഞ അന്തരീക്ഷത്തിൽ ന്യൂയോർക്ക് പ്രദേശത്തെ ലത്തീൻ ആരാധനാക്രമം പിന്തുടരുന്ന മലയാളികൾ നവവത്സര പിറവിയെ വരവേറ്റു. ബ്രൂക്ലിൻ രൂപതയുടെ ഇന്ത്യൻ അപ്പോസ്തലേറ്റിന്റെ ആത്മീയ നേതൃത്വത്തിൽ സജീവമായി പ്രവർത്തിക്കുന്ന കമ്യൂണിറ്റി അതിന്റെ പുതിയ സാരഥികൾക്ക് ചുമതല ഏല്പിക്കുന്നതിനും ഈയവസരം വേദിയായി.

പോൾ ഡി. പനയ്ക്കൽ

മൂന്നു ദശവത്സരത്തിലധികം മലയാളി കത്തോലിക്കർക്ക് ആത്മീയ വേദിയായി നിലനിന്ന ക്യൂൻസ് ഫ്ളോറൽ പാർക്കിലെ ഔവർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിൽ ബ്രൂക്ലിൻ രൂപതയുടെ ഇന്ത്യൻ അപ്പോസ്തലേറ്റ് കോ-ഓർഡിനേറ്റർ ഫാ. റോബർട്ട് അമ്പലത്തിങ്കലിന്റെയും ബ്രൂക്ലിൻ രൂപതയുടെ പെർമെനന്റ് ഡീക്കൻ ടിംഗ്ലാഡ്സൺ ചെറിയപറമ്പിലിന്റെയും നേതൃത്വത്തിൽ 2025-ന്റെ അവസാന സായാഹ്നത്തിൽ നടത്തിയ ധ്യാനനിർഭരമായ ആരാധനയും ദിവ്യബലിയും പുതുവത്സര പിറവിയാഘോഷത്തിന്റെ പ്രാരംഭമായിരുന്നു. പിൻവർഷത്തിൽ സമൂഹത്തിനുവേണ്ടി സ്വന്തം സമയവും ഊർജ്ജവും നിസ്വാർത്ഥമായ സേവനത്തിനു മാത്രമായി ചെലവഴിച്ച 2025 പ്രവർത്തക സമിതിയെ ഫാ. അമ്പലത്തിങ്കൽ പ്രശംസിക്കുകയും നന്ദിയർപ്പിക്കുകയും ചെയ്തു.




2026 പ്രവർത്തന വർഷത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട പുതിയ സമിതിക്ക് ഭാവുകങ്ങൾ നേർന്നുകൊണ്ട് അദ്ദേഹം അംഗങ്ങളെ പ്രാർത്ഥനാനുഗ്രഹങ്ങളോടെ ചുമതല ഏല്പ്പിച്ചു. പ്രീജിത് പൊയ്യത്തുരുത്തി, സജിത്ത് പനയ്ക്കൽ (കോ-ഓർഡിനേറ്റർമാർ), ബിന്ദു കോയിപ്പറമ്പിൽ, ഷീബ ഗ്ലാഡ്സൺ, അജിത്കുമാർ, തങ്കകുട്ടൻ ക്ലെമെന്റ്, സിതാര കോടകുത്തുംപറമ്പിൽ, അലൻ അലക്സ്, നിഷ ജൂഡ്, ഡീക്കൻ ടിംഗ്ലാഡ്സൺ ചെറിയപറമ്പിൽ എന്നിവരടങ്ങുന്ന പുതിയ പ്രവർത്തക സമിതി കമ്യൂണിറ്റിയുടെ ആത്മീയവളർച്ചയ്ക്ക് പിന്തുണ നല്കി, സാംസ്കാരിക പൈതൃകം നിലനിർത്തി മുഖ്യധാരാ കത്തോലിക്കാ ജീവിതത്തിൽ സമന്വയിപ്പിക്കുന്നതിനു വേണ്ടി പ്രവർത്തിക്കും.

ഇന്ത്യൻ കത്തോലിക്കാ സമൂഹവിഭാഗത്തിലെ ലത്തീൻക്രമം പിന്തുടരുന്ന മലയാളികൾ കഴിഞ്ഞ കാൽ ശതാബ്ദമായി രൂപതയുടെ നേതൃത്വത്തിൽ അവരുടെ കൂട്ടായ്മ ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യധാരയിൽ ഉദ്ഗ്രഥനം ചെയ്യുന്നതിന് പിന്തുണയ്ക്കുന്നതിനൊപ്പം സമൂഹവിഭാഗത്തിന്റെ ഭാഷാ-സാംസ്കാരികതയിലെ സമ്പന്നമായ പാരമ്പര്യങ്ങൾ കൂട്ടായ്മയുടെ ബലത്തിൽ പങ്കിട്ടാഘോഷിക്കുന്നതിനും വളർന്നുവരുന്ന കുട്ടികളിൽ ആ ആഘോഷങ്ങളുടെ മാധുര്യം പകരുന്നതിനും അത് വളരെയധികം സഹായിക്കുന്നുണ്ട്.



മാസത്തിലെ രണ്ടാമത്തെ ശനിയാഴ്ച വൈകുന്നേരം ആറര മണി മുതൽ ഔവർ ലേഡി ഓഫ് ദി സ്നോസ് പള്ളിയും അതിന്റെ പാരിഷ് ഹാളും ഈ ചെറിയ കമ്യൂണിറ്റിക്കു വേണ്ടി മാറ്റി വെച്ചിരിക്കുകയാണ്. മലയാളത്തിൽ ദിവ്യബലിക്കു ശേഷം അവർ പാരിഷ് ഹാളിൽ ഒത്തുചേർന്ന് സൗഹൃദവും അത്താഴവും പങ്കിടും. ഒപ്പം കുട്ടികൾക്ക് പരസ്പരം കളിച്ചു വളരുന്നതിനും അവസരം സൗകര്യമാകുന്നു.

ബാലികമാരും ദമ്പതിമാരും പ്രത്യേകം പ്രത്യേകം നടത്തിയ നൃത്തങ്ങളും ജോൺ പനയ്ക്കൽ അവതരിപ്പിച്ച മാജിക് ഷോയും വനിതകളുടെ ഫാഷൻ ഷോയും ബാലികാബാലന്മാരുടെ നെറ്റിവിറ്റി ടാബ്ലോയും സ്വാദിഷ്ടമായ നാടൻ ഭക്ഷണവും പുതുവത്സര പിറവിക്കു വേണ്ടിയുള്ള കാത്തിരിപ്പിന് ആർജ്ജവം നല്കി.

# മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ ക്രിസ്മസ്–പുതുവത്സര ആഘോഷം പ്രൗഢഗംഭീരമായി

പാഴ്സിപ്പനി: മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ (മഞ്ച്)യുടെ ക്രിസ്മസ്-പുതുവത്സര ആഘോഷം ഗംഭീരമായി ആഘോഷിച്ചു. ജനുവരി മൂന്നാം തീയതി വൈകിട്ട് 5 മണിക്ക് ലെയിക് പാഴ്സിപ്പനി ഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ന്യൂജേഴ്സിയിലെയും സമീപ പ്രദേശങ്ങളിലെയും പ്രമുഖർ സംബന്ധിച്ചു. ഐറീൻ തടത്തിൽ അമേരിക്കൻ നാഷണൽ ആന്തവും രാജു ജോയ് പ്രാർത്ഥനാ ഗാനവും ആലപിച്ചു. മഞ്ച് ജനറൽ സെക്രട്ടറി ഷിജിമോൻ മാത്യു എല്ലാവരെയും സ്വാഗതം ആശംസിച്ചു. ഫൊക്കാന പ്രസിഡണ്ടും MANJ BOT മെമ്പറുമായ ഡോ. സജിമോൻ ആന്റണി പരിപാടി ഉദ്ഘാടനം ചെയ്തു. റവ.ഫാ. ഷിബു ഡാനിയേലിന്റെ ക്രിസ്മസ്-പുതുവത്സര സന്ദേശം വളരെ ഹൃദയസ്പർശിയും ഇന്നത്തെ കാലഘട്ടത്തിൽ വളരെയേറെ ചിന്താവഹവുമായിരുന്നു. പ്രമുഖ മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ജോർജ് തുമ്പയിലാണ് റവ.ഫാ. ഷിബു ഡാനിയേലിനെ സദസ്സിനു പരിചയപ്പെടുത്തിയത്. ഫൊക്കാന നാഷണൽ കമ്മിറ്റി മെമ്പർ ഷൈനി രാജുവും റോസിലി ജെയിംസും എംസിയുടെ റോൾ നന്നായി കൈകാര്യം ചെയ്തു.




വിവിധയിനം കലാപരിപാടികൾ ആഘോഷ നിശയുടെ മാറ്റു വർദ്ധിപ്പിച്ചു. മഞ്ച് യൂത്ത് ഫോറത്തിന്റെയും മെൻസ് ഫോറത്തിന്റെയും വിമൻസ് ഫോറത്തിന്റെയും നൃത്തനൃത്യങ്ങൾ വളരെ ആകർഷകങ്ങളായിരുന്നു.

ഗായകൻ ജേക്കബ് ജോസഫ്, ജെയിംസ് ജോയി, റീന സാബു, അന്നമ്മ സ്കറിയ, ഐറിൻ തടത്തിൽ, ജൂബി മത്തായി ഐപിസിഎൻഎ മുൻ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ തുടങ്ങിയവരുടെ ഗാനങ്ങൾ സദസ്സിനെ ഒന്നാകെ ആനന്ദത്തിൽ ആറാടിച്ചു. മഞ്ച് ഫാമിലി മെമ്പേഴ്സിന്റെ ഫാഷൻ ഷോ തികച്ചും വേറിട്ടൊരു അനുഭവമായിരുന്നു. അനീഷ് അടിമാലിയുടെ മാജിക്കും മെന്റലിസവും നിറഞ്ഞ പെർഫോമൻസ് സദസ്സിനെ ഒന്നടങ്കം വിസ്മയിപ്പിച്ചു. ഫോമാ ട്രഷറർ ജോയി ചാക്കപ്പൻ, ഐപിസിഎൻഎ മുൻ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, വ്യവസായ സംരംഭകൻ അനിൽ പുത്തൻചിറ, സാമൂഹിക പ്രവർത്തകയും സംഘാടകയുമായ ലീലാ മാരേട്ട്, മഞ്ച് മുൻ പ്രസിഡണ്ട് മനോജ് വാട്ടപ്പിള്ളിൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

പരിപാടിയിൽ പങ്കെടുത്ത എല്ലാവരും മഞ്ചിന്റെ സംഘാടന പാടവത്തെയും അതിനു നേതൃത്വം കൊടുത്ത മഞ്ച് പ്രസിഡണ്ട് രാജു ജോയിയുടെയും കോ-ഓർഡിനേറ്റേഴ്സ് ആയ ഷിബു മാത്യുവിന്റെയും അനീഷ് ജെയിംസിന്റെയും കൾച്ചറൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഷൈനി രാജുവിന്റെയും ഉമ്മൻ ചാക്കോയുടെയും മറ്റ് കമ്മിറ്റി മെമ്പേഴ്സിന്റെയും സംഘാടന മികവിനെ മുക്തകണ്ഠം പ്രശംസിച്ചു. പങ്കെടുത്ത എല്ലാവരും രുചികരമായ അത്താഴവിരുന്നും ആസ്വദിച്ചു. മഞ്ച് വൈസ് പ്രസിഡണ്ട് അനീഷ് ജെയിംസിന്റെ നന്ദി പ്രകാശനത്തോടെ ആഘോഷങ്ങൾക്ക് തിരശ്ശീല വീണു.





## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 90.19 |
| യൂറോ | 105.39 |
| സ്റ്റെർലിംഗ്പൗണ്ട് | 121.35 |
| സ്വിസ് ഫ്രാങ്ക് | 113.19 |
| സിംഗപ്പൂർ ഡോളർ | 70.12 |
| കനേഡിയൻ ഡോളർ | 64.98 |
| ഒമാൻ റിയാൽ | 234.57 |
| ബഹ്റൈൻ ദിനാർ | 239.28 |
| സൗദി റിയാൽ | 24.05 |
| യു.എ.ഇ. ദിർഹം | 24.55 |
| കുവൈത്ത് ദിനാർ | 293.23 |



# വോട്ടർപട്ടികയുണ്ടാക്കാനും പൗരത്വം പരിശോധിക്കാനും തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരമുണ്ട്

ന്യൂഡൽഹി: വോട്ടർപട്ടിക തയ്യാറാക്കാനും പൗരത്വം പരിശോധിക്കാനും ഭരണഘടന തങ്ങൾക്ക് അധികാരം നൽകുന്നതായി തെരഞ്ഞെടുപ്പ് കമ്മീഷൻ സുപ്രീംകോടതിയിൽ. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ കാതലാണ് പൗരത്വമെന്ന് കമ്മീഷൻ പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിലെ എസ്ഐആർ (വോട്ടർപട്ടിക തീവ്രപരിഷ്കരണം) നടപടികളുടെ നിയമസാധുത ചോദ്യം ചെയ്യുന്ന ഹർജികളിലാണ് കമ്മീഷൻ നിലപാട് വ്യക്തമാക്കിയത്.

പൗരത്വം പരിശോധിക്കാനും തീരുമാനിക്കാനും കേന്ദ്രസർക്കാരിന് മാത്രമേ അധികാരമുള്ളൂവെന്ന ഹർജിക്കാരുടെ വാദം പൗരത്വ നിയമത്തിലെ ഒൻപത് (രണ്ട്) വകുപ്പിൽമാത്രം പരിമിതപ്പെടുന്നതാണെന്ന് കമ്മീഷനുവേണ്ടി മുതിർന്ന അഭിഭാഷകൻ രാകേഷ് ദ്വിവേദി വാദിച്ചു. ഇന്ത്യൻ പൗരൻ മറ്റൊരു രാജ്യത്തെ പൗരത്വമെടുത്താലുള്ള വിഷയങ്ങളാണ് ഇതിൽ പറയുന്നത്. എസ്ഐആറിനെ അസമിലെ എൻആർസിയുമായി (ദേശീയ പൗരത്വ രജിസ്റ്റർ) താരതമ്യപ്പെടുത്തുന്നതിനെയും കമ്മീഷൻ എതിർത്തു.

പ്രധാന പദവികൾ വഹിക്കാനുള്ള പ്രഥമയോഗ്യതയാണ് പൗരത്വമെന്ന് ദ്വിവേദി ചൂണ്ടിക്കാട്ടി. ഇന്ത്യൻ പൗരനല്ലാതിരിക്കുകയോ മറ്റൊരു രാജ്യത്തെ പൗരത്വമെടുക്കുകയോ വിദേശരാജ്യത്തോട് കൂറുപുലർത്തുകയോ ചെയ്യുന്ന എംപി അയോഗ്യനാകുമെന്ന് ഭരണഘടനയുടെ 102-ാം അനുച്ഛേദം പറയുന്നു. ഇത്തരം കേസുകളിൽ രാഷ്ട്രപതി തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉപദേശം സ്വീകരിക്കും. വോട്ടർപട്ടിക തയ്യാറാക്കാൻ ഭരണഘടനയുടെ 324-ാം അനുച്ഛേദം തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരം നൽകുന്നു. കമ്മീഷന്റെ അധികാരം വോട്ടർപട്ടിക പരിഷ്കരണത്തിന് ഉപയോഗിക്കുന്നതിനും ഭരണഘടന എതിരല്ലെന്നും ദ്വിവേദി പറഞ്ഞു. കേസിൽ വാദം തുടരും.

# മലയാളി അസോസിയേഷൻ ഓഫ് റോക്‌ലാൻഡ് കൗണ്ടിയുടെ (MARC) ഫാമിലി നൈറ്റും ന്യൂഇയർ ആഘോഷവും ജനുവരി 17-ന്

സണ്ണി കല്ലൂപ്പാറ

ന്യൂയോർക്ക്: മലയാളി അസോസിയേഷൻ ഓഫ് റോക്‌ലാൻഡ് കൗണ്ടിയുടെ (MARC) ഫാമിലി നൈറ്റും ന്യൂഇയർ ആഘോഷവും ജനുവരി 17-ാം തീയതി ഓറഞ്ച് ബർഗിലുള്ള സിത്താർ പാലസിൽ ശനിയാഴ്ച 4 മണിക്ക് നടത്തപ്പെടും. മാർക്ക് എല്ലാവർഷവും നടത്തിവരുന്ന കർഷകശ്രീ അവാർഡും തദവസരത്തിൽ വിതരണം ചെയ്യും. തോമസ് അലക്സിന്റെ നേതൃത്വത്തിലുള്ള ജഡ്ജിങ് പാനലാണ് വിജയികളെ കണ്ടെത്തിയത്.



പ്രശസ്ത സംവിധായകനും നടനും ഗായകനുമായ ശബരീനാഥ് നയിക്കുന്ന ഗാനമേളയും കുട്ടികളുടെ ഡാൻസും ഉണ്ടായിരിക്കുന്നതാണ്.

മാർക്ക് നടത്തിവരുന്ന ചാരിറ്റി പ്രവർത്തനങ്ങളും റോക്ക്‌ലാൻഡ് കൗണ്ടിയിലെ മൂന്ന് സ്കൂളുകളിലായി എല്ലാ ആഴ്ചയും മൂന്നു ദിവസങ്ങളിൽ നടത്തിവരുന്ന സ്പോർട്സ് ആൻഡ് ഗെയിംസും വിജയകരമായി നടത്തിവരുന്നു. സിത്താർ പാലസിൽ ജനുവരി 17-ന് നടക്കാനിരിക്കുന്ന ഫാമിലി നൈറ്റിലേക്ക് ഏവരേയും സാദരം സ്വാഗതം ചെയ്യുന്നു.




# ഭിന്നശേഷി നിയമനം: എൻഎസ്എസിനു നൽകിയ ആനുകൂല്യം മറ്റ് മാനേജ്മെന്റുകൾക്കും ബാധകമാക്കണം

ന്യൂഡൽഹി: ഭിന്നശേഷി അദ്ധ്യാപക നിയമനത്തിൽ എൻഎസ്എസ് മാനേജ്മെന്റ് സ്കൂളുകൾക്ക് നൽകിയ അനുകൂല ഉത്തരവ് മറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകൾക്കും ബാധകമാക്കണമെന്ന നിലപാട് സുപ്രീംകോടതിയെ അറിയിച്ച് കേരള സർക്കാർ.

മൂന്നു ശതമാനം ഭിന്നശേഷി തസ്തികകൾ ഒഴിച്ചിട്ടശേഷം ബാക്കി തസ്തികകളിൽ നിയമനം നടത്താൻ എൻഎസ്എസ് മാനേജ്മെന്റിന് അനുമതി നൽകിയ 2025 മാർച്ചിലെ സുപ്രീം കോടതി ഉത്തരവ് കേരളത്തിലെ ബാക്കി എയ്ഡഡ് സ്കൂളുകൾക്കും ബാധകമാക്കണമെന്നാവശ്യപ്പെട്ടാണ് സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിരിക്കുന്നത്.

ഇതു നടപ്പാക്കിയാൽ നീതിയും സമത്വവും ഉറപ്പാകുമെന്നു കരുതുന്നതായും കേരള സർക്കാർ പുതുതായി സമർപ്പിച്ച അപേക്ഷയിൽ വ്യക്തമാക്കി. ഭിന്നശേഷി അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട കോടതിയുടെ മുൻ നിർദേശപ്രകാരമുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നു എന്നുറപ്പാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമെന്നും അപേക്ഷയിൽ പറഞ്ഞിട്ടുണ്ട്.

എൻഎസ്എസ് മാനേജ്മെന്റിനു ലഭിച്ച ആനുകൂല്യം മറ്റുള്ളവർക്കും ലഭിക്കണമെന്ന ആവശ്യം ക്രൈസ്തവ മാനേജ്മെന്റ് സ്കൂളുകൾ ഉൾപ്പെടെ ഉന്നയിച്ചതോടെയാണ് സർക്കാർ നിലപാട് സുപ്രീംകോടതിയെ അറിയിച്ചത്. കോടതി ഉത്തരവ് എൻഎസ്എസിന് മാത്രം ബാധകമായ സാഹചര്യത്തിൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നടപടി.

മാനേജ്മെന്റുകൾ ജില്ലാതല സെലക്ഷൻ സമിതികൾക്കു മുന്നിൽ 1542 ഭിന്നശേഷി ഒഴിവുകൾ റിപ്പോർട്ട് ചെയ്തതായും സർക്കാർ വ്യക്തമാക്കി. കേരള സർക്കാരിന്റെ കണക്കുകളനുസരിച്ച് 5729 മാനേജ്മെന്റുകളിൽ 1538 എണ്ണം മാത്രമാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഇതോടൊപ്പം 6230 ജീവനക്കാരെ താത്കാലിക ശമ്പളസ്കെയിലിലും 17,729 അദ്ധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിലും നിയമിച്ചതായും സർക്കാർ കോടതിയെ അറിയിച്ചു.

# നിർത്തിവെച്ച കേസുകൾ വേഗം പരിഗണിക്കാൻ ഹൈക്കോടതികളോട് സുപ്രീംകോടതി

ന്യൂഡൽഹി: ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവു നിമിത്തം 23 വർഷമായി സ്തംഭനാവസ്ഥയിൽ കിടന്ന കേസിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി. ഇത്തരത്തിൽ ഇടക്കാല ഉത്തരവ് നിമിത്തം കൊലപാതകം, ബലാത്സംഗം, സ്ത്രീധനമരണം തുടങ്ങി പുരോഗതിയില്ലാതെ നിൽക്കുന്ന കേസുകളിൽ ഉടൻ വാദം കേൾക്കൽ പുനരാരംഭിക്കണമെന്ന് ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് എല്ലാ ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരോടും നിർദേശിച്ചു. ഹൈക്കോടതികൾ പുറപ്പെടുവിക്കുന്ന ഇടക്കാല ഉത്തരവുകളുടെ ബലത്തിൽ ഗുരുതര കുറ്റകൃത്യങ്ങളിൽ ക്രിമിനൽ വിചാരണകൾ വർഷങ്ങളോളം കെട്ടിക്കിടക്കുകയാണെങ്കിൽ അത് നീതിയെ പരിഹസിക്കാൻ മാത്രമെ ഇടവരുത്തുകയുള്ളൂ എന്ന് കോടതി നിരീക്ഷിച്ചു. കേസിലെ എല്ലാകക്ഷികളോടും നീതിപുലർത്തണം. കുറ്റാരോപിതരോടു മാത്രമല്ല, ഇരയോടും ഇരയുടെ കുടുംബാംഗങ്ങളോടും നീതിപുലർത്താൻ സാധിക്കണമെന്നും ബെഞ്ച് നിർദേശിച്ചു. വിവാഹശേഷം ഒരുവർഷത്തിനുള്ളിൽ സ്ത്രീധന പീഡനത്തെത്തുടർന്ന് പെൺകുട്ടി മരിച്ചതാണ് കേസിന് അടിസ്ഥാനം. 2002-ലായിരുന്നു സംഭവം. അതേവർഷംതന്നെ കുറ്റപത്രം സമർപ്പിച്ചെങ്കിലും ഹൈക്കോടതി ഇടക്കാല ഉത്തരവിലൂടെ വിചാരണ സ്റ്റേചെയ്യുകയായിരുന്നു. പിന്നീട് 2023-ലാണ് കേസ് പരിഗണനയിലെത്തുന്നത്. ആ വർഷം ഹൈക്കോടതി കേസ് തള്ളിയതോടെയാണ് വിഷയം സുപ്രീംകോടതിയിൽ എത്തിയത്.

# ഭീകരരുടെ ബോംബാക്രമണ വിവരം ഇനി ഒറ്റ ഡേറ്റാബേസിൽ

ന്യൂഡൽഹി: രാജ്യത്തെ ഭീകര ബോംബാക്രമണങ്ങളുടെ വിവരങ്ങളെല്ലാം ക്രോഡീകരിച്ച് സൂക്ഷിക്കുകയും അന്വേഷണ ഏജൻസികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്ന 'ഒരു രാജ്യം ഒരു ഡേറ്റ' സംവിധാനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ഉദ്ഘാടനം ചെയ്തു.

ബോംബാക്രമണങ്ങൾ തമ്മിലുള്ള സാമ്യം കണ്ടെത്താനും പിന്നിലുള്ളവരെ തിരിച്ചറിയാനുമുള്ള നിർമിതബുദ്ധി സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ നാഷണൽ ഡിജിറ്റൽ ഐഇഡി ഡേറ്റ മാനേജ്മെന്റ് പ്ലാറ്റ്ഫോമിനാണ് (എൻഐഡിഎംഎസ്) തുടക്കം കുറിച്ചത്. ദേശീയ സുരക്ഷാസേന (എൻഎസ്ജി) വികസിപ്പിച്ചെടുത്ത സംവിധാനം ഭീകരാക്രമണത്തിനെതിരായ അടുത്ത തലമുറ സുരക്ഷാകവചമായി പ്രവർത്തിക്കുമെന്ന് അമിത് ഷാ പറഞ്ഞു.

ഹരിയാന മനേസറിലെ ആസ്ഥാനത്തു നടന്ന ഉദ്ഘാടനച്ചടങ്ങ് ആഭ്യന്തരമന്ത്രി ഓൺലൈനിലൂടെയാണ് അഭിസംബോധന ചെയ്തത്. ഗാന്ധിനഗറിലെ രാഷ്ട്രീയ രക്ഷാ സർവകലാശാല, ഇന്ത്യൻ സൈബർ ക്രൈം കോഡിനേഷൻ സെന്റർ (ഐ ഫോർസി) എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്.

നിർമിത ബുദ്ധിയും മെഷീൻ ലേണിങ് സാങ്കേതിക വിദ്യകളും ഉപയോഗിച്ച് എല്ലാത്തരത്തിലുമുള്ള ബോംബ് സ്ഫോടനങ്ങളും കൃത്യതയോടെ പഠിക്കാനാകുന്ന സംവിധാനമാണിത്. രാജ്യത്തെ എണ്ണൂറോളം അന്വേഷണ സംവിധാനങ്ങൾക്കാണ് ഇതിലെ വിവരങ്ങൾ നേരിട്ട് ലഭിക്കുക.

പദ്ധതി തയ്യാറാക്കുന്ന ഘട്ടത്തിൽ 26 സൗഹൃദരാജ്യങ്ങളെ സമീപിച്ചെങ്കിലും ഇവിടെയൊന്നും ഇത്തരം സംവിധാനം നിലവിലില്ലായിരുന്നെന്നും എൻഎസ്ജി ഡയറക്ടർ ജനറൽ ബ്രിഘു ശ്രീനിവാസൻ പറഞ്ഞു.

രണ്ടായിരത്തിലാണ് ഇത്തരമൊരു ഡേറ്റാ ബേസ് തുടങ്ങുന്നത്. 1999 മുതൽ രാജ്യത്തു നടന്ന എല്ലാ ബോംബാക്രമണങ്ങളും ഡേറ്റാബേസിലുണ്ടെങ്കിലും എല്ലാ അന്വേഷണ സംവിധാനങ്ങളും ക്രോഡീകരിച്ച് വിവരം നല്കുന്ന സംവിധാനം ഉണ്ടായിരുന്നില്ല.

# നഷ്ടപരിഹാരത്തുക കെട്ടി വെച്ചു, കപ്പൽ തീരംവിട്ടു

കൊച്ചി: അറബിക്കടലിൽ കേരളതീരത്ത് എംഎസ്സി എൽസ 3 കപ്പൽ മുങ്ങിയ സംഭവത്തിൽ കപ്പൽ കമ്പനി 1227.62 കോടി രൂപ നഷ്ടപരിഹാരമായി കെട്ടി വെച്ചു. ഇതിനെത്തുടർന്ന് വിഴിഞ്ഞം തുറമുഖത്ത് അറസ്റ്റ് ചെയ്തിട്ടിരുന്ന കമ്പനിയുടെ അകിറ്റേറ്റ-2 എന്ന കപ്പൽ തീരം വിട്ടു. കപ്പൽ മുങ്ങിയതിനെത്തുടർന്നുണ്ടായ നാശനഷ്ടങ്ങൾക്ക് 9531 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടായിരുന്നു സർക്കാർ അഡ്മിറാലിറ്റി സ്യൂട്ട് ഫയൽ ചെയ്തത്. എന്നാൽ, കെട്ടിവെക്കേണ്ട സെക്യൂരിറ്റി തുക ഹൈക്കോടതി 1227.62 കോടിരൂപയായി കുറച്ചിരുന്നു. നഷ്ടപരിഹാരം അന്തിമമായി നിശ്ചയിക്കാൻ ഹൈക്കോടതിയിൽ വിചാരണ നടക്കും. സ്വിറ്റ്സർലന്റ് ആണ് കമ്പനിയുടെ ആസ്ഥാനം.

# കോഴിക്കോട് കുന്നമംഗലത്ത് കാറും ലോറിയും കൂട്ടിയിടിച്ചു, മൂന്നു മരണം

കോഴിക്കോട്: കുന്നമംഗലത്ത് ദേശീയപാതയിലുണ്ടായ ദാരുണമായ വാഹനാപകടത്തിൽ മൂന്നുപേർ കൊല്ലപ്പെട്ടു. കാർ യാത്രക്കാരായ രണ്ടുപേരും പിക്കപ്പ് ലോറി ഡ്രൈവറുമാണ് മരിച്ചത്. കൊടുവള്ളി സ്വദേശി നിഹാൽ, പിക്കപ്പ് ഡ്രൈവർ വയനാട് സ്വദേശി ഷമീർ എന്നിവരെ തിരിച്ചറിഞ്ഞു. മരിച്ച മൂന്നാമത്തെയാളെ തിരിച്ചറിയാനുള്ള ശ്രമങ്ങൾ തുടരുന്നു.

ജനുവരി 12-ന് പുലർച്ചെ രണ്ട് മണിയോടെ കുന്നമംഗലം മുറിയനാലിലാണ് അപകടം നടന്നത്. വയനാട് ഭാഗത്തേക്ക് പോവുകയായിരുന്ന കാറും താമരശേരി ചുരം ഇറങ്ങി വന്ന പിക്കപ്പ് ലോറിയും നേർക്കുനേർ കൂട്ടിയിടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ കാർ പൂർണമായും തകർന്നു. ശബ്ദം കേട്ടെത്തിയ നാട്ടുകാരും പോലീസും ചേർന്നാണ് ഉടൻ രക്ഷാപ്രവർത്തനം നടത്തിയത്.

എന്നാൽ മൂന്നുപേരും സംഭവസ്ഥലത്തുതന്നെ മരിച്ചു. പിക്കപ്പ് വാനിലുണ്ടായിരുന്ന സഹായിക്ക് ഗുരുതരമായി പരുക്കേറ്റു. ഇയാളെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചു. മൃതദേഹങ്ങൾ ഇൻക്വസ്റ്റ് നടപടികൾക്കായി കോഴിക്കോട് മെഡിക്കൽ കോളജ് മോർച്ചറിയിലേക്ക് മാറ്റിയിരിക്കുകയാണ്.

# SEEKING BRIDEGROOM

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

## SEEKING BRIDEGROOM CONTD.....

was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

# നിര്യാതരായി


## അഡ്വ. എ.പി. ജോർജ്

**ഇരിങ്ങാലക്കുട:** നഗരസഭ മുൻ ചെയർമാനും കെ.എസ്.ഇ കമ്പനി മുൻ മാനേജിങ് ഡയറക്ടറുമായ തെക്കേ അങ്ങാടി കുറ്റിക്കാട്ട് അക്കരക്കാരൻ അഡ്വ. എ.പി. ജോർജ് (80) അന്തരിച്ചു. ഭാര്യ ഞാറയ്ക്കൽ മേനാച്ചേരി കുടുംബാംഗം ത്രേസ്യാമ്മ. മക്കൾ: ഡോണി (ഡയറക്ടർ കെഎസ്ഇ ഇരിങ്ങാലക്കുട), റീന (യുഎസ്), ടീന (ചാലക്കുടി), ആന്റണി (ടിസിഎസ് ചെന്നൈ). മരുമക്കൾ: മീര, ജോർജ് തോറാട്ടിൽ (യുഎസ്), പ്രിൻസ് പാനികുളം (ചാലക്കുടി), സുജ (ചെന്നൈ).

## കെ.എം. മാത്യു

**മങ്കുഴിപ്പടി:** കോട്ടാങ്ങൽ സെ. ജോർജ് സ്കൂൾ റിട്ട. അദ്ധ്യാപകൻ മല്ലപ്പള്ളി പകലോമറ്റം പാണ്ടിരിക്കലായ തേൻപ്ലാക്കൽ കെ.എം. മാത്യു (76) അന്തരിച്ചു. ഭാര്യ ചീരകുന്നേൽ അന്നമ്മ മാത്യു (റിട്ട. അദ്ധ്യാപിക). മക്കൾ: ഷിബി മാത്യു (യുഎസ്), ബിനി മാത്യു (ചെങ്ങരൂർ സെ. തേരേസാസ് എച്ച്എസ് അദ്ധ്യാപിക). മരുമക്കൾ: പാലാ അന്ത്യാകുളത്ത് ജോ സെബാസ്റ്റ്യൻ, കറുകച്ചാൽ കാട്ടൂകുന്നേൽ അജു വർഗീസ്.

## ജോർജ് വർഗീസ്



**ഡാളസ്/കലഞ്ഞൂർ:** ജോയ് വില്ല കായംകുളം സ്വദേശിയും ഡാളസിലെ കരോൾട്ടൺ ബിലീവേഴ്സ് ബൈബിൾ ചാപ്പൽ അംഗവുമായ ബ്രദർ ജോർജ് വർഗീസ് (ജോർജുകുട്ടി-88) അന്തരിച്ചു. ഭാര്യ സിസ്റ്റർ ഗ്രേസി ജോർജ് കായംകുളം പള്ളിക്കൽ പരേതനായ ഇവാഞ്ചലിസ്റ്റ് സി.എം. വർഗീസിന്റെ മകളാണ്. മക്കളും മരുമക്കളും: സുമ & എ.ഒ. കോശി (അനി-മിനസോട്ട), വർഗീസ് പി. ജോർജ് (ബാബു) & ഷേർളി (ഡാളസ്), ജോൺസൺ പി. ജോർജ് (സജി) & റെനി (ഡാളസ്).

**ഇരവിപേരൂർ:** മാരാമൺ എൽഎഫ് എൽപിഎസ് റിട്ട. അധ്യാപിക ശങ്കരമംഗലം മണ്ണോട്ട് അന്നമ്മ മാത്യു (91) അന്തരിച്ചു.

**കടുത്തുരുത്തി:** കെ.എസ്. പുരം കോൽത്താംപ്രായിൽ പരേതനായ കെ.പി. തോമസിന്റെ ഭാര്യ ത്രേസ്യാമ്മ തോമസ് (100) അന്തരിച്ചു.

**വേളൂർ:** പത്തിൽചിറയിൽ കുന്നുംപുറത്ത് പരേതനായ ചാക്കോ പത്രോസിന്റെ ഭാര്യ കുഞ്ഞമ്മ പത്രോസ് (മറിയാമ്മ -86) അന്തരിച്ചു.

## ജിജി ഏബ്രഹാം ഒറ്റത്തൈക്കൽ



**എറണാകുളം:** ഇളംകുളത്ത് ബോസ് നഗറിൽ ഒറ്റത്തൈക്കൽ കുരുവിള ഏബ്രഹാമിന്റെ ഭാര്യ ജിജി ഏബ്രഹാം (71) അന്തരിച്ചു. പരേത നീണ്ടൂർ ചെമ്മാച്ചേൽ കുടുംബാംഗമാണ്. മക്കൾ: ഷരോൺ (ഈവൈ), ഷെറിൻ (യുകെ). മരുമക്കൾ: റോണ, സിഞ്ചു (യുകെ). മാതാപിതാക്കൾ: സി.എം. തോമസ് & അന്നക്കുട്ടി തോമസ് ചെമ്മാച്ചേൽ, നീണ്ടൂർ. സഹോദരങ്ങൾ: മത്തായി & ലീലാമ്മ ചെമ്മാച്ചേൽ, ബിന്നി & ജെയിംസ് കോളങ്ങായിൽ, സുജ & ഏബ്രഹാം രാമച്ചനാട്ട്, സജി & രാജു ആകശാല, ജിജോ & മാഗി ചെമ്മാച്ചേൽ, റ്റോമി & സിനി ചെമ്മാച്ചേൽ.

**ചങ്ങനാശേരി:** നാലുകോടി കുഴിമണ്ണിൽ തെക്കേൽ പായിപ്പാട് ഗവ. യുപിഎസ് റിട്ട. പ്രധാനാദ്ധ്യാപകൻ തോമസ് ജോസഫ് (ജോസ്-90) അന്തരിച്ചു.

## മേരി ജോസഫ്

**കിടങ്ങൂർ:** പടിഞ്ഞാത്ത് പരേതനായ ഡോ. ജോസഫ് പടിഞ്ഞാത്തിന്റെ ഭാര്യ മേരി ജോസഫ് (95) അന്തരിച്ചു. കുറുപ്പന്തറ കണ്ടാരപ്പള്ളി കുടുംബാംഗമാണ്. മക്കൾ: പ്രഫ. സിറിയക് രാജൻ, ജോസ് മോഹൻ (യുഎസ്), ജോണി, മാത്യു ജോസ് (ഇരുവരും ഡപ്യൂട്ടി ഡയറക്ടർ ക്ഷീരവികസന വകുപ്പ്), ഫിലിപ്പ്, ജെയിംസ് (യുകെ), ആൻസി (റിട്ട. ടീച്ചർ). മരുമക്കൾ: പ്രഫ. കുഞ്ഞമ്മ വെള്ളവൻതാനത്ത്, മോളി പ്രാലേൽ (യുഎസ്), പ്രഫ. നാനറ്റ് വെടിയോടത്ത്, പ്രഫ. നാൻസി ഉള്ളാട്ടിൽ, ബീന തറയിൽപറമ്പിൽ, ആൻസമ്മ കരിപ്പറമ്പിൽ (യുകെ), സാബു പീടികയിൽ (റിട്ട. എൻജിനീയർ ഇരവിപേരൂർ).

## അന്നമ്മ

**മാമ്മൂട്:** ഏറ്റുമാനൂർ വലിയപറമ്പിൽ അന്നമ്മ (കുഞ്ഞമ്മ -81) അന്തരിച്ചു. തത്തംപള്ളി ചെത്തുകുന്നേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.ടി. അലക്സാണ്ടർ. മക്കൾ: സണ്ണി, സാനി (യുഎസ്), സുനി, സുനിൽ (അയർലൻഡ്), പരേതനായ സോണി. മരുമക്കൾ: മോളി (ഡൽഹി), മേഴ്സി, ജോസ് (യുഎസ്), ഷാജി, സ്മിത (അയർലൻഡ്).


**തൃപ്പൂണിത്തുറ:** കോഴഞ്ചേരി വാലേൽ ഐവി റോയി (54) അന്തരിച്ചു.

## ജോസഫ് ജോൺ

**തൊടുപുഴ:** അരിക്കുഴ ആർപ്പത്താനത്ത് ജോസഫ് ജോൺ (81) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഭാര്യ രാമപുരം മങ്കൊമ്പിൽ മരിയ ജോസ്. മക്കൾ: ജീവൻ (ബെംഗ്ളൂർ), ജ്യോതി (യുഎസ്). മരുമക്കൾ: മിഷേൽ, സാജൻ (യുഎസ്).

**കാഞ്ഞിരപ്പള്ളി:** എസ്എബിഎസ് സെന്റ് ജോൺസ് പ്രോവിൻസ് കപ്പാട് ആരാധനാമഠാംഗമായ സിസ്റ്റർ തെരേസ് ചുരപൊയ്കയിൽ (ത്രേസ്യാമ്മ -71) അന്തരിച്ചു.

## ചാക്കോ ഫിലിപ്പ്



**ഒക്കലഹോമ:** ഐപിസി ഹെബ്രോൻ ആരംഭകാല സഭാംഗവും കുറിയന്നൂർ ഓരേത്തു കുടുംബാംഗവുമായ മേപ്പുറത്തു വീട്ടിൽ ചാക്കോ ഫിലിപ്പ് (ബേബി-92) ഒക്കലഹോമയിൽ അന്തരിച്ചു. മാരാമൺ പീടികയിൽ കുടുംബാംഗമായ സാറാമ്മ ചാക്കോയാണ് ഭാര്യ. മക്കൾ: ലില്ലിക്കുട്ടി, ഓമന, ജോളി, പൊന്നമ്മ, ബിനി, ബിനു. മരുമക്കൾ: ബേബിച്ചൻ, കുഞ്ഞുമോൻ, സെബാസ്റ്റ്യൻ, ബിനു അടിമത്ര, ജോൺസൻ, ബെനീറ്റ. സഹോദരങ്ങൾ: പി.എം. ഫിലിപ്പ്, ആലീസ്.

**മാവേലിക്കര:** കല്ലിമേൽ പൈനുംമൂട്ടിൽ പടിഞ്ഞാറെ കളയ്ക്കാട്ട് ലിൻസൺ കുര്യൻ മാത്യുവിന്റെയും വിജി മറിയാമ്മ ഗീവർഗീസിന്റെയും മകൾ ലിവ്യ മറിയം ലിൻസൺ (9 മാസം) അന്തരിച്ചു.

## ടി.കെ. ഫിലിപ്പോസ്

**കുഴിമറ്റം:** ചിങ്ങവനത്തെ മലഞ്ചരക്ക് വ്യാപാരിയായിരുന്ന പട്ടശേരിൽ തെക്കേക്കുറ്റ് ടി.കെ. ഫിലിപ്പോസ് (സണ്ണി-79) അന്തരിച്ചു. ഭാര്യ കല്ലിശേരി മണലേത്ത് അമ്മിണി ഫിലിപ്പ്. മക്കൾ: സോണി, സുനു (യുഎസ്), സുബിൻ (കുവൈറ്റ്). മരുമക്കൾ: ജിജി മാളിയേക്കൽ പിറവം, സുനിൽ കീഴത്ത് ഓതറ (യുഎസ്), ഷീബ കിഴക്കേകളപ്പുരയിൽ വഴിത്തല.

**സൗത്ത് പാമ്പാടി:** എസ്.ബി.ഐ റിട്ട. ചീഫ് മാനേജർ കൊണ്ടോക്കേരിൽ കെ.കെ. പോത്തൻ (68) അന്തരിച്ചു.

**കുത്രപ്പള്ളി:** പുത്തൻവീട്ടിൽ പരേതനായ പി.ജെ. ജോസഫിന്റെ മകൻ വരുൺ ജോസഫ് (വിജു-61) അന്തരിച്ചു.

**തടിയൂർ:** കോളഭാഗം നെടുമല ചരുവിൽ അമ്മിണി ജോൺ (87) അന്തരിച്ചു.

## ഡോ. മേരി ആൻ ഗോഡ്‌ലി



**തൃക്കാക്കര:** മാവേലി നഗർ പ്ലാവിനിൽക്കുന്നതിൽ ഹൗസിൽ ഡോ. മേരി ആൻ ഗോഡ്‌ലി (66) അന്തരിച്ചു. തൃശൂർ നെല്ലിക്കുന്ന് പരേതരായ കെ.പി. സാമുവലിന്റെയും അമ്മിണി സാമുവലിന്റെയും പുത്രിയാണ്. ഭർത്താവ്: ഗോഡ്‌ലി മാത്യു (എൽഡർ, സി.ബി.സി, പാലാരിവട്ടം, മുൻ ദുബായ്). മക്കൾ: ജെഫ്രി ഗോഡ്‌ലി-ലിഡിയ (യുഎസ്), ജോഷ് സാം ഗോഡ്‌ലി-ആൻ സാന്ദ്ര (കാനഡ). സഹോദരൻ: സ്റ്റീവൻ സാമുവൽ (നെല്ലിക്കുന്ന്, തൃശൂർ-മുൻ ദുബായ്).

## കേണൽ (റിട്ട.) ജോർജ് കുരുവിള

**കൊച്ചി:** കോട്ടയം സംക്രാന്തി പുത്തൻപുരയിൽ കേണൽ (റിട്ട.) ജോർജ് കുരുവിള (76) അന്തരിച്ചു. ഭാര്യ നീലിമംഗലം കളത്തുംപടിക്കൽ സൂസൻ കുരുവിള. മക്കൾ: മീര കുരുവിള (യുഎസ്), വരുൺ ജോർജ് കുരുവിള (കാനഡ). മരുമക്കൾ: നവീൻ (യുഎസ്), അഞ്ജു (കാനഡ).

## മേരി പോൾ

**ആലക്കോട്:** ഞാലൂർ മേരി പോൾ (72) അന്തരിച്ചു. പാലാ കയ്യൂർ അടയ്ക്കപ്പാറ കുടുംബാംഗമാണ്. ഭർത്താവ് പോൾ വർഗീസ്. മക്കൾ: ജിയോ പോൾ (ന്യൂസിലൻഡ്), ജാസ്മിൻ സാം (യുഎസ്). മരുമക്കൾ: മുതലക്കോടം തോണിക്കുടം ആൻസി, സാം (ചെന്നൈ).

## ഏബ്രഹാം ഫിലിപ്പ്

**തിരുവാങ്കുളം:** കെഎസ്ഇബി റിട്ട. എൻജിനീയർ തലവടി പള്ളത്തിൽ ഏബ്രഹാം ഫിലിപ്പ് (83) അന്തരിച്ചു. ഭാര്യ പരേതയായ റാഹേലമ്മ വി. നൈനാൻ. മക്കൾ: ജൂലി (യുഎസ്), ജൂഡി, ജോളി (അബുദാബി). മരുമക്കൾ: മനോജ്, ജോബി, പരേതനായ വിനു.

**പേരൂർ:** പൊക്കിടിയിൽ പി.ജെ. ഫിലിപ്പിന്റെ ഭാര്യ ഫിലോമിന ഫിലിപ്പ് (70) അന്തരിച്ചു.

**കളമശേരി:** ഉമ്മൻ ചാണ്ടിയുടെ അപരനായി വേഷമിട്ട് പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയ മിമിക്രി കലാകാരനും നടനുമായ ചന്ദനപ്പുറത്ത് രഘു കളമശേരി (56) അന്തരിച്ചു.

**കുമ്പനാട്:** കലമണ്ണിൽ പൊയ്കയിൽ സൂസി ജേക്കബ് (68)അന്തരിച്ചു.


## ജോർജ് പി. കുരുവിള

**ചങ്ങനാശേരി:** ഒമാൻ ഇൻഷ്വറൻസ് മുൻ സീനിയർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് തലവടി പൂവക്കാട്ട് ജോർജ് പി. കുരുവിള (ബാബു-73) അന്തരിച്ചു. ഭാര്യ ചങ്ങനാശേരി മാണികൃത്തിൽ സാം വില്ല ലത ജോർജ് കുരുവിള. മക്കൾ: ജോർജ് കുരുവിള (യുഎസ്), വീണ കുരുവിള (സിംഗപ്പൂർ). മരുമക്കൾ: റോഷൻ ജെയിംസ് ഇലവക്കാട്ട് ചെട്ടികുളങ്ങര, വിവേക് ചാണ്ടി പനവേലിൽ തിരുവനന്തപുരം.

## പ്രഫ. വി. ദാമോദരൻ നായർ

**തിരുവനന്തപുരം:** കേരള, കാലിക്കട്ട് സർവകലാശാലകളിലെ മുൻ അക്കാദമിക് കമ്മിറ്റി അംഗവും ബോർഡ് ഓഫ് സ്റ്റഡീസ് മുൻ ചെയർമാനുമായിരുന്ന പ്രഫ. വി. ദാമോദരൻ നായർ (78) അന്തരിച്ചു. മക്കൾ: ഡോ. രമേശ് (ഓസ്ട്രേലിയ), ഡോ. രാഹുൽ (അമൃത കൊച്ചി), ഡോ. രാജീവ് (യുഎസ്). മരുമക്കൾ: ഡോ. ശ്രീജ (ഓസ്ട്രേലിയ), ഡോ. ശ്രുതി (എറണാകുളം), അഞ്ജന (യുഎസ്).

## സ്കറിയ വർഗീസ്



**ചിക്കാഗോ:** കുക്ക് കൗണ്ടി ആശുപത്രി റെസ്പിറേറ്ററി തെറാപ്പിസ്റ്റായിരുന്ന റിട്ടയർ ചെയ്ത പത്തനംതിട്ട മുള്ളനിക്കാട് ആരംപുളി നിൽക്കുന്നതിൽ സ്കറിയ വർഗീസ് (82) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ മേരിക്കുട്ടി വർഗീസ് പത്തനംതിട്ട മേക്കൊഴൂർ വലിയപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ഡോ. മോൻസി വർഗീസ്, മനോജ് വർഗീസ് (ഇരുവരും ചിക്കാഗോ). മരുമക്കൾ: സോണിയ വർഗീസ്, നിഷ വർഗീസ്. സഹോദരങ്ങൾ: സ്കറിയ തോമസ് (ചിക്കാഗോ), രാജു സ്കറിയ (പത്തനംതിട്ട), ബാബുജി സ്കറിയ (ചിക്കാഗോ), ജോസി സ്കറിയ (ഡാളസ്), സണ്ണി സ്കറിയ (ചിക്കാഗോ), പരേതരായ മോളി ഇടിക്കുള, പാപ്പച്ചൻ സ്കറിയ.


**പെരുംതുരുത്തി:** എം.ഇ.സി സീനിയർ ഡ്രില്ലിങ് റിട്ട. എൻജിനീയറും ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ റിട്ട. എൻജിനീയറുമായ ചെമ്പരത്തിമൂട്ടിൽ സഖറിയ ചെറിയാൻ (88) അന്തരിച്ചു.

**വയലാ:** മൂന്നുതുണ്ടത്തിൽ വർക്കി മാത്യു (100) അന്തരിച്ചു.

## സഖറിയ നിരപ്പുകണ്ടം കോർ എപ്പിസ്കോപ്പ

**മൂവാറ്റുപുഴ:** യാക്കോബായ സഭയിലെ സീനിയർ വൈദികൻ സഖറിയ നിരപ്പുകണ്ടം കോർ എപ്പിസ്കോപ്പ (91) മകൾ മേക്കടമ്പ് സ്മൂനി ബോബസിന്റെ വസതിയിൽ അന്തരിച്ചു. ഭാര്യ മണ്ണത്തൂർ കൊച്ചുപറമ്പിൽ ലില്ലി. മറ്റുമക്കൾ: അഡ്വ. റോയ് നിരപ്പുകണ്ടം (യുഎസ്), ഫാ. റിജോ നിരപ്പുകണ്ടം (വികാരി സെ. മേരീസ് യാക്കോബായ പള്ളി. പണ്ടപ്പിള്ളി), മരുമക്കൾ: ഷീൻറോയ് പിള്ളവീട്ടിൽ (യുഎസ്), മണ്ണത്തൂർ പാണാട്ടിൽ ദീപ ജേക്കബ്, പരേതനായ കെ.എം. ബോബസ് കീപ്പടാസ്.

## ജോസഫ് ഇട്ടൂപ്പ്



**ഡാളസ്:** വൈക്കം പുത്തനങ്ങാടി പെരുവേലിൽ ജോസഫ് ഇട്ടൂപ്പ് (ബേബിച്ചൻ-96) യുഎസിൽ അന്തരിച്ചു. ഭാര്യ പുളിങ്കുന്നു പകലോമറ്റം കാനാച്ചേരിൽ അന്നമ്മ ജോസഫ്. മക്കൾ: ബീനാ ജോസഫ്, മെറീനാ ജോസഫ്, അന്നാ ജോസഫ് (മാജിമോൾ), എലിസബത്ത് ജോസഫ് ക്രെയ്ഗ് (നീതുമോൾ) (എല്ലാവരും യുഎസ്). മരുമക്കൾ: ജോസ് പാറേക്കാട്ട്, തങ്കച്ചൻ തെക്കേവണ്ടളത്തുകരി, തോമസ് ഹെർമൻ ക്രെയ്ഗ്.

**തിരുവനന്തപുരം:** ഗായകൻ പന്തളം ബാലന്റെ ഭാര്യാ മാതാവ് വഴയില ഐശ്വര്യ ഗാർഡൻസ് മയൂരത്തിൽ ടി. ഇന്ദിരാദേവി (86) അന്തരിച്ചു.

## ഗ്രേസി

**കൊല്ലം:** ഒലിക്കര പരേതനായ മാത്തുണ്ണി തരകൻ ചാണ്ടപിള്ളയുടെ ഭാര്യ ഗ്രേസി (82) അന്തരിച്ചു. കൊല്ലം കടപ്പാക്കട റെജിമന്ദിരം കുടുംബാംഗമാണ്. മക്കൾ: സൂസൻ (സിംഗപ്പൂർ), സോജി (ഡാളസ്), സുജ (സിംഗപ്പൂർ), സുനി (മലേഷ്യ). മരുമക്കൾ: രാജു ഏബ്രഹാം, സുമ, റയൻ കോമാട്ട്.

**പെരുവ:** കാപ്പിക്കരയിൽ കെ.ടി. പൈലിയുടെ ഭാര്യ ഗവ. എൽപിഎസ് മുൻ പ്രധാനാദ്ധ്യാപിക ചിന്നമ്മ പി. ജേക്കബ് (93) അന്തരിച്ചു.

**കാണക്കാരി:** വെള്ളാരംകാല പരേതനായ ഔസേപ്പിന്റെ മകൾ ഫിലോമിന (ശോഭന-59) അന്തരിച്ചു.

**കുറോപ്പട:** ഉറുമ്പിൽ പുത്തൻപുരയിൽ പി.എസ്. ജോയിയുടെ ഭാര്യ പൊന്നമ്മ ജോയി (70) അന്തരിച്ചു.

**പാത്താമുട്ടം:** ഓണാട്ട് പി. പി. ഫിലിപ്പ് (83) അന്തരിച്ചു.

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## *Favors Received*



*Inserted by: Firm Believer, Boston*

## *Favors Received*



*Inserted by: Firm Believer, Boston*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by:* **JUBIL REJI & FAMILY**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**

## HOUSE FOR RENT IN BORDER LONG ISLAND, NEW YORK

Bricks 3 bedrooms, 2 living rooms, house one block from BELL ROSE, NEW YORK CITY, SPRINGFIELD BLVD 89-90TH AVE. Near LIR (Train), One Block Bus in front and all around, NEW YORK CITY Subway very close. With Garage $2900.00. Without garage $2800.00. Minimum rent for 2 bedrooms here is $3800.00. Tenant (MUST) pays all utilities, water, heating and electricity. Available after January 26th, 2026.

**FORE MORE INFORMATION PLEASE CONTACT**

**1-516-376-0631, 1-516-209-7186 (JUSTIN)**

## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## *Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Atlanta*

## *Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Atlanta*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Dallas*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Dallas*




# 'അനോമി'യിൽ കരുത്തുറ്റ കഥാപാത്രമായി ഭാവന


മലയാളികളുടെ പ്രിയതാരം ഭാവനയുടെ സിനിമാ ജീവിതം 23 വർഷം പിന്നിടുകയാണ്. നമ്മൾ എന്ന ചിത്രത്തിലൂടെ വെള്ളിത്തിരയിലെത്തി, സ്വന്തം കഠിനാദ്ധ്വാനവും തകർക്കാനാകാത്ത ഇച്ഛാശക്തിയും കൊണ്ട് തെന്നിന്ത്യൻ സിനിമയിൽ തന്റേതായ ഇടം കണ്ടെത്തിയ ഭാവന ഇന്നോളം കാണാത്ത വേഷപകർച്ചയിൽ പുതിയ ചിത്രം അനോമി (Anomie) യിലൂടെ ഉടൻ പ്രേക്ഷകർക്ക് മുന്നിലെത്തുകയാണ്. അഭിനയ മികവിനൊപ്പം തന്നെ വ്യക്തിജീവിതത്തിലെ കരുത്തുറ്റ നിലപാടുകൾ കൊണ്ട് ഒട്ടേറെ സ്ത്രീകൾക്ക് പ്രചോദനമായി മാറിയ ഭാവനയുടെ കരിയറിലെ സുപ്രധാനമായ ഒരു നാഴികക്കല്ലായിരിക്കും ഈ ചിത്രം.

നവാഗതനായ റിയാസ് മാരാത്ത് ആണ് അനോമി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്നത്. ഒരു സാധാരണ കുറ്റാന്വേഷണ സിനിമ എന്നതിലുപരി, പാരലൽ അന്വേഷണത്തിന്റെ സാധ്യതകളെ ഏറ്റവും ക്രിയേറ്റീവായി ഉപയോഗപ്പെടുത്തിയ സിനിമ കൂടിയായിരിക്കും അനോമി. വൈകാരികമായി ഏറെ ആഴമുള്ള സാറ എന്ന ഫോറൻസിക് അനലിസ്റ്റ് കഥാപാത്രമായാണ് ഭാവന ഈ ചിത്രത്തിൽ എത്തുന്നത്.

മിസ്റ്ററി ത്രില്ലർ ഗണത്തിൽ ഒരുങ്ങുന്ന ചിത്രത്തിൽ മറ്റൊരു പ്രധാന വേഷത്തിൽ എത്തുന്നത് റഹ്മാൻ ആണ്. ധ്രുവങ്ങൾ 16 ഉൾപ്പെടെയുള്ള ചിത്രങ്ങളിലെ ശ്രദ്ധേയമായ കുറ്റാന്വേഷണ വേഷങ്ങൾക്കു ശേഷം, മലയാളത്തിൽ വീണ്ടും ഒരു കരുത്തുറ്റ ഇൻവെസ്റ്റിഗേഷൻ ഓഫീസറായി റഹ്മാൻ എത്തുന്നു എന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്. ബിനു പപ്പു, വിഷ്ണു അഗസ്ത്യ, അർജുൻ ലാൽ, ഷെബിൻ ബെൻസൺ, ദൃശ്യ രഘുനാഥ് തുടങ്ങിയവരും ചിത്രത്തിൽ പ്രധാന വേഷങ്ങൾ അവതരിപ്പിക്കുന്നു.

ഗുൽഷൻ കുമാർ, ഭൂഷൺ കുമാർ, ടി സീരീസ് ഫിലിംസ്, പനോരമ സ്റ്റുഡിയോസ് എന്നിവർ അവതരിപ്പിക്കുന്ന ചിത്രം നിർമിക്കുന്നത് കുമാർ മംഗത് പഥക്, അഭിഷേക് പഥക് എന്നിവരാണ്. കോൺഫിഡന്റ് ഗ്രൂപ്പ് ചെയർമാൻ ഡോ. റോയ് സി.ജെ, ബ്ലിറ്റ്സ്ക്രീഗ് ഫിലിംസ്, എ.പി.കെ. സിനിമ എന്നിവരും ഭാവന ഫിലിം പ്രൊഡക്ഷൻസിന്റെ ബാനറിൽ നടി ഭാവനയും നിർമാണ പങ്കാളിയാണ്.


ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട അനിമൽ, അർജുൻ റെഡ്ഡി എന്നീ ചിത്രങ്ങളുടെ സംഗീത സംവിധായകൻ ഹർഷവർദ്ധൻ രാമേശ്വർ ആണ് അനോമിക്കുവേണ്ടി സംഗീതമൊരുക്കുന്നത്. ഛായാഗ്രഹണ വിഭാഗം സുജിത് സാരംഗും ചിത്രസംയോജനം കിരൺ ദാസും നിർവഹിക്കുന്നു. ആക്ഷൻ ഡയറക്ടർ-ആക്ഷൻ സന്തോഷ്, വസ്ത്രാലങ്കാരം-സമീറ സനീഷ്, പബ്ലിസിറ്റി ഡിസൈൻസ്-യെല്ലോ ടൂത്ത്.




# 'സിദ്ധു' ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി

ആദി കേശവ, സിയാറ ഫാത്തിമ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അജിത് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന സിദ്ധു എന്ന ചിത്രത്തിന്റെ ഫസ്റ്റ്ലുക്ക് പോസ്റ്റർ റിലീസായി.

ജോയ് മാത്യു, ജാഫർ ഇടുക്കി, ബാലാജി, അരിസ്റ്റോ സുരേഷ്, സാബു തിരുവല്ല, ശ്വേത വിനോദ്, കാർത്തിക, ശാലിനി, വിബില, ഷെരീഫ് തമ്പാനൂർ, ദീപക് ടിങ്കിൾ സനൽ, ജിൻസി ചിന്നപ്പൻ, ജയശരത്, രഞ്ജിനി, സിമി കൃഷ്ണ, ഷൈൻ അനിരുദ്ധൻ, ഷാജഹാൻ തൊളിക്കോട് തുടങ്ങിയവരാണ് മറ്റു താരങ്ങൾ.




ആലഞ്ചേരി സിനിമാസ്, അബിൻ എന്റർടെയ്ൻമെന്റ്സ് എന്നീ ബാനറുകളിൽ ഡോക്ടർ അബിൻ പാലോട്, സിറിയക് ആലഞ്ചേരി എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സനദ് സതീശൻ നിർവഹിക്കുന്നു. വിജു ശങ്കർ എഴുതിയ വരികൾക്ക് സാനന്ദ് ജോർജ്, ഡി. ശിവപ്രസാദ് എന്നിവർ സംഗീതം പകരുന്നു. പ്രൊഡക്ഷൻ കൺട്രോളർ-രാജീവ് കുടപ്പനക്കുന്ന്, പ്രൊഡക്ഷൻ ഡിസൈനർ-ജയൻ മാസ്, മേക്കപ്പ്-അനിൽ നേമം, വസ്ത്രാലങ്കാരം-ഷിബു പരമേശ്വരൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ഷാജൻ കല്ലായി, റീറിക്കോർഡിംഗ്-സാനന്ദ് ജോർജ്, പ്രൊജക്ട് കോ-ഓർഡിനേറ്റർ-സുധീർ കുമാർ, ഫിനാൻസ് കൺട്രോളർ-മനോജ് സി.ബി, ഡിസൈൻ-ജെറിൻ മെഡ്ബൗട്ട്.

ചിത്രീകരണം പൂർത്തിയായ സിദ്ധു ജനുവരി അവസാന വാരം പ്രദർശനത്തിനെത്തും.

# 'ഈ തനിനിറം' 16-ന് തിയറ്ററുകളിൽ

അനൂപ് മേനോൻ ഇൻവെസ്റ്റിഗേറ്റീവ് ഓഫീസറായി കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന 'ഈ തനിനിറം' എന്ന ചിത്രം 16-ന് തിയറ്ററുകളിൽ. ധനുഷ് ഫിലിംസിന്റെ ബാനറിൽ



എസ്. മോഹൻ നിർമിക്കുന്ന ചിത്രം സംവിധാനം ചെയ്യുന്നത് രതീഷ് നെടുമങ്ങാട് ആണ്. പതിവായി അപരിചിതർക്കൊപ്പമുള്ള ക്യാമ്പിംഗ് പരിപാടികൾ നടക്കുന്ന ഒരു റിസോർട്ടിൽ ഒരു പെൺകുട്ടിക്കുണ്ടാകുന്ന ദുരന്തത്തിന്റെ കഥയാണ് ചിത്രം പറയുന്നത്. പുതുമയുള്ള വഴിത്തിരിവുകളോടെയാണ് ഈ ഇൻവെസ്റ്റിഗേറ്റീവ് ത്രില്ലർ മുന്നോട്ടുപോകുന്നത്. എസ്ഐ ഫെലിക്സ് ലോപ്പസ് എന്ന കഥാപാത്രത്തെയാണ് അനൂപ് മേനോൻ അവതരിപ്പിക്കുന്നത്.

രമേഷ് പിഷാരടി, ഇന്ദ്രൻസ്, നോബി, പ്രസാദ് കണ്ണൻ, ജി. സുരേഷ് കുമാർ, ദീപക് ശിവരാജൻ (അറബിക്കഥ ഫെയിം), അജിത്, രമ്യാ മനോജ്, അനഘാ രോഹൻ, ആദർശ് ഷേണായ്, ബാലു ശ്രീധർ, ആദർശ് ഷാനവാസ്, വിജീഷ, ഗൗരി ഗോപൻ, ആതിര എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു. അംബികാ കണ്ണൻ ബായ് ആണ് തിരക്കഥയെഴുതുന്നത്. അനൂപ് മേനോൻ, രാജീവ് ആലുങ്കൽ, വിഷ്ണു എന്നിവരുടെ വരികൾക്ക് ബിനോയ് രാജ്കുമാർ ഈണംപകരുന്നു.

പ്രദീപ് നായർ-ഛായാഗ്രഹണം, അജു അജയ്-എഡിറ്റിംഗ്, അശോക് നാരായൺ-കലാസംവിധാനം, റാണാ-കോസ്റ്റ്യൂം ഡിസൈൻ, രാജേഷ് രവി-മേക്കപ്പ് തുടങ്ങിയവരും അണിയറയിലുണ്ട്. ഓശാനാ മൗണ്ട്, വാഗമൺ, തിരുവനന്തപുരം എന്നിവിടങ്ങളിലായിരുന്നു ചിത്രീകരണം.




# വാഴ II – ബയോപിക് ഓഫ് ബില്യൺ ബ്രോസ് ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തായി

സോഷ്യൽ മീഡിയയിലെ യുവതാരങ്ങൾക്ക് പ്രാധാന്യം നൽകി ഒരുക്കിയ 'വാഴ' എന്ന ചിത്രത്തിന്റെ രണ്ടാം ഭാഗമായ 'വാഴ II - ബയോപിക് ഓഫ് ബില്യൺ ബ്രോസ്' എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. നവാഗതനായ സവിൻ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും വിപിൻ ദാസ് എഴുതുന്നു. പുതുമുഖങ്ങൾക്ക് പ്രാധാന്യം നല്കി ഹാഷിർ, അമീൻ തുടങ്ങിയ ഒരുപറ്റം യുവതാരങ്ങൾക്കൊപ്പം സുധീഷ്, വിജയ് ബാബു, അജു വർഗീസ്, അരുൺ, അൽഫോൻസ് പുത്രൻ, വിനോദ് കെടാമംഗലം തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.




WBTS പ്രൊഡക്ഷൻസ്, ഇമാജിൻ സിനിമാസ്, സിഗ്നേച്ചർ സ്റ്റുഡിയോസ്, ഐക്കൺ സ്റ്റുഡിയോസ്, ഷൈൻ സ്ക്രീൻസ് എന്നീ ബാനറുകളിൽ വിപിൻ ദാസ്, ഹാരിസ് ദേശം, സാഹു ഗാരപാട്ടി, പി.ബി. അനീഷ്, ആദർശ് നാരായൺ എന്നിവർ ചേർന്നാണ് ചിത്രം നിർമിക്കുന്നത്.

അഖിൽ ലൈലാസുരൻ ഛായാഗ്രഹണം നിർവഹിക്കുന്നു. എഡിറ്റർ-കണ്ണൻ മോഹൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-കനിഷ്ക ഗോപി ഷെട്ടി, പ്രൊഡക്ഷൻ കൺട്രോളർ-റിന്നി ദിവാകർ, കല-ബാബു പിള്ള, മേക്കപ്പ്-സുധി സുരേന്ദ്രൻ, കോസ്റ്റ്യൂംസ്-അശ്വതി ജയകുമാർ, സ്റ്റിൽസ്-ബിജിത്ത് ധർമടം, പരസ്യകല-യെല്ലോ ടൂത്ത്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-രജിവൻ അബ്ദുൾ ബഷീർ, സൗണ്ട് ഡിസൈനർ-അരുൺ എസ്. മണി, ആക്ഷൻ-കലൈ കിംഗ്സൺ, വിക്കി നന്ദഗോപാൽ, ഡിഐ-ജോയ്നർ തോമസ്, ടൈറ്റിൽ ഡിസൈൻ-സാർക്കാസനം, സൗണ്ട് ഡിസൈൻ-വിഷ്ണു സുജാതൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-അനീഷ് നന്തിപുലം, പ്രൊമോഷൻ കൺസൽട്ടന്റ്-വിപിൻ കുമാർ, ടെൻ ജി മീഡിയ. വേനലവധിക്ക് ഐക്കൺ സിനിമാസ് ചിത്രം തിയറ്ററിലെത്തിക്കും.

# റീ റിലീസിനൊരുങ്ങി 'ഉദയനാണ് താരം'

റോഷൻ ആൻഡ്രൂസ്-മോഹൻലാൽ-ശ്രീനിവാസൻ കൂട്ടുകെട്ടിലിറങ്ങിയ സൂപ്പർഹിറ്റ് ചിത്രം ഉദയനാണ് താരം, 20 വർഷത്തിനുശേഷം 4K ദൃശ്യമികവോടെ റീ റിലീസിന് ഒരുങ്ങുകയാണ്. 2026-ൽ ജനുവരി അവസാനത്തോടെ ചിത്രം തിയറ്ററുകളിൽ എത്തുമെന്ന് നിർമാതാവ് അറിയിച്ചു. മോഹൻലാലിനൊപ്പം ശ്രീനിവാസനും പ്രധാന കഥാപാത്രങ്ങളിലെത്തിയ ചിത്രം എക്കാലത്തെയും മികച്ച എന്റർടെയ്നറാണ്.


റിലീസ് വേളയിൽ ബോക്സ് ഓഫീസിൽ മികച്ച വിജയം നേടിയ ചിത്രം വീണ്ടും റിലീസിന് എത്തുമ്പോൾ ആരാധകരും ആവേശത്തിലാണ്. പ്രേക്ഷകനെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത ഉദയനാണ് താരം സിനിമയ്ക്കുള്ളിലെ സിനിമയുടെ കഥ പറഞ്ഞ പടമാണ്. കാൾട്ടൺ ഫിലിംസിന്റെ ബാനറിൽ സി. കരുണാകരനാണ് ചിത്രം നിർമിച്ചത്. ഉദയഭാനുവായി മോഹൻലാലും സരോജ്കുമാർ എന്ന രാജപ്പനായി ശ്രീനിവാസനും തകർത്തഭിനയിച്ച ചിത്രത്തിൽ മീനയായിരുന്നു നായിക. ശ്രീനിവാസനാണ് സിനിമയുടെ കഥയും തിരക്കഥയും ഒരുക്കിയത്.



ജഗതി ശ്രീകുമാർ പച്ചാളം ഭാസിയായി തകർപ്പൻ പ്രകടനം കാഴ്ചവെച്ച സിനിമയിൽ മുകേഷ്, സലിംകുമാർ, ഇന്ദ്രൻസ്, ഭാവന എന്നിവരും വേഷമിട്ടിട്ടുണ്ട്. ഛായാഗ്രഹണം നിർവഹിച്ചത് എസ്. കുമാറാണ്. ദീപക് ദേവിന്റേതാണ് സംഗീതം. ഗാനരചന കൈതപ്രം. പശ്ചാത്തല സംഗീതം ഔസേപ്പച്ചൻ. എ.കെ. സുനിലിന്റെ നേതൃത്വത്തിലുള്ള ന്യൂ സൂര്യ ഫിലിംസ് ആണ് ചിത്രത്തിന്റെ ഡിസ്ട്രിബ്യൂഷൻ കൈകാര്യം ചെയ്യുന്നത്. എഡിറ്റർ-രഞ്ജൻ എബ്രഹാം, എക്സിക്യൂട്ട് പ്രൊഡ്യൂസർ-കരീം അബ്ദുള്ള, ആർട്ട്-രാജീവൻ, പ്രൊഡക്ഷൻ കൺട്രോളർ-ആന്റോ ജോസഫ്, മേക്കപ്പ്-പാണ്ഡ്യൻ, കോസ്റ്റ്യൂംസ്-സായി, ഓഫീസ് ഇൻ ചാർജ്-ബിനീഷ് സി. കരുൺ, മാർക്കറ്റിങ് ഹെഡ് ബോണി അസനാർ, ക്രിയേറ്റീവ് കോൺട്രിബ്യൂഷൻ-മദൻ മേനോൻ.

കളറിസ്റ്റ്-രാജ പാണ്ഡ്യൻ (പ്രസാദ് ലാബ്), ഷാൻ ആഷിഫ് (ഹൈ സ്റ്റുഡിയോസ്), 4k റീ മാസ്റ്ററിങ്-പ്രസാദ് ലാബ്, മിക്സിംഗ്-രാജാകൃഷ്ണൻ, സ്റ്റിൽസ് മോമി & ജെപി, ഡിസൈൻസ്-പ്രദീഷ് സമ.

# 'മത്തി'യുടെ ചിത്രീകരണം കൊച്ചിയിൽ



വിഷ്വൽ മീഡിയയിൽ ഏറെക്കാലത്തെ പ്രവൃത്തിപരിചയമുള്ള ബിജുലാൽ തിരക്കഥയെഴുതി സംവിധാനംചെയ്യുന്ന ചിത്രം മത്തിയുടെ നിർമാണ ജോലികൾക്ക് കൊച്ചിയിൽ തുടക്കമായി. നാദബ്രഹ്മം, സൂര്യഗീതം, പച്ചക്കിളി (തമിഴ്) തുടങ്ങിയ ചിത്രങ്ങളുടെ സംവിധായകനാണ് ബിജുലാൽ.

ടെലി മീഡിയാ വിഷന്റെ ബാനറിൽ ഒരുക്കുന്ന ചിത്രം റോഡ് മൂവി ആയാണ് അവതരിപ്പിക്കുന്നത്.

മത്തി എന്ന ടൈറ്റിലിനുപിന്നിലും കൗതുകങ്ങളുണ്ടെന്ന് സംവിധായകൻ പറഞ്ഞു. പരസ്പരം തിരിച്ചറിയാത്ത നാലു ചെറുപ്പക്കാരും അവരുടെ കാമുകിമാരും ചേർന്ന് നടത്തുന്ന ഒരു യാത്രയാണ് ഈ ചിത്രത്തിന്റെ പശ്ചാത്തലം. ഈ യാത്രയിൽ ഉണ്ടാകുന്ന അവിചാരിത സംഭവങ്ങൾ ത്രില്ലർ മൂഡിൽ അവതരിപ്പിക്കുന്നു. അഞ്ചു ഭാഷകളിലായി പാൻ ഇന്ത്യൻ ചിത്രമായാണ് നിർമാണം.

ബാലതാരമായി വന്ന് മികവുതെളിയിച്ച ആകാശ് ലാൽ നായകനായി അഭിനയിക്കുന്ന ഈ ചിത്രത്തിൽ തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി ഭാഷകളിൽനിന്നുള്ള താരങ്ങളും അണിനിരക്കുന്നു. നൂറ്റമ്പതോളം പുതുമുഖങ്ങൾ സ്ക്രീനിലെത്തും. ചെമ്പിൽ അശോകൻ, സാലു കൂറ്റനാട്, ജീവ എന്നിവരും ഈ ചിത്രത്തിലെ താരങ്ങളാണ്.

ഷിജു നമ്പ്യത്ത്-ക്രിയേറ്റീവ് കോൺട്രിബ്യൂട്ടർ, ഷമീർ സിംഗ്, ഭാഗ്യരാജ് പറളി-ഗാനങ്ങൾ, നീർവെയിൽ സിംഗ്, ഭാഗ്യരാജ് പറളി-സംഗീതം, ഷംനാദ്, സന്തോഷ് അഞ്ചൽ-ഛായാഗ്രഹണം, ഇർഫാൻ ഖാൻ-കൊറിയോഗ്രഫി എന്നിവരും അണിയറയിലുണ്ട്.

15-ന് കൊച്ചിയിൽ ചിത്രീകരണം ആരംഭിക്കുന്ന ഈ ചിത്രം തമിഴ്നാട്, കർണാടക, ഗോവ, മുംബൈ, ദുബായ് എന്നിവിടങ്ങളിലായി പൂർത്തിയാകും.

# നൂറു കോടിയുടെ തട്ടിപ്പ്: അന്താരാഷ്ട്ര സംഘം വലയിൽ

ന്യൂഡൽഹി: ഓൺലൈൻ, ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ അടക്കം നൂറു കോടിയിലേറെ രൂപയുടെ തട്ടിപ്പ് നടത്തിയ അന്താരാഷ്ട്ര സൈബർ ക്രൈം സംഘം ഡൽഹിയിൽ പോലീസ് പിടിയിലായി. ഭീകരവിരുദ്ധ നിയമപാലകരായി വേഷം മാറി ഇന്ത്യക്കാരിൽനിന്നു കോടികൾ വെട്ടിച്ച സംഘത്തിന്റെ ഓപ്പറേഷൻ ഏകോപിപ്പിച്ച തായ്‌വാൻ പൗരനടക്കം ഏഴുപേരെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തു. കേരളവും തമിഴ്നാടും ഉൾപ്പെടെ തട്ടിപ്പ് നടത്തിയ സംഘത്തിൽനിന്നു വിദേശ സിം കാർഡുകൾ അടക്കം 120 മൊബൈൽ സിം കാർഡുകൾ, 22 സിം ബോക്സ് ഉപകരണങ്ങൾ, മൊബൈൽ ഫോണുകൾ, ലാപ്‌ടോപ്പുകൾ, റൂട്ടറുകൾ, സിസിടിവി കാമറകൾ, പാസ്പോർട്ടുകൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. 5,000-ത്തിലധികം കോംപൈൽഡ് ഐഎംഇഐ നമ്പറുകളും 20,000 സിം കാർഡുകളും തട്ടിപ്പിനുള്ള മൊഡ്യൂളുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്ന് പോലീസ് അറിയിച്ചു. തായ്‌വാൻ, ചൈന, നേപ്പാൾ, കംബോഡിയ, പാക്കിസ്ഥാൻ എന്നിവിടങ്ങളിൽ സംഘത്തിനു ബന്ധമുണ്ടെന്ന് പോലീസ് കണ്ടെത്തി.

തട്ടിപ്പ് സിൻഡിക്കറ്റിന്റെ പ്രധാന സാങ്കേതിക ഓപ്പറേറ്ററായ തായ്‌വാൻ പൗരനായ ഐ സുംഗ് ചെന്നിനെ (30) പിടികൂടിയതോടെയാണ് അന്താരാഷ്ട്ര തട്ടിപ്പു സംഘത്തിന്റെ ചുരുളുകളഴിഞ്ഞത്. ഡിസംബർ 21-ന് ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നാണ് ഇയാളെ അറസ്റ്റ്ചെയ്തത്. തുടർന്നു നടത്തിയ അന്വേഷണത്തിൽ ഡൽഹിയിലെ ഗോയ്‌ല ഡയറിയിൽ ആദ്യ ഫിസിക്കൽ സിം ബോക്സ് സജ്ജീകരണം കണ്ടെത്തി.

ഡൽഹിയിലെ ഒന്നിലധികം സ്ഥലങ്ങളിൽ നടത്തിയ റെയ്ഡുകളിൽ പ്രാദേശിക ഓപ്പറേറ്റർമാരായ ശശി പ്രസാദ് (53), പർവീന്ദർ സിംഗ് (38) എന്നിവരെ അറസ്റ്റ് ചെയ്തതായി പോലീസ് പറഞ്ഞു. ഉപകരണങ്ങൾ സൂക്ഷിക്കാൻ ശശി പ്രസാദ് മുറി വാടകയ്ക്കെടുത്തിരുന്നു. ഇയാളെ ചോദ്യം ചെയ്തപ്പോഴാണു പർമീന്ദർ സിംഗിലേക്ക് പോലീസ് എത്തിയത്. ശശി, പർമിന്ദർ, ചെൻ എന്നിവരെ കൂടാതെ, സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമയുള്ള സരബ്ജിത് സിംഗ്, ജസ്പ്രീത് കൗർ, ദിനേശ്, അബ്ദുൾ സലാഹ് എന്നിവരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

തുടർന്നുള്ള റെയ്ഡുകളിൽ മുംബൈ, മൊഹാലി, കോയമ്പത്തൂർ എന്നിവിടങ്ങളിലെ സിം ബോക്സ് മൊഡ്യൂളുകൾ തകർത്തു.

ഡൽഹിയിലെ നിഹാൽ വിഹാറിൽനിന്നും നരേലയിൽനിന്നും സമാന ഉപകരണങ്ങൾ തമിഴ്നാട് പോലീസ് കണ്ടെടുത്തിരുന്നു. ഒന്നിലധികം ഫിസിക്കൽ സിമ്മുകളോ ഇ-സിമ്മുകളോ വിദൂരമായി പ്രവർത്തിപ്പിക്കാൻ അനുവദിക്കുന്ന ഒരു ഉപകരണമാണ് സിം ബോക്സ്. സൈബർ തട്ടിപ്പിന്റെ പ്രാരംഭഘട്ടങ്ങളിൽ കോളുകളുടെ ഉത്ഭവം മറയ്ക്കാൻ ഇതു സാധാരണയായി ഉപയോഗിക്കുന്നു. പ്രതികളിൽ പലരും മുമ്പ് കംബോഡിയ ആസ്ഥാനമായുള്ള അഴിമതികേന്ദ്രങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെന്നും പാകിസ്താൻ ആസ്ഥാനമായുള്ള ഒരു ഹാൻഡ്‌ലർ റിക്രൂട്ട് ചെയ്ത് ധനസഹായം നൽകിയിട്ടുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞു. നേപ്പാൾ ആസ്ഥാനമായുള്ള ഒരു വിഭാഗം വിദൂരനിയന്ത്രിത പ്രവർത്തനങ്ങൾ നടത്തിയതായും സംശയിക്കുന്നു. ഡിജിറ്റൽ അറസ്റ്റ് ഇല്ലെന്നും തട്ടിപ്പാണെന്നും മനസിലാക്കാതെയാണ് ഇരകളിൽ പലരും തട്ടിപ്പുകാർക്ക് വൻ തുക കൈമാറിയത്. തീവ്രവാദ വിരുദ്ധ സ്ക്വാഡിലെയും മറ്റു സുരക്ഷാ ഏജൻസികളിലെയും ഉദ്യോഗസ്ഥർ ചമഞ്ഞാണു തട്ടിപ്പ് നടത്തിയതെന്ന് പോലീസ് വിശദീകരിച്ചു.



സൈബർ തട്ടിപ്പു കേസിൽ അറസ്റ്റിലായവരുമായി ഡൽഹി പോലീസ് പത്രസമ്മേളനം നടത്തുന്നു.

## യുപിഎസ്‌സി പരീക്ഷ: മുഖം തിരിച്ചറിയൽ നിർബന്ധമാക്കി

ന്യൂഡൽഹി: യുപിഎസ്‌സി പരീക്ഷകൾക്കു മുൻപായി ഉദ്യോഗാർത്ഥികളെ മുഖം തിരിച്ചറിയലിനു (ഫെയ്സ് റെക്കഗ്നിഷൻ) വിധേയമാക്കും. ആൾമാറാട്ടം തടയുക, ക്രമക്കേടില്ലെന്ന് ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണു പുതിയ നടപടി. അപേക്ഷയ്ക്കൊപ്പം നൽകിയ ഫോട്ടോയുമായി സാമ്യമുണ്ടോ എന്നുള്ള എഐ പരിശോധനയാണു നടത്തുക. ഇതിനായി പാസ്പോർട്ട് സൈസ് ഫോട്ടോയ്ക്കൊപ്പം ലൈവ് ഫോട്ടോകൂടി അപ്‌ലോഡ് ചെയ്യാൻ ആവശ്യപ്പെടും.

കഴിഞ്ഞ വർഷം സെപ്റ്റംബറിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയാണ് ഇപ്പോൾ എല്ലാ പരീക്ഷകൾക്കും നടപ്പാക്കുന്നത്. എൻഡിഎ, സിഡിഎസ് പരീക്ഷകളിൽ ഗുരുഗ്രാമിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലായി 1129 ഉദ്യോഗാർത്ഥികളുടെ പരിശോധനയാണ് അന്നു നടത്തിയത്. ഓരോ സ്കാനിങ്ങും 8-10 സെക്കൻഡുകളിൽ പൂർത്തിയാക്കി. പരീക്ഷയ്ക്കായി അപേക്ഷിക്കുമ്പോൾ നൽകുന്ന ഫോട്ടോ തിരിച്ചറിയൽ മാത്രമാണ് ഇതുവരെ പരീക്ഷാകേന്ദ്രങ്ങളിലുണ്ടായിരുന്നത്.

നാഷണൽ ഇ-ഗവേണൻസ് ഡിവിഷന്റെ പിന്തുണയോടെയാണു സംവിധാനം നടപ്പാക്കുന്നത്. യുപിഎസ്‌സി പരീക്ഷയെഴുതുന്ന എല്ലാ ഉദ്യോഗാർത്ഥികളും പരീക്ഷാകേന്ദ്രത്തിൽ ഫെയ്സ് ഓതന്റിക്കേഷനു വിധേയമാകണമെന്ന വിവരം ഈയിടെയാണ് അധികൃതർ വെബ്സൈറ്റിലൂടെ അപ്ഡേറ്റ് ചെയ്തത്. സിവിൽ സർവീസ്, എൻഡിഎ, സിഡിഎസ് ഉൾപ്പെടെ 14 പ്രധാന പരീക്ഷകളാണു പ്രതിവർഷം യുപിഎസ്‌സി നടത്തുന്നത്.

## തന്ത്രി അറസ്റ്റിൽ

(3-ാം പേജിൽനിന്നും)

പരിശോധനയ്ക്കുശേഷം മെഡിക്കൽ കോളജ് ആശുപത്രി ഐസിയുവിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ആരോഗ്യനില മെച്ചപ്പെട്ടതിനെ തുടർന്ന് ഉച്ചയ്ക്ക് രണ്ട് മണിയോടെ മെഡിക്കൽ കോളജ് ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്ത തന്ത്രിയെ സബ്ജയിലിലേക്കു മാറ്റി. പരിശോധനാഫലങ്ങളും സാധാരണനിലയാണ്. ഡിസ്ചാർജ് ആയ സാഹചര്യത്തിൽ പ്രത്യേക അന്വേഷണസംഘം കസ്റ്റഡി അപേക്ഷ നൽകും.

ആരോഗ്യസ്ഥിതി പരിഗണിച്ചാണു കഴിഞ്ഞദിവസം ഇതിനുള്ള അപേക്ഷ എസ്ഐടി നൽകാതിരുന്നത്. തന്ത്രിയെ മറ്റ് പ്രതികളായ ഉണ്ണിക്കൃഷ്ണൻ പോറ്റി, ഗോവർധൻ, എ. പത്മകുമാർ എന്നിവർക്കൊപ്പമിരുത്തി ചോദ്യം ചെയ്യാനാണു നീക്കം.

## ടോൾപിരിവ് പ്രതിഷേധം: എ.കെ.എം. അഷ്റഫ് എംഎൽഎ അറസ്റ്റിൽ

കാസർഗോഡ്: കുമ്പള ആരിക്കാടിയിൽ ടോൾ പിരിക്കാനുള്ള നീക്കത്തിനെതിരെ പ്രതിഷേധം. മഞ്ചേശ്വരം എംഎൽഎ എ.കെ.എം അഷ്റഫ് ഉൾപ്പെടെയുള്ളവരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി. ഇന്നു രാവിലെ എട്ട് മുതൽ ടോൾ പിരിക്കാൻ തുടങ്ങുമെന്ന് അറിയിച്ചതിനു പിന്നാലെ റോഡിൽ കിടന്നു പ്രതിഷേധിച്ചതോടെയാണ് ആളുകളെ അറസ്റ്റ് ചെയ്ത് നീക്കിയത്. ദേശീയപാതയിൽ മൂന്നു മണിക്കൂറോളം ഗതാഗതം സ്തംഭിച്ചു. അന്യായമായാണ് ടോൾ പിരിക്കുന്നതെന്ന് എ.കെഎം അഷ്റഫ് ആരോപിച്ചു.

ടോൾപിരിവ് നടത്തുന്നനെതിരെ ആക്ഷൻ കമ്മിറ്റി ഓഗസ്റ്റിൽ ഹൈക്കോടതിയിൽ നല്കിയ ഹർജിയിൽ വിധി വരുന്നതുവരെ ടോൾപിരിവ് നടത്തില്ലെന്ന് കളക്ടറും ദേശീയപാത അതോറിറ്റി അധികൃതരും ആക്ഷൻ കമ്മിറ്റിയും തമ്മിൽ ധാരണയുണ്ടായിരുന്നു. കേസ് പലപ്പോഴും നീട്ടിവെക്കുകയായിരുന്നു.

## രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ ജയിലിലായി

(3-ാം പേജിൽനിന്നും)

കുറ്റവാളിയാണെന്നാണ് റിമാൻഡ് റിപ്പോർട്ടിൽ പറയുന്നത്. തിരുവല്ല ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിലാണ് പ്രത്യേക അന്വേഷണസംഘം ഡിവൈഎസ്പി എൻ. മുരളീധരൻ റിമാൻഡ് അപേക്ഷ നല്കിയത്.

അറസ്റ്റിന് കാരണമായ മൂന്നാം കേസിൽ ഗർഭച്ഛിദ്രത്തിന് രാഹുൽ നിർബന്ധിച്ചുവെന്നും ബലാത്സംഗം ചെയ്തുവെന്നുമാണ് പരാതി. ക്രൂരമായ ബലാത്സംഗം ചെയ്തെന്ന് അതിജീവിത നല്കിയ പരാതിയിൽ പറയുന്നു. പാലക്കാട് ഫ്ളാറ്റ് വാങ്ങിത്തരണമെന്ന് രാഹുൽ തന്നോട് നിർബന്ധിച്ചുവെന്നും സാമ്പത്തിക ചൂഷണം നടത്തിയെന്നും പരാതിയിൽ പറയുന്നുണ്ട്. തിരുവല്ലയിൽ വെച്ചാണ് രാഹുൽ യുവതിയെ ബലാത്സംഗം ചെയ്തതെന്നാണ് സൂചന.

രാഹുലിനെതിരെ കടുത്ത നടപടിക്ക് നിയമസഭ ഒരുങ്ങുന്നതായാണ് സൂചന. അയോഗ്യനാക്കാനുള്ള നിയമോപദേശം തേടുമെന്ന് സ്പീക്കർ എ.എൻ. ഷംസീർ അറിയിച്ചു. രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയായി തുടരുന്നത് തെറ്റായ സന്ദേശം നല്കുമെന്നും സ്പീക്കർ അറിയിച്ചു. വിഷയം പ്രിവിലേജ് കമ്മിറ്റിക്ക് അയയ്ക്കും. തുടർച്ചയായി രാഹുലിനെതിരെ പരാതികൾ വരുന്നത് ഗൗരവതരമാണ്. അറസ്റ്റിന്റെ വിശദാംശങ്ങൾ നിയമസഭയെ അറിയിക്കും- സ്പീക്കർ വ്യക്തമാക്കി.

നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നും രാഹുലിനോട് രാജിവെക്കാൻ പറയാൻ തനിക്ക് അധികാരമില്ലെന്നും പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ പറഞ്ഞു. പരാതി ലഭിക്കുന്നതിനു മുമ്പേ സസ്പെൻഡ് ചെയ്ത് ഞങ്ങൾ നടപടി എടുത്തിരുന്നു. ഇപ്പോൾ അദ്ദേഹം ഞങ്ങളുടെ പാർട്ടിയിൽ ഉള്ള ആളല്ല. ആ ആളോട് രാജിവെക്കാൻ പറയാൻ ഞങ്ങൾക്ക് എന്തധികാരം. നിയമം നിയമത്തിന്റെ വഴിക്ക് പോകും. അയോഗ്യനാക്കാനുള്ള പ്രമേയം വന്നാൽ കോൺഗ്രസ് അപ്പോൾ തീരുമാനിക്കും. പാർട്ടിയാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നും വി.ഡി. സതീശൻ പറഞ്ഞു.

## ദാസേട്ടൻ മാത്രം

(22-ാം പേജിൽനിന്നും)

* ഹരിവരാസനം വിശ്വമോഹനം
ഹരിദധീശ്വരം ആരാധ്യപാദുകം.....

* അഹിംസാ എന്ന ഇംഗ്ലീഷ് ആൽബത്തിലെ ഗീതാഞ്ജലി എന്ന് തുടങ്ങുന്ന ഗാനം....

തുടങ്ങി എണ്ണമറ്റ ഗാനങ്ങൾ, ഒരിക്കൽ കേട്ടാൽ വീണ്ടും കേൾക്കാൻ മനസ്സുവെമ്പുന്ന, മനസ്സിനെ തലോടുന്ന ആലാപനശൈലി ദാസേട്ടനു മാത്രം കഴിയുന്ന ദൈവീകസിദ്ധിയാണ്.

അമേരിക്കയിൽ വളരുന്ന ഇന്ത്യൻ വംശജരിലെ കുട്ടികളിലെ സംഗീതവും നൃത്തവും പ്രോത്സാഹിപ്പിക്കുവാൻ 1994-ൽ ആരംഭിച്ച സരസ്വതി അവാർഡ്സിന്റെ ആഭിമുഖ്യത്തിൽ 2003-ൽ ദാസേട്ടന്റെ സംഗീത കച്ചേരിയും 2008-ൽ ദാസേട്ടന്റെ ഗാനമേളയും അമേരിക്കയിലെ ഇന്ത്യാക്കാർക്കുവേണ്ടി ന്യൂയോർക്കിൽ നടത്തുവാൻ കഴിഞ്ഞതിലുള്ള സംതൃപ്തി ഈ അവസരത്തിൽ ഞാൻ സ്നേഹപൂർവ്വം അനുസ്മരിക്കുന്നു. ദാസേട്ടൻ പാടി മുദ്രവെച്ചിട്ടുള്ള എല്ലാ ഭാഷകളിലെ എല്ലാ ഗാനങ്ങളും ലോകം ഉള്ള കാലത്തോളം ആസ്വദിക്കപ്പെടുമെന്നുള്ളത് സംഗീത ആസ്വാദകരും സംഗീത ഗുരുക്കളും ഏകസ്വരത്തിൽ അംഗീകരിക്കുന്ന സത്യം മാത്രമാണ്.

ദാസേട്ടന്റെ പ്രിയ പത്നി പ്രഭ ചേച്ചിയുടെ പ്രഭാവലയത്തിലും ലോകമെങ്ങുമുള്ള സംഗീത പ്രേമികളുടെ സ്നേഹാദരവിലും പ്രാർത്ഥനയിലും വിളങ്ങിനിൽക്കുന്ന നമ്മുടെ പ്രിയപ്പെട്ട ദാസേട്ടന് ആയുസ്സും ആരോഗ്യവും ജഗദീശ്വരൻ നൽകി അനുഗ്രഹിക്കട്ടെ.

ദാസേട്ടന് പിറന്നാൾ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

## "ഒരൊറ്റ തള്ളാ..."

(11-ാം പേജിൽനിന്നും)

ദാസേ, ഈ പോക്ക് അത്ര ശരിയല്ലെന്ന്- ആര്- എവിടെ കേക്കാൻ?"

ഭാരതസർക്കാർ പത്മവിഭൂഷൻ നൽകി ആദരിച്ച, ചെമ്പൈ വൈദ്യനാഥഭാഗവതർ സ്വന്തം പൊന്നാട അണിയിച്ച് അനുഗ്രഹിച്ച, ഈശ്വരൻ സ്വന്തം ശബ്ദം നൽകി ഭൂമിയിലേക്കയച്ച, ജനകോടികളുടെ ആരാധനാമൂർത്തിയായ സാക്ഷാൽ യേശുദാസിനു വോഡ്ക ഒഴിച്ചു കൊടുത്ത ആ കൈകളിൽ ഒന്നു മുത്തിയാൽ കൊള്ളാമെന്നു ഞാനറിയാതെ മോഹിച്ചുപോയി.

ദാസേട്ടനു മദ്യം നൽകിയെന്നു പറഞ്ഞ ക്ലീറ്റസ് ചേട്ടൻ, അദ്ദേഹത്തിന്റെ ഗാനമേള ഒരിക്കലെങ്കിലും കേട്ടിട്ടുണ്ടോ എന്നെനിക്കു സംശയമുണ്ട്.

ഇത്തരം തള്ളുവണ്ടികളുമായി നടക്കുന്ന ക്ലീറ്റസുമാരെ തട്ടിമുട്ടാതെ, വഴി നടക്കാനാവാത്ത ഒരവസ്ഥയാണല്ലോ ഇവിടെ. അവാർഡുകളുടെ ഭാണ്ഡക്കെട്ടുകളും പേറി, പൊന്നാടയും പുതച്ച് 'വിശ്വപൗരൻ' എന്ന ലേബലും നെറ്റിയിലൊട്ടിച്ചാണു പലരുടേയും നടപ്പ്. നടക്കട്ട് - കാര്യങ്ങൾ നല്ല ഞെരിപ്പായി നടക്കട്ട്!

"ശംഭോ മഹാദേവ"

ഗാനഗന്ധർവ്വൻ പത്മവിഭൂഷൻ യേശുദാസിന് ജനുവരി പത്തിനു എൺപത്തിയാറു വയസു തികയുന്നു. ദാസേട്ടന് ആയുരാരോഗ്യ സൗഖ്യം നേരുന്നു.

# ജീവകാരുണ്യ പ്രവർത്തനത്തിന്റെ മുഖം: ഫോമാ കേരളാ കൺവൻഷന്റെ താരമായി പീറ്റർ കുളങ്ങര

**അനിൽ പെണ്ണുക്കര**

കോട്ടയം: ഫോമാ കേരളാ കൺവൻഷൻ കോട്ടയം വിൻഡ്സർ കാസിൽ ഹോട്ടൽ ഓഡിറ്റോറിയത്തിൽ നടക്കുമ്പോൾ താരമായി മാറിയ ഒരാളുണ്ട്- പീറ്റർ കുളങ്ങര. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അമേരിക്കയിലും കേരളത്തിലും തന്റേതായ രീതികൾ അവലംബിക്കുകയും അതിന് ഒരു തുടർച്ച ഉണ്ടാക്കുകയും ചെയ്ത പീറ്റർ കുളങ്ങര ഫോമായുടെ പിൻബലത്തോടെയും തന്റെ വ്യക്തിബന്ധം ഉപയോഗിച്ചും സ്പോൺസർമാരെ കണ്ടെത്തുകയും ആ ഉത്തരവാദിത്വം ഏറ്റെടുത്ത് അർഹിക്കുന്ന കൈകളിലേക്ക് അത് എത്തിക്കുകയും ചെയ്ത ദിവസം കൂടിയായിരുന്നു അത്.

ഫോമായുടെ നേതൃത്വത്തിൽ കഴിഞ്ഞവർഷം സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഭിന്നശേഷിക്കാരനായ ഒരു വിദ്യാർത്ഥിക്ക് വീൽചെയർ നല്കിയിരുന്നു. ആ വിദ്യാർത്ഥി പഠനമികവിൽ മുൻപന്തിയിലെത്തുകയും ഈ വർഷം ഉന്നതപഠനത്തിനായി കോളജിൽ ചേരുകയും ചെയ്തു. കോളജിൽ പോകുന്നതിനായി ആ വിദ്യാർത്ഥിക്ക് മുച്ചക്ര സ്കൂട്ടർ നല്കിയപ്പോൾ ആ നിമിഷത്തെ ഹർഷാരവത്തോടെയാണ് സദസ്സ് സ്വീകരിച്ചത്. കണ്ണിന് കാഴ്ച നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്തതിലും പുതുമ നിലനിർത്തി. അമേരിക്കയിൽ നിന്നും ടെക്നിക്കൽ ക്വാളിറ്റിയുള്ള കൂടുതൽ ലാപ്ടോപ്പുകളാണ് വിദ്യാർത്ഥികൾക്കായി നല്കിയത്.

സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി ഭിന്നശേഷിയുള്ള സ്ത്രീകൾക്ക് ഉപയോഗിക്കാവുന്ന തയ്യൽ മെഷീൻ നല്കുക വഴിയും സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെടുന്നവരെ തന്റെ പ്രവർത്തനങ്ങൾക്ക് ഒപ്പം കൂട്ടുവാൻ അദ്ദേഹത്തിന് സാധിക്കുന്നത് ചെറിയ കാര്യമല്ല. കഴിഞ്ഞ കുറേ വർഷങ്ങളായി ഭിന്നശേഷി വിദ്യാർത്ഥികൾ, എൻഡോസൾഫാൻ മേഖലയിലെ ദുരിതമനുഭവിക്കുന്ന വിദ്യാർത്ഥികൾ എന്നിവർക്കായി നല്കിയ നൂറുകണക്കിന് വീൽചെയറുകൾ, ഹിയറിംഗ് എയ്ഡുകൾ എല്ലാം പീറ്റർ കുളങ്ങരയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നല്കിയിട്ടുള്ളത്. ഇനിയും ആവശ്യമുള്ളവർക്ക് ബന്ധപ്പെടാമെന്നും അവർക്കായി വേണ്ടതെല്ലാം നല്കാമെന്ന ഉറപ്പും ആ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഉപഭോക്താക്കൾക്കും വലിയ ആശ്വാസമാണ് നല്കിയത്. നിലവിൽ സ്പോൺസർമാരായിരുന്ന എല്ലാവരേയും വേദിയിലേക്ക് ക്ഷണിക്കുകയും പരിചയപ്പെടുത്തുകയും ചെയ്തതും ഭാവിയിൽ ഈ പ്രവർത്തനങ്ങൾക്ക് സഹായം നല്കാൻ സാദ്ധ്യതയുള്ളവരെ 'ഫ്യൂച്ചർ സ്പോൺസർ' എന്ന് സംബോധന ചെയ്ത് വേദിയിലേക്ക് ക്ഷണിച്ചതും അദ്ദേഹത്തിന്റെ സംഘാടനശേഷിയുടെ പ്രത്യേകതയായി.

അമേരിക്കൻ മലയാളികൾക്ക് ഏറ്റവും സുപരിചിതനായ സാമൂഹിക ജീവകാരുണ്യ മേഖലയിലെ സജീവ പ്രവർത്തകനാണ് പീറ്റർ കുളങ്ങര. ഒട്ടനേകം അമേരിക്കൻ മലയാളി സംഘടനകളിൽ നിറസാന്നിദ്ധ്യമായ അദ്ദേഹം ചിക്കാഗോ കെസിഎസിന്റെ ട്രഷറർ, വൈസ് പ്രസിഡണ്ട്, കെസിസിഎൻഎയുടെ ആർവിപി, മിഡ്വെസ്റ്റ് മലയാളി അസോസിയേഷൻ ആദ്യകാല ചെയർമാൻ, പിന്നീട് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തനം കാഴ്ചവെച്ചു. തുടർന്ന് ഫോമാ ആർവിപി, നാഷണൽ കൗൺസിൽ മെംബർ, ഫോമാ അഡ്വൈസറി ബോർഡ് വൈസ് ചെയർമാൻ, ഫോമാ ഹൗസിംഗ് പ്രൊജക്ട് മെംബർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. സംഘടനകളുടെ സാമൂഹിക, മാനവിക പ്രവർത്തനങ്ങളിൽ അത്രത്തോളം പ്രതിബദ്ധനായ പീറ്റർ കുളങ്ങര ഇത്തവണത്തെ കേരള കൺവൻഷന്റെ ചെയർമാനായപ്പോൾ അത് ഫോമായ്ക്ക് ഒരു മുതൽക്കൂട്ടായി എന്നത് സത്യം.

ജീവിതത്തിൽ ഒറ്റപ്പെട്ടു പോകുന്ന മനുഷ്യരെ, സമൂഹം അവഗണിക്കുന്നവരെ ഇനിയും ചേർത്തു നിർത്തുക - അഭിനന്ദനങ്ങൾ!

























Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**